# ആശാനും മലയാളഭാഷയും

K. N. Raman, III B. A.

“ആരും തോഴിയുലകിൽ മറയുന്നില്ല ദേഹം വെടിഞ്ഞാൽ
തീരുന്നില്ലീ പ്രണയജഡിലം ദേഹിതൻ ദേഹബന്ധം”

എന്ന രണ്ടു വരികൾ വായിക്കുമ്പോൾ പാട്ടിന്റെ ഈണത്തിൽ വെറുതെയങ്ങു വായിച്ചുപോകാനല്ല, സ്വല്പനേരം നിന്നു ചിന്തിക്കാനാണ് തോന്നിപ്പോവുക. ആശാനെ സംബന്ധിച്ചേടത്തോളം അദ്ദേഹം ഒരു ചിന്തിക്കുന്ന കവിയായിരുന്നുവെന്നു പറഞ്ഞാൽ തെറ്റില്ല. ആശയഗാംഭീര്യമുള്ള അദ്ദേഹത്തിന്റെ കാവ്യങ്ങൾ മലയാളഭാഷയിൽ ഒരു പുതിയ പന്ഥാവ് വെട്ടിത്തുറന്നു. അനുകരണങ്ങൾ പലതുമുണ്ടായെങ്കിലും അനുകരിക്കുന്നതിനെ അതിശയിക്കുന്നവയായിട്ടൊന്നുമുണ്ടായിട്ടില്ല. രൂപത്തേയും, ഭാവത്തേയും ഒരുപോലെ അനുകരിക്കാൻ ആർക്കും കഴിഞ്ഞിട്ടില്ല. അതുതന്നെയാണ് ആശാന്റെ കാവ്യങ്ങൾക്കുള്ള മൂല്യവും.

“മലയാളകവിതയുടെ ആധുനികതയിലേക്കുള്ള വളർച്ചയിൽ അതിനു ഹസ്താവലംബം നല്കി വഴികാണിച്ച കവികളിൽ പ്രഥമഗണനീയനാണ് കുമാരനാശാൻ” (ശ്രീ പി. കെ. പരമേശ്വരൻനായർ). അതുവരെ സംസ്കൃതമായിരുന്നു ഭാഷയ്ക്കു വഴികാണിച്ചിരുന്നത്. “നഗരാർണ്ണവശൈലർത്തു”ക്കളുടെ വർണ്ണനകൊണ്ടു മാത്രം കുറെപ്പേർ മഹാകവികളായിട്ടുണ്ട്. ആ നിയമം അതിലംഘിക്കാൻ അവർ തയ്യാറായിരുന്നില്ല. ആവേശം തന്നിരുന്ന സംസ്കൃതഭാഷയാണെന്നു വെച്ചാൽ മൃതഭാഷയും. ഇന്ന് കവിതയ്ക്കു കൂമ്പടഞ്ഞിരിക്കുന്നുവെന്ന പ്രസ്ഥാനത്തിനു ശക്തി കൂടിയിട്ടുള്ളതുപോലെ അന്നു ഭാഷയ്ക്കു കൂമ്പടഞ്ഞുവെന്ന പ്രസ്ഥാനം വളരുകയുണ്ടായില്ല. കാരണം ആശാനും അദ്ദേഹത്തിന്റെ ഖണ്ഡകാവ്യങ്ങളും തന്നെ. ഇംഗ്ലീഷു ഭാഷാ പരിചയവും ബംഗാളി ഭാഷാ പഠനവും ആശാനെ പുതിയ ചിന്തകളിലേക്കും ആശയങ്ങളിലേക്കുമെത്തിച്ചു. കൊല്ലവർഷം 1070 മുതൽ 1075 വരെ ബാംഗളൂർ സർവ്വകലാശാല, മദ്രാസ്, കൽക്കത്ത എന്നിവിടങ്ങളിൽ ജ്ഞാനതൃഷ്ണാശമനത്തിനുവേണ്ടി സഞ്ചരിച്ച ആശാൻ തിരുവിതാംകൂറിലേക്കു മടങ്ങുമ്പോൾ തികച്ചും ഒരു പരിഷ്കൃതാശയനായിരുന്നു. “ആദ്യകാലത്തു തന്നെ ഉറച്ചുവന്നിരുന്ന പൌരസ്ത്യതത്വചിന്തയുടെ അടിസ്ഥാനത്തിന്മേൽ ബാംഗളൂരിലേയും കൽക്കത്തയിലേയും അന്തരീക്ഷം സൃഷ്ടിച്ച അഭിനവവിജ്ഞാനപാളികൾ ആ ഭാവനാകുശലന്റെ പ്രതിഭയിൽ രജതരേഖകൾ ചാർത്തിത്തുടങ്ങിയിരുന്നു” (ശ്രീ പി. കെ. പി. നായർ). ശ്രീ നാരായണഗുരുവുമായുള്ള സമ്പർക്കം അദ്ദേഹത്തെ സമുദായസേവനപഥത്തിലേക്ക് തിരിച്ചുവിട്ടു. 1078-ൽ സ്വാമിജി സ്ഥാപിച്ച എസ്. എൻ. ഡി. പി. യോഗത്തിന്റെ സാരഥ്യം വഹിച്ചിരുന്നത് ആശാനും അദ്ദേഹത്തെപ്പോലുള്ള ചൊരചൊരക്കുള്ള യുവാക്കളുമായിരുന്നു. അങ്ങിനെ അഞ്ചെട്ടു സംവത്സരക്കാലം അദ്ദേഹത്തിന്റെ കവിത പ്രത്യക്ഷരൂപമൊന്നും കൈക്കൊള്ളുകയുണ്ടായില്ല.

പ്രതിഭാശാലിയായ ആശാനിൽ തത്വചിന്തയുടേയും ഭക്തിയുടേയും വിത്തുകൾ പാകാൻ സ്വാമിജിയുമായുള്ള സമ്പർക്കം ഉതകിയിട്ടുണ്ട്. പഴയ നിയമങ്ങളിൽനിന്നെല്ലാം വ്യതിചലിച്ചുപോകുന്നതിന്റെ പ്രത്യക്ഷലക്ഷണമെന്നോണം ആദ്യം പുറത്തുവന്ന കൃതിയാണ് “വീണ പൂവ്.” അതിന്റെ പിന്നിൽ വിശാലമായ ഒരു പ്രതിഭയും ഉൽക്കടമായ അനുഭൂതികളെ പ്രകടിപ്പിക്കുന്ന മനോഹരമായ വാഗ്ധാരയുമുണ്ടായിരുന്നു. ആംഗലഭാഷാ കവികളായ കീറ്റ്സിന്റെയും,

ഷെല്ലിയുടേയും സ്വാധീനശക്തി വീണപൂവിൽ അവിടവിടെ കാണാവുന്നതാണ്. ആശാനിൽ കൂടി വളരുന്ന ഒരു നൂതനപ്രവണതയെ അതു് വിളംബരം ചെയ്തു.

അതിനു തൊട്ടുമുമ്പു് മാത്രമാണ് എ. ആർ. രാജരാജവർമ്മ ഒരു ഭാഗത്തും അദ്ദേഹത്തിന്റെ ഇഷ്ടമാതുലൻ കേരളവർമ്മ വലിയ കോയിത്തമ്പുരാൻ മറുഭാഗത്തുമായി സാഹിത്യാന്തരീക്ഷത്തെ ശബ്ദായമാനമാക്കിയ ദ്വിതീയാക്ഷരപ്രാസവാദം നടന്നതു്. കവിതയിൽ സാങ്കേതികനിയമങ്ങളുടെ പരിരക്ഷണത്തിനും, ശാബ്ദികമായ അലങ്കാരധോരണികൾക്കും വേണ്ടി കേരളവർമ്മ വലിയ കോയിത്തമ്പുരാൻ തീവ്രമായി വാദിച്ചു. എന്നാൽ ഉല്പതിഷ്ണുക്കളുടെ വാദഗതിക്കു് നേതൃത്വം നല്കി വിജയം നേടിയതു് ഏ. ആർ. ആയിരുന്നു. മലയാളത്തിൽ നടപ്പുണ്ടായിരുന്ന മഹാകാവ്യങ്ങളിലും, നാടകങ്ങളിലും, ശബ്ദാലങ്കാരപകിട്ടുകളും അർത്ഥപരമായ കൃത്രിമമോടികളും സ്ഥലം പിടിച്ചു് അവയ്ക്കൊരു നിർജ്ജീവതയാണുണ്ടാക്കിയിരുന്നതു്. പഴയ കവിതയുടെ വൈകല്യങ്ങളെ ചൂണ്ടിക്കാണിക്കാൻ ഏ. ആർ. പ്രേരിപ്പിക്കപ്പെടുകയും അദ്ദേഹം അവയെ നിശിതമായാക്ഷേപിക്കുകയും നൂതനസരിണികളിലേക്കു് വഴികാട്ടുകയും ചെയ്തു. ഈ ഒരു പ്രവൃത്തിയാണ് ആശാനെയും, രാജരാജവർമ്മയേയും കൂടുതൽ അടുപ്പിച്ചതു്. പണ്ഡിതനും, സാഹിത്യശാസ്ത്രനിപുണനുമായ ഏ. ആറിന്റെ സമ്പർക്കം ആശാനൊരനുഗ്രഹമായിരുന്നു.

''വീണ പൂവിൽ'' കവിത കണ്ട ആശാൻ 1087-മാണ്ടോടുകൂടി മനുഷ്യകഥയിലേക്കു കടന്നു. അദ്ദേഹത്തിന്റെ ''നളിനി''യാണ് മലയാളഭാഷയിൽ ഖണ്ഡകാവ്യപ്രസ്ഥാനത്തിന്റെ ഉൽഘാടനം നിർവ്വഹിച്ചതു്. ആവശ്യമുള്ള വർണ്ണനകൾ മാത്രമേ അതിലുള്ളൂ; ആ പ്രേമം ദിവ്യവും. ദ്യോവിനെയും ഭൂവിനെയും കൂട്ടിച്ചേർക്കുന്ന മഹത്തരമായ ആ പ്രേമം ആശാന്റെ കവിതയ്ക്കുള്ള ഒരു പ്രത്യേകതയാണ്. സന്യാസിയിൽനിന്നുടലെടുത്തു് സന്യാസിയിൽത്തന്നെ പര്യവസാനിക്കുന്ന ആ കഥ ഈ ഭൂമിയിൽ സംഭവിക്കാവുന്നതാണ്. ആർഷഭാരതത്തിന്റെ പൊയ്പോയ നൂററാണ്ടുകളിൽ അങ്ങിനെ പലതും സംഭവിച്ചിരിക്കും. ശ്രീ പി. കെ. പരമേശ്വരൻനായരുടെ ഭാഷയിൽ പറയുകയാണെങ്കിൽ ''പച്ചശൃംഗാരത്തിന്റെ വരുപ്പൻവർണ്ണനകൾകൊണ്ടു മുരടിച്ചുതുടങ്ങിയിരുന്ന മലയാളകവിതയിൽ പാവനപ്രേമത്തിന്റെ മധുരിമ പകന്ന ഒരു കവനതല്ലജമാണ് 'നളിനി.' തത്വചിന്താനിർഭരവും ശോകമധുരവുമായ അതിന്റെ ഗാനാത്മകത മലയാളത്തിൽ അഭൂതപൂർവ്വമായിരുന്നു..''

അടുത്ത കൊല്ലം ''ലീല''യുടെ പ്രസിദ്ധീകരണമുണ്ടായി. എല്ലാംകൊണ്ടും നളിനിയുടെ അനുജത്തിയായിരുന്നു ലീല. ''ലൈലാമജ്നു''വെന്ന പാരസിക കഥയിലെ കഥാതന്തുവിനോടു് ലീലയിലെ കഥക്കും കുറെയൊക്കെ അടുപ്പമുണ്ടാകും. പക്ഷെ രണ്ടും രണ്ടാണ്; കഥാനായകനു് സാമ്യമുണ്ടെങ്കിലും കഥാനായികകൾക്കില്ല. ഭാരതത്തിൽ ജനിച്ചുവളർന്ന ലീല മാതാപിതാക്കളെ അനുസരിക്കേണ്ടതു് ഒരു കർത്തവ്യമായിക്കാണുമ്പോൾ മണലാരണ്യത്തിന്റെ ഗാംഭീര്യമുള്ള ലൈലക്കു് അങ്ങിനെ തോന്നുന്നില്ല. ലൈലയുടെ ചുണ്ടുവിരലിനു മുമ്പിൽ പുതിയ ഭർത്താവു് വഴുതിപ്പോകുന്നു. എന്നാൽ ലീലയുടെ ചുണ്ടുവിരൽ അനങ്ങുന്നില്ല. ഹൃദയഭിത്തികൾക്കുള്ളിൽ വീർപ്പുമുട്ടുന്ന ആ പ്രേമം സ്ത്രീസഹജമായിരുന്നു; ആ അതിർത്തി വിട്ടൊട്ടു പോകുന്നുമില്ല.

'' പഴകിയ തരുവല്ലി മാററിടാം
പുഴയൊഴുകും വഴി വേറെയാക്കിടാം
കഴിയുമിവ, മനസ്വിമാർ മന-
സ്സൊഴിവതശക്യമൊരാളിലൂന്നിയാൽ ''

ആ ഗുണം ലൈലയ്ക്കുണ്ട്. സമ്മതിക്കാതെ തരമില്ല. പക്ഷെ ലീല ഒട്ടും പിന്നിലല്ല. ഭാരതത്തിന്റെ അന്തരീക്ഷത്തിന് ലൈലയിലെ കഥ പററുകയില്ല, ലീലയാണ് യോജിപ്പ്. മഹാന്മാരായ കവികൾ ഒരുപോലെ ചിന്തിച്ചുപോകാറുണ്ടെന്ന് എവിടെയോ വായിച്ചതായോർക്കുന്നു. അപ്പോൾ ഈ രണ്ട് അപൂർവ്വകൃതികളുടെ നിർമ്മാതാക്കളെയോർത്ത് അത്ഭുതപരതന്ത്രരാകേണ്ടതില്ല.

ലീലയിൽ ശോകം കൂടുതൽ ഹൃദയസ്പൃക്കാണ്. കരുണരസത്തോടു കലർന്ന തത്വചിന്ത ശോകച്ഛായയിൽ കൂടുതൽ മിഴിവുള്ളതായിത്തീരുന്നു. നളിനിയും ലീലയും യാഥാസ്ഥിതികന്മാരെ വിറളി പിടിപ്പിച്ചുവെങ്കിലും സാഹിത്യത്തിൽ ആശാനൊരു വിലയും നിലയും അവ നേടിക്കൊടുത്തു.

“കവി പരിതസ്ഥിതികളുടെ സൃഷ്ടിയാണെന്നു പറയാറുണ്ട്. എസ്. എൻ. ഡി. പി. യോഗം കാര്യദർശിയായിരുന്നപ്പോൾ ആശാന് സാമൂഹ്യമായ ഉച്ചനീചത്വങ്ങളോട് എതിരിടേണ്ടിവന്നു. ഈഴവസമുദായത്തിന്റെ രാഷ്ട്രീയവും സാമൂഹ്യവുമായ അസ്വാതന്ത്ര്യങ്ങൾക്കും അവശതകൾക്കും എതിരായി സമരം നടന്നുകൊണ്ടിരുന്നു. ‘ക്രാന്തദർശിയും സ്നേഹഗായകനുമായ’ കവിയുടെ കവനങ്ങൾ എതിർപ്പിന്റെ പ്രതിധ്വനികൾ മുഴക്കിയത് സ്വാഭാവികം മാത്രമാണ്. ‘വീണപൂവും’ ‘നളിനി’യും ‘ലീല’യും രൂപമെടുത്തത് ഈ പരിതസ്ഥിതികൾക്കു മുൻപാണ്. ജാതിയുടെ പേരിൽ നിലനിന്നിരുന്ന സ്പർദ്ധ ആശാനെ അത്യധികം വേദനിപ്പിച്ചു. സാമൂഹ്യ പരിഗണനകളിലേക്കും, ഭൌതികചിന്തയിലേക്കും ആശാനെ തിരിച്ചുവിടാൻ ഈ അനാചാരങ്ങൾക്കു കഴിഞ്ഞു. ആശാന്റെ ജീവിതവീക്ഷണം സ്വല്പമൊന്ന് സങ്കോചിച്ചെങ്കിലും യാഥാർത്ഥ്യത്തോട് കുറച്ചുകൂടി അടുക്കുകയാണുണ്ടായത്.

മാപ്പിളലഹളയെ പശ്ചാത്തലമാക്കിക്കൊണ്ട്, സമുദായത്തിലെ ഉയർന്ന തലത്തിലുള്ള നമ്പൂതിരിസ്ത്രീയേയും താണ തലത്തിലുള്ള പുലയനേയുംകൂട്ടി ഘടിപ്പിച്ചുകൊണ്ട് ആശാൻ കവനം ചെയ്ത “ദുരവസ്ഥ” ഈ വഴിത്തിരിവിനെ കാണിക്കുന്നു. യാഥാസ്ഥിതികന്മാരെ ഇത്രയധികം ക്ഷോഭിപ്പിച്ച ഒരു കൃതി അതിനു മുമ്പ് മലയാളത്തിലുണ്ടായിട്ടില്ല. “ചണ്ഡാലഭിക്ഷുകി”യിലെ ഇതിവൃത്തവും ജാതിയെ സ്പർശിച്ചുകൊണ്ടുള്ളതായിരുന്നു. രണ്ടായിരത്തി അഞ്ഞൂറ് കൊല്ലങ്ങൾക്കു മുമ്പ് ഒരു ചണ്ഡാലതരുണി, വഴിയെ പോയ ബുദ്ധഭിക്ഷു ആനന്ദനിൽ ജീവിതസാക്ഷാത്കാരം കാണുകയും, അവനെ അന്വേഷിച്ച് ബുദ്ധവിഹാരത്തിലെത്തുകയും ചെയ്യുന്നു. കഥ നടക്കുന്നത് ഹിന്ദുമതം അനാചാരങ്ങളുടെ കൂത്തരങ്ങായിരുന്ന കാലഘട്ടത്തിലാണെന്നോർക്കണം. സ്ഥലമോ ഉത്തരേന്ത്യയും. ചണ്ഡാലബാലികയെ ബുദ്ധവിഹാരത്തിൽ ഭിക്ഷുണിയാക്കിയെന്നറിഞ്ഞ രാജാവ് ക്രുദ്ധനായെത്തുന്നു. ബുദ്ധഭഗവാൻ രാജാവിന്റെ അജ്ഞാനം നീക്കി സാന്ത്വനപ്പെടുത്തി അയക്കുന്നു. സ്നേഹത്തിന്റെയും സമത്വത്തിന്റെയും സന്ദേശമാണ് ഈ കവിതയ്ക്ക് നല്കാനുള്ളത്.

“കരുണ”യിൽ ആശാന്റെ മനോവൃത്തി വ്യത്യസ്തമായിട്ടല്ലേ കാണുന്നതെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. കൂടുതൽ അഗാധമായ ജീവിതനിരീക്ഷണവും സാന്മാർഗ്ഗികപ്രചോദനവും അതിൽക്കാണാം. ഒരുപക്ഷെ ജാതിസ്പർദ്ധ കുറെയൊക്കെ ശമിച്ചപ്പോൾ സാമൂഹ്യപ്രശ്നങ്ങളേക്കാൾ സാന്മാർഗ്ഗികപ്രശ്നങ്ങളാണ് കൈകാര്യം ചെയ്യേണ്ടതെന്ന് ആശാന് തോന്നിയിരിക്കാം. ഒരു വേശ്യക്ക് ദിവ്യമായ പ്രേമത്തോട് ദാഹം തോന്നുന്നതാണ് ഇതിലെ പ്രതിപാദ്യവിഷയം. സഹൃദയബന്ധത്തേക്കാൾ കൂടുതൽ സൂക്ഷ്മവും ദുരവഗാഹവുമായ ഒരു പ്രേമബന്ധത്തെയാണ് ആശാൻ

ഇവിടെ ചിത്രീകരിക്കുന്നത്. 'ചണ്ഡാലഭിക്ഷുകി'യിൽനിന്നും 'ദുരവസ്ഥ'യിൽനിന്നും വളർന്ന് ആശാൻ 'കരുണ'യിലെത്തുമ്പോഴേക്ക് മലയാളഭാഷയിലെ പുതിയ വഴിത്തിരുവിന് വളർച്ചയും വികാസവും നല്കിക്കഴിഞ്ഞിരുന്നു.

പുരാണകഥാവസ്തുവെയെടുത്ത് കൈകാര്യം ചെയ്യുമ്പോൾ അതിന്നൊരു നൂതനരൂപവും, പുതുജീവനും കൊടുക്കുന്നതിൽ ആശാൻ ശ്രദ്ധിക്കുന്നുണ്ട്.

'ഒരു നിശ്ചയമില്ലയൊന്നിനും
വരുമോരോദശ വന്നപോലെ പോം
വിരയുന്നു മനുഷ്യനെന്തിനോ
തിരിയാ ലോകരഹസ്യമാർക്കുമേ'

എന്ന് ചിന്തിക്കുന്ന സീത, വാല്മീകിയുടെ സീതയിൽനിന്നും തികച്ചും വ്യത്യസ്തയാണ്. 'ചിന്താവിഷ്ടയായ സീത' എന്ന നാമകരണം ഈ കൃതിയെ സംബന്ധിച്ചേടത്തോളം അന്വർത്ഥമാണ്. ഉത്തരരാമചരിതത്തിലെ സീത ഒരിക്കലും ഇങ്ങിനെ ചിന്തിക്കാൻ മെനക്കെടുന്നില്ല. തൻെറ മക്കൾ അയോദ്ധ്യയിലെത്തിയിരിക്കാവുന്ന സന്ദർഭത്തിൽ, ഏകാന്തമായ ആ ചുറ്റുപാടുകളിൽ വെച്ച് കഴിഞ്ഞ കാലത്തെക്കുറിച്ചും, ഉപേക്ഷിച്ചുപോയ ഭർത്താവിനെക്കുറിച്ചും ചിന്തിക്കാൻ സീതക്ക് ഒരു സന്ദർഭം കിട്ടുകയാണ് ചെയ്യുന്നത്. ആ സന്ദർഭം ശരിക്ക് ഉപയോഗപ്പെടുത്തിയ ആശാൻെറ സീത ഒരു സാധാരണക്കാരിയാണ്; അവരിൽ ദേവത്വം ആരോപിക്കേണ്ടതില്ല. സീതയുടെ ചിന്ത കര കടന്നുപോയിട്ടില്ല എന്നു ചില നിരൂപകന്മാർക്കഭിപ്രായമുണ്ട്. ആ സന്ദർഭത്തെ ഔചിത്യപൂർവ്വം നോക്കിക്കാണുന്ന നിഷ്പക്ഷമതികൾക്ക് ആശാൻെറ സീതയോട്ട് ബഹുമാനമേ തോന്നൂ. പുരാണേതിഹാസങ്ങളിൽനിന്ന് ഇതിവൃത്തമെടുത്ത് പലരും മലയാളത്തിൽ കൈകാര്യം ചെയ്തിട്ടുണ്ട്. ഉള്ളൂരിൻെറ 'കർണ്ണഭൂഷണ'വും, വള്ളത്തോളിൻെറ 'അച്ഛനും മകളും' അത്തരത്തിൽപ്പെട്ട ഹൃദയഹാരികളായ കൃതികളാണ്. പക്ഷെ ആശാൻെറ 'ചിന്താവിഷ്ടയായ സീത'യിലെ മനോഹരചിന്ത, അഗാധമായ ചിന്ത അവയിലൊന്നിലും കണികാണുവാൻപോലും കിട്ടുകയില്ല. അവിടെയാണ് ആശാൻെറ വ്യക്തിത്വം സ്പഷ്ടമായിക്കാണുന്നത്.

"പ്രരോദന'ത്തെപ്പറ്റി പറയാത്ത ആശാൻെറ കൃതികളെപ്പററിയുള്ള ചർച്ച അപൂർണ്ണമാണ്. താൻ ആരാധിച്ചിരുന്ന ഒരു വ്യക്തി, തനിക്ക് ഉപദേശങ്ങളും സഹായങ്ങളും നല്കിപ്പോന്ന ഒരു സുഹൃത്ത്, പാണ്ഡിത്യത്തിൽ ഒരു ഗുരുനാഥൻ എന്നിവരെല്ലാം ഏ. ആർ. രാജരാജവർമ്മയുടെ ചരമത്തിൽ ആശാന് നഷ്ടപ്പെട്ടു. ആ അവസരത്തിൽ ആശാൻ തിരുവനന്തപുരത്തുണ്ടായിരുന്നില്ല. പല പത്രങ്ങളും മാസികകളും ചരമകാവ്യങ്ങൾക്കായി ആശാനെ സമീപിച്ചു. ആശാന് ഒന്നും എഴുതാൻ കഴിഞ്ഞില്ല. അവസാനം ആ ശോകം അണപൊട്ടി ഒഴുകുകയും പ്രരോദനത്തിൻെറ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തു. ഏങ്ങലുകളും, തേങ്ങലുകളും കേൾക്കാമെങ്കിലും പൊട്ടിക്കരയാത്ത ഒരന്തരീക്ഷമാണതിനുള്ളത്. ഉന്നതമായ ചിന്ത അതിലുടനീളം പ്രകാശിച്ചു കാണാം. കരച്ചിലിനു വേണ്ടിയുള്ള കരച്ചിലല്ല, വിജ്ഞാനത്തിലടിയുറച്ച ചിന്തയാണ് "പ്രരോദനം" കൈകാര്യം ചെയ്യുന്നത്. 'കഷ്ടം സ്ഥാനവലിപ്പമോ' എന്നു തുടങ്ങുന്ന ശ്ലോകം ലോകത്തിനു മുമ്പാകെ ആശാൻ വെക്കാനുള്ള ഒരു സാമാന്യപ്രശ്നമാണ്. മലയാളസാഹിത്യത്തിലെ വിലാപകാവ്യങ്ങൾക്കൊരു വഴികാട്ടിയാണ് ചിന്താസുന്ദരമായ 'പ്രരോദനം.'

വള്ളത്തോളിന്റെ കവിതകൾക്കുള്ള ലാളിത്യമൊ, പ്രസാദമൊ, ഉള്ളൂരിന്റെ കവിതകൾക്കുള്ള പുരാണപരാമർശങ്ങളൊ, സ്ഥൂലമായ വർണ്ണനകളൊ ഒന്നും ആശാന്റെ കവിതയിൽ കണ്ടെന്നു വരില്ല. അതുകൊണ്ടുതന്നെയായിരിക്കാം ആശാൻ എല്ലാവരും ഇഷ്ടപ്പെടുന്ന കവിയാകാത്തത്. ആശാന്റെ കൃതികൾ മനസ്സിലാക്കാൻ അല്പം പ്രയാസപ്പെടണം. പ്രയാസപ്പെട്ടാലൊ അതിനു മാത്രം പ്രയോജനമുണ്ടുതാനും. ആ കവിതാപാരാവാരത്തിൽ മുങ്ങിത്തപ്പിയാൽ മുത്തുച്ചിപ്പികളും രത്നങ്ങളും കിട്ടും. മുകളിൽക്കിടന്നു് നീന്തിയാൽ ഉപ്പുവെള്ളത്തിന്റെ നീറലേ അനുഭവപ്പെടൂ. ചങ്ങമ്പുഴക്കവിതകളും, ആശാന്റെ കവിതകളും എടുക്കുക. ഒന്നിൽ ബാഹ്യമോടിയും മററതിൽ ആന്തരീയസൌന്ദര്യവും ദർശിക്കാം. ചിന്തിക്കാനിഷ്ടമില്ലാത്തവർക്കൊരു താക്കീതാണ് ആശാന്റെ കവിത. ആ കവിതകളോടടുത്താലോ അവ നിങ്ങളോടലിഞ്ഞുചേരും.

ആശാൻ ഒരു വിഷാദാത്മകനാണോ? വിഷാദാത്മകനാണാശാൻ എന്നു പറയാൻമാത്രം തെളിവുകളില്ല. നിരാശ നിഴലിക്കുന്ന കൃതികൾ ആശാനെഴുതിയിട്ടില്ല. ‘നളിനി’യും ‘ലീല’യും ദുഃഖപര്യവസായികളാണെങ്കിലും അവ വിഷാദാത്മകതയിലേക്കല്ല വായനക്കാരനെ കൊണ്ടുവിടുന്നതു്. ‘കരുണ’ ഏററവുമധികം വിഷാദാത്മകമാണെന്നു പറഞ്ഞേക്കാം. പക്ഷെ അവസാനത്തിൽ ബുദ്ധഭിക്ഷു ഉപഗുപ്തനെ രംഗത്തിലാനയിക്കുന്ന ആശാൻ വിഷാദാത്മകതയെ തുരത്തിക്കളയുകയാണ് ചെയ്യുന്നതു്. കരുണരസവും ശോകരസവും കൈ കോർത്തുപിടിച്ചു പോകുമ്പോൾ നിരാശ വഴിമുടക്കുന്നില്ല. മനുഷ്യനെക്കൊണ്ടു് മാനുഷികമൂല്യങ്ങളെ വിലമതിക്കാൻ പ്രേരിപ്പിക്കുന്ന ഒരടിയൊഴുക്കാണ് ആശാന്റെ കൃതികളിലുള്ളതു്. അതും വിഷാദവും രണ്ടും രണ്ടാണ്.

പല്ലനയാർ ബോട്ടപകടത്തിൽ അകാലനിര്യാണമടഞ്ഞ ആ മഹാകവി കുറച്ചുകാലംകൂടി ജീവിച്ചിരുന്നെങ്കിൽ എന്നു് ഏതു കേരളീയനും ആശിച്ചുപോകുന്നതു് സ്വാഭാവികം മാത്രമാണ്. കൈരളിക്കു നേരിട്ട ഒരു തീരാത്ത നഷ്ടമാണതു്. കവിത ആശാന്റെ കാലത്തിൽനിന്നും ‘ജി’യുടേയും ‘ശ്രീ’യുടേയും കാലത്തോളം വളർന്നിരിക്കുന്നു. ആ വളർച്ചക്കു പിന്നിൽ ആശാന്റെ കവിതകൾക്കും ഒരു സ്വാധീനതയുണ്ടായിരുന്നുവെന്നതാണ് പരമാർത്ഥം. അങ്ങിനെ മലയാളസാഹിത്യലോകത്തിൽ ആശാൻ എന്നുമെന്നും ജീവിക്കും. ആ ‘സ്നേഹഗായകനെ’ നമ്മൾ മറക്കാതിരിക്കുക. ‘കൃതികൾ മനുഷ്യകഥാനുഗായികളാ’ണെന്നു് ഉറന്നുപറഞ്ഞ ആ മനുഷ്യസ്നേഹിയെ നമ്മൾ മാനിക്കുക.

‘മാററുവിൻ ചട്ടങ്ങളെ സ്വയമല്ലെങ്കിൽ
മാററുമതുകളീ നിങ്ങളെത്താൻ’

എന്നു് ഉച്ചൈസ്തരം ഉൽഘോഷിച്ച ആശാനിലെ വിപ്ലവകാരിയെ നമ്മൾ ആദരിക്കുക.

# കാടു കയറുന്ന കല.

ഇ. വാസു, III B. A.

“Poets are the unacknowledged legislators of the world” എന്നു പറഞ്ഞപ്പോൾ ഷെല്ലിക്കു് കലാകാരന്മാരെപ്പററി വലിയ പ്രതീക്ഷകളുണ്ടായിരുന്നെന്നു തോന്നുന്നു. പക്ഷെ അതൊരു വ്യാമോഹം മാത്രമല്ലെ? സ്പെൻസർ മുതൽ ഡ്രൈഡൻ വരെയുള്ള വമ്പൻ കവികളെല്ലാം തെളിയിക്കുന്നതു് “ഞങ്ങളെ വിശ്വസിച്ചുപോകരുതു്, ബഹുജനങ്ങളേ! ഞങ്ങളെ മാത്രം!” എന്നാണു്. അവരുടെ കൂടെ നടന്നാൽ ഏതെല്ലാം ഏടാകൂടങ്ങളിലാണു് നാം ചെന്നു ചാടുക! അപ്പോൾ പിന്നെ ഓസ്കാർ വൈൽഡിനെപ്പോലെ സമാധാനിക്കുകയാണു് നല്ലതെന്നു തോന്നും. “All art is quite useless”.

## വിശപ്പിന്റെ തത്വശാസ്ത്രം.

പക്ഷെ ജീവിതം നേരിടേണ്ട ഒരനുഭവമാണെന്നു വിശ്വസിക്കുന്ന മനുഷ്യർ,—ഓസ്കാർ വൈൽഡുമാരേ, നിങ്ങളുടെ ഉദ്യോഗം!—കൂടുതൽ കാമ്യമായ ഒരു വ്യവസ്ഥിതി അസാദ്ധ്യമല്ലെന്നു് കണ്ടുപോയ ഒരുകൂട്ടർ എവിടെയുമുണ്ടു്. അവർ സമ്മതിക്കില്ല. “കപടലോകത്തിലാത്മാർത്ഥമായൊരു ഹൃദയമുണ്ടായതാണെൻ പരാജയം” എന്ന ബോധോദയം വന്നിട്ടുണ്ടെങ്കിൽ ശരി, പോയി തൂങ്ങിച്ചാകൂ എന്നു് നിർദ്ദയം അവർ പറയും. അതല്ല, ഈ ഭൂമിയിൽ സമാധാനവും സമൃദ്ധിയും എല്ലാവർക്കും വേണമെന്നു തോന്നുന്നുണ്ടോ, കലാകാരാ, നിന്റെ കവിതയും കഥകളുമെല്ലാം ഒരു ചുമടെടുക്കാനുണ്ടു്. ആ ചുമടു് ഉത്തരവാദിത്വമാണു്. ഒരു കോളേജു് വിദ്യാർത്ഥിനിയേയോ തെണ്ടിയേയോ പോലെ ലക്ഷ്യമില്ലാത്തവരും നിരുത്തരവാദിത്വം മതമായി സ്വീകരിച്ചവരുമാണു് നിങ്ങളെന്നു വരരുതു്. ഇവിടെ കഷ്ടപ്പെടുന്നവൻ മനുഷ്യനാണു്; കാട്ടാറും കൌമുദിയും യക്ഷിപ്പെണ്ണുമൊന്നുമല്ല. നിങ്ങളുടെ സങ്കല്പത്തിന്റെ പൂവും തീർത്ഥവും വേണ്ട നല്കിക്കൊള്ളൂ. പക്ഷെ നൈവേദ്യം ഇവിടെ കൊടുക്കണം;—വിശക്കുന്നവനു്.

ബോധപൂർവ്വം കലാസൃഷ്ടി നടത്തണം എന്നു പറയുന്നതിതുകൊണ്ടാണു്. കല ജനങ്ങൾക്കു വേണ്ടി എന്നു പറയുന്നവൻ ഭ്രാന്തനാണെന്നു ധരിക്കരുതു്. ഈ ലോകത്തു് വാല്മീകിയുടേയും ഹോമറുടേയും കാലം തൊട്ടു് രസാത്മക കാവ്യങ്ങളുണ്ടായിട്ടുണ്ടു്. അതിനു് ക്ഷാമമില്ലെന്നിരിക്കെ ചില കുറെ പ്രചരണപരമായാലെന്തു്? ഒരു കവിതകൊണ്ടു് ലോകഗതിയെ മറിച്ചുകളയാ

മെന്നു സ്വപ്നം കാണുന്ന കവി തലയില്ലാത്തവനാണ്. വാൾട്ട് വിററ്മാൻ സമാധാനപ്പാട്ടെഴുതിയെന്നുവെച്ച് അമേരിക്ക ഹൈഡ്രജൻ ബോംബുനിർമ്മാണം നിർത്തിയിട്ടില്ല.

അപ്പോൾ സാമൂഹ്യനന്മക്ക് തന്റെ തൂലിക ചലിപ്പിക്കുക എന്നു താല്പര്യം. അതിന്നു വശമാക്കേണ്ട ചില ഉപാധികളുണ്ട്.

## അഭിപ്രായം ഇരിമ്പുലക്കയല്ല ; പക്ഷെ

സാഹിത്യത്തിലൂടെ എഴുത്തുകാരൻ തന്റേതായ ജീവിതവീക്ഷണമാണ് പ്രകടിപ്പിക്കുന്നത്. പക്ഷെ അത് കരിങ്കല്ല് പോലെ ഉറച്ചതാവുകയില്ല. കാരണം മനുഷ്യൻ വളരുന്നു എന്നതുതന്നെ. മനസ്സ് പരിതസ്ഥിതികളുടെ ചുമലിൽ കൈയൂന്നി നില്ക്കുകയാണല്ലൊ.

എന്നുവെച്ച് പൌഡറിട്ടംപോലെ ക്ഷണത്തിൽ മായുംവിധം ആശയങ്ങളെ അണിയിച്ചു നിർത്തരുത്. അഭിപ്രായം ഒരിരുമ്പുലക്കയല്ലെങ്കിലും കുരുത്തോലയല്ല. ജീവിതത്തിലെ വൈരുദ്ധ്യത്തിൽനിന്നും തന്റേതായ ഒരു വീക്ഷണം കലാകാരൻ നെയ്തെടുക്കണം. അത് ശാസ്ത്രീയമായിരിക്കയും വേണം. ഹെർബട്ട് റീഡ് മഹോന്നതമായ കല എന്താണ് എന്നതിനെപ്പററി പറയുന്നു:

**"A dialectical process which reconciles the contradictions derived from our senses on the one hand and our imagination on the other".**

## സംസ്കാരത്തിന്റെ കഥ

ജനസമുദായത്തിന്റെ സംസ്കാരങ്ങളെല്ലാം ചിതലു തിന്നും കിളുർത്തുവന്നും ഇരിക്കുന്നു. ഗ്രീസിലെയും റോമിലെയും സംസ്കാരങ്ങൾക്ക പററിയ പരാജയങ്ങൾ നമ്മെ പഠിപ്പിക്കുന്നത് മനുഷ്യനെനിയും വളരാനുണ്ടെന്നതാണ്. മാനസികമായ വളർച്ച ആരോഗ്യകരമാവണമെന്നുണ്ടെങ്കിൽ തീർച്ചയായും ഉറച്ച കാലടികൾ നിലത്തൂന്നി മുന്നോട്ടു പോവാൻ പഠിക്കേണ്ടിയിരിക്കുന്നു. "മനുഷ്യന്നു പക്ഷികളെപ്പോലെ വായുവിൽ സഞ്ചരിക്കാം! മത്സ്യങ്ങളെപ്പോലെ സമുദ്രജലത്തിൽ നീന്തിക്കളിക്കാം! എന്നാൽ കാലുറപ്പിച്ച് ഭൂതലത്തിലൂടെ നടക്കാൻ അവൻ എനിയും പഠിക്കേണ്ടിയിരിക്കുന്നു" എന്നു തത്വചിന്തകനായ സി. ഇ. എം. ജോഡ് പറഞ്ഞിരിക്കുന്നു.

ഇതു് സ്കൂളുകളും കോളേജുകളും പഠിപ്പിക്കുന്നില്ല. ഫാക്ടറികളിലും പ്രസംഗപീഠങ്ങളിലും തിരഞ്ഞാൽ കാണുന്നില്ല. കലാകാരൻ പഠിപ്പിക്കേണ്ട ഒന്നത്രെ ഇതു്. സാമൂഹ്യജീവിയും മനുഷ്യസ്നേഹിയുമായ കലാകാരന്റെ ആത്മാവിൽനിന്നും ഉയർന്നുവരേണ്ട ഒരു സത്യമാണിതു്.

"പ്രാചീനയവനരുടെ ചിന്ത ഒരു ബഹുമതിയായും പിന്നീട് ഒരു 'രസ'മായും അതിന്നുശേഷം ദൌർബ്ബല്യമായും തീർന്നു ഇന്നതൊരപരാധമായ്ത്തീർന്നിരിക്കുന്നു. സംസ്കാരത്തിന്റെ ചരിത്രം അതു സൃഷ്ടിച്ചവരനുഭവിച്ച യാതനകളുടെ കഥയാണ്" എന്ന് "All Quiet on the Western Front" എന്ന ഗ്രന്ഥത്തിന്റെ കർത്താവു പറയുന്നു.

സംസ്കാരത്തിന്റെ കർത്താക്കളനുഭവിച്ച സൌഖ്യത്തിന്റെയും സമാധാനത്തിന്റെയും കഥയാണ് സംസ്കാരത്തിന്റെ കഥ എന്നു വരുന്ന ഒരു കാലം ഉണ്ടാവണമെന്നു നിങ്ങൾക്കു തോന്നുന്നില്ലെ ?

## "ഘോര തുടിയ്ക്കും കയ്യുകളേ, പോരുക വന്നീപ്പന്തങ്ങൾ!"

ജീവിതത്തെപ്പററി അടിയുറച്ച ഒരു ബോധത്തോടെ നിർമ്മിക്കുന്ന കലാസൃഷ്ടികളാണ് ഇന്നാവശ്യം. ആത്മാർത്ഥമായ മനുഷ്യസ്നേഹമാവണം ഈ ബോധത്തിന്റെ പിന്നിലുള്ള ശക്തി. കാലത്തിനൊത്ത് ജീവിതമൂല്യങ്ങളും മാറിക്കൊണ്ടിരിക്കയാണ്. ഹൊവാർഡ് ഫാസ്റ്റ് പറഞ്ഞ പോലെ "സോളമന്റെ ഭാര്യ സുന്ദരിയായിരുന്നു. എന്നുവെച്ച് ഇന്നും സുന്ദരിയായുള്ളോളണമെന്നില്ല." ("Literature and Reality") മനുഷ്യൻ കണ്ടുമുട്ടുന്ന വിഷമപ്രശ്നങ്ങൾ കലാകാരനെയും ബാധിക്കുന്നു. നക്ഷത്രങ്ങളുടെ പ്രകാശം സാമൂഹ്യശരീരത്തിലെ വ്രണങ്ങളെ സുഖപ്പെടുത്തുന്നില്ല. ഗോർക്കിയെപ്പോലെ ഭൂതത്തെ സംശയത്തോടെ വീക്ഷിക്കുകയും വർത്തമാനത്തെ ധീരമായി നേരിടുകയും ഭാവിയെ സുചിന്തിതമായി പടുത്തുയർത്തുകയുമാണാവശ്യം.

# കഥകളി — കേരളത്തിന്റെ കലാസമ്പത്ത്

എം. രാമചന്ദ്രൻ നമ്പീശൻ, III B. A.

**കേ**രളത്തിലെ മിക്ക ലളിതകലകൾക്കും ഒരു പ്രത്യേകതയുള്ളതായിക്കാണാം. അവ ക്ഷേത്രങ്ങളോടും രാജധാനികളോടും ആണ് അധികം ബന്ധപ്പെട്ടിട്ടുള്ളത്. പാഠകം, കൂത്ത്, കൂടിയാട്ടം, തുള്ളൽ മുതലായ കലാസമ്പത്തുകൾ മുഴുവനും തഴച്ചുവളർന്നത് ക്ഷേത്രഭിത്തികൾക്കുള്ളിലാണ്. രാജധാനികൾ അവയ്ക്ക് പ്രോത്സാഹനം നൽകി. അതിനാൽ ഇവയെല്ലാം സമുദായത്തിലെ ഒരു പ്രത്യേക ജനവിഭാഗങ്ങൾക്കുള്ളതായിത്തീർന്നു. സവർണ്ണഹിന്ദുക്കൾക്ക് മാത്രമെ ഇവ ആസ്വദിക്കുവാൻ അവസരം കിട്ടിയിരുന്നുള്ളൂ. കഥകളിയെപ്പോലുള്ള നടനകലകൾ സാധാരണക്കാർക്ക് ആസ്വദിക്കാൻ അസാദ്ധ്യമായിരുന്നു. നല്ല പണ്ഡിതസദസ്സുകൾക്ക മാത്രമെ കഥകളിയും മററും കണ്ട് രസിക്കാൻ സാധിച്ചിരുന്നുള്ളൂ.

ഇതുകൊണ്ടാകെത്തന്നെയാണ് ഈ കലകൾ ജനകീയങ്ങളല്ല എന്നുള്ള വാദമുഖങ്ങൾ ഉയർന്നുവന്നതും. എന്നാൽ ഇന്ന് ജനകീയത്തിന്റെ മുറവിളി കാരണമോ എന്തോ ഈ കലകൾ ക്ഷേത്രഭിത്തിക്കുള്ളിൽനിന്ന് പുറത്തുവരാൻ തുടങ്ങിയിട്ടുണ്ട്. 'കൂടിയാട്ടം' മുതലായ ചില അഭിനയകലകൾക്ക് മൂവ്വായിരത്തിലധികം കൊല്ലത്തെ പഴക്കമുണ്ട് എന്നറിയുമ്പോൾ നാം അമ്പരന്നുപോകും.

കേരളത്തിലെ അഭിനയകലകളിൽ എന്തുകൊണ്ടും മുന്തിനില്ക്കുന്നത് കഥകളിയാണ്. വാസ്തവത്തിൽ കഥകളി സകല ലളിതകലകളുടെയും മനോഹരമായ ഒരു സമ്മേളനരംഗമാണ്. അതുകൊണ്ടുതന്നെയാണെന്നു തോന്നുന്നു, ഇന്ന് കഥകളി കൂടുതൽ കൂടുതൽ ജനഹൃദയങ്ങളോട് അടുത്തുവരികയാണ്. പക്ഷെ ഇന്ന് നാം നാടകം കാണാൻ പോകുന്നതുപോലെ കഥകളി കാണാൻ പോവുകയാണെങ്കിൽ നമുക്കൊന്നും മനസ്സിലാവുകയില്ല. അതിന്റെ സങ്കേതികവശങ്ങളെപ്പററി ചുരുങ്ങിയതായ പരിജ്ഞാനമെങ്കിലും പ്രേക്ഷകനുണ്ടായിരിക്കണം. എന്നാൽ മാത്രമെ കഥകളി ആസ്വദിക്കാൻ സാധിക്കുകയുള്ളൂ. നമുക്ക് അതിന്റെ സാങ്കേതികഭാഗങ്ങളിലേയ്ക്കൊന്ന് കണ്ണോടിക്കാം.

**ഉത്ഭവവും വളർച്ചയും :-**

കേരളത്തിലെ ചില നടനകലകളെല്ലാം ചില നിസ്സാരസംഭവങ്ങളുടെ അനന്തരഫലങ്ങളാണ്. കുഞ്ചൻനമ്പ്യാരും ഒരു ചാക്യാരും തമ്മിലുള്ള തർക്കത്തിൽനിന്നാണ് 'ഓട്ടൻതുള്ളൽ' ഉണ്ടായത് എന്ന് ഐതിഹ്യം പ്രസ്താവിക്കുന്നു. കഥകളിയുടെ കഥയും ഇതുതന്നെയാണ്. കോഴിക്കോട്ട് മാനദേവൻ രാജാവിനാൽ നിർമ്മിതമായി ആടിച്ചുവന്നിരുന്ന 'കൃഷ്ണനാട്ടം' എന്ന കളി ഒന്നാടിക്കാണാനായി അയച്ചുകൊടുക്കണമെന്ന് കൊട്ടാരക്കര തമ്പുരാൻ സാമൂതിരിയെ അറിയിച്ചു. എന്നാൽ സാമൂതിരി 'തെക്കർക്ക്' ഇത് കണ്ട് ആസ്വദിക്കാനുള്ള കഴിവില്ലെന്ന് പറഞ്ഞ് പരിഹസിച്ചു, മാത്രമല്ല കൃഷ്ണനാട്ടസംഘത്തെ അയച്ചുകൊടുത്തതുമില്ല. ഇതിന്ന് പകരം വീട്ടാൻ എന്ന മട്ടിൽ കൊട്ടാരക്കര തമ്പുരാൻ 'രാമനാട്ടം' കല്പിച്ചുണ്ടാക്കി എന്നാണ് കഥകളിയെപ്പററിയുള്ള ഐതിഹ്യം. രാമായണകഥ മുഴുവനും അതായത് 'പുത്രകാമേഷ്ടി തുടങ്ങി യുദ്ധം' വരെ എഴുദിവസത്തെ കഥ, കളിയായി നിർമ്മിച്ചു. കഥകളി അഥവാ ആട്ടക്കഥയെന്നാൽ കഥാരൂപേണയുള്ള കളിയെന്നും 'ആടിക്കൊണ്ട് ഗ്രഹിപ്പിക്കുന്ന കഥ'യെന്നും മററുമാണല്ലോ അർത്ഥം. കാലക്രമേണ കഥകളിയിൽ പല മാററങ്ങളും പരിഷ്ക്കാരങ്ങളും വന്ന് അത് ഇന്നത്തെ രൂപത്തിലുള്ളതായിത്തീർന്നു.

കഥകളി ഉണ്ടാക്കപ്പെട്ട കാലം കൃത്യമായി പറയുവാൻ പ്രയാസമാണ്. കേരളവർമ്മ എന്ന പേരായ ഒരു രാജാവ് കൊല്ലവർഷം 738 നും 742 നും മദ്ധ്യേ തിരുവിതാംകോട്ടുണ്ടായിരുന്നുവെന്നു ചരിത്രകാരന്മാർ പറയുന്നു. ഈ കേരളവർമ്മൻ തന്നെയാണ് രാമനാട്ടം കല്പിച്ചുണ്ടാക്കിയത് എന്നും ചരിത്രരേഖകൾ വ്യക്തമാക്കുന്നുണ്ട്. അതിനാൽ കഥകളിയുടെ ഉത്ഭവം 738 നും 742 നും ഇടയിലാണെന്ന് വ്യക്തമാകുന്നുവല്ലോ.

മലയാളത്തിൽ പാട്ടുകളും മററും കേരളവർമ്മതമ്പുരാന്റെ മുൻകാലത്തുതന്നെ ഉണ്ടായിരുന്നു. എന്നാൽ രംഗസ്ഥലത്ത് പാടിയാടത്തക്ക കൃതികൾ അന്നുണ്ടായിരുന്നില്ല. അതിൻെറ കർത്താവ് കേരളവർമ്മതമ്പുരാൻ തന്നെയാണ്. തമ്പുരാൻ കഥകളി നിർമ്മിച്ചത് ശ്ലോകങ്ങളും പദങ്ങളും ഉപയോഗിച്ചാണ്. ശ്ലോകങ്ങൾ സംസ്കൃതത്തിലോ മണിപ്രവാളഭാഷയിലോ ആയിരുന്നു. അന്ന് കഥകളിവേഷങ്ങൾക്ക് ഇന്നത്തെപ്പോലെ മനോഹരമായ കിരീടമോ, കുപ്പായമോ ഉണ്ടായിരുന്നില്ല. രംഗത്ത് ചെണ്ടവാദ്യവുമുണ്ടായിരുന്നില്ല. ഗാനങ്ങൾ പാടിയിരുന്നത് നടന്മാർ തന്നെയാണ്. ഇതിന്ന് മാററം വരുത്തിയത് വെട്ടത്ത് തമ്പുരാനാണ്. ഇന്ന് കഥകളി ഭാഗവതർമാർ നടന്മാരുടെ പിന്നിൽനിന്നാണല്ലോ പാട്ടുപാടാറുള്ളത്.

കഥകളിയെ ആധുനികരീതിയിൽ ആക്കിത്തീർത്തത് 'കപ്ലിങ്ങാട്ട്', 'കല്ലടിക്കോട്' എന്ന രണ്ട് നമ്പൂതിരിമാരാണ്. ഇവർ 750 നും 850 നും ഇടയിലാണ് ജീവിച്ചിരുന്നത്. കപ്ലിങ്ങാട്, കുപ്പായത്തിന്ന് തരഭേദം, ചാമരവും കച്ചയുമുപയോഗിക്കൽ, രാക്ഷസവേഷക്കാർ മുഖത്ത് ചുട്ടിപ്പൂവ് വെയ്ക്കൽ എന്നീ പരിഷ്കാരങ്ങളാണ് പ്രധാനമായും വരുത്തിയത്. ഇതിന്ന് കപ്ലിങ്ങാടൻ മട്ടെന്നു പറയുന്നു. കല്ലടിക്കോട്ടും കപ്ലിങ്ങാട്ടും ഇവയിലൊക്കെ യോജിച്ചിരുന്നെങ്കിലും കല്ലടിക്കോടൻ കൈകാട്ടുന്നതിലും ചവിട്ടുന്നതിലുമാണ് പ്രധാനമായും മാററം വരുത്തിയത്. ഇന്ന് ഇവരുടെ രണ്ടുമട്ടും മേളിച്ചുചേർത്താണ് കഥകളി ആടിവരുന്നത്.

## കഥകളിയിലെ അഭിനയം :-

കഥകളി രംഗത്ത് അഭിനയിക്കേണ്ടതാകയാൽ അത് നാടകത്തിൻെറ ഒരു വകഭേദം ആണ് എന്നുള്ളത് വ്യക്തമാണ്. നാടകത്തിലെ പാത്രങ്ങൾ സ്വന്തമായി സംസാരിക്കുന്നു. എന്നാൽ കഥകളിയിലെ നടന്മാർ 'മൂകരാണ്'. അവർ കൈആംഗ്യംകൊണ്ട് അഥവാ കൈമുദ്ര കൊണ്ട് കഥ ആടി ഫലിപ്പിക്കുന്നു. കൈമുദ്ര 'തന്ത്രിയിൽ' നിന്ന് ചാക്യാർക്കും, ചാക്യാരിൽ നിന്ന് ആട്ടക്കഥക്കാരനും, അയാളിൽ നിന്ന് തുള്ളൽക്കഥക്കാരനും ലഭിച്ചെന്ന് പറഞ്ഞുവരാറുണ്ട്. ആകെ അറുപത്തിനാല് കൈമുദ്രകളുണ്ട്. ഇവയുടെ സഹായത്തോടുകൂടിയാണ് ഓരോന്നും വ്യക്തമാക്കുന്നത്. പക്ഷെ മുദ്രകളിൽ 'വിഭക്തി' കാണിക്കാറില്ല. അർത്ഥം മനസ്സിലാക്കാൻ കൈമുദ്രയെപ്പററി നല്ല പരിജ്ഞാനം വേണം. നാട്യം ഭരതമുനിയുടെ തത്വങ്ങളെ അടിസ്ഥാനപ്പെടുത്തിത്തന്നെയാണ്. പക്ഷെ ഭരതമുനിയുടെ സിദ്ധാന്തങ്ങളെ അപ്പടി സ്വീകരിച്ചു എന്ന് പറയാൻ വയ്യ. കാരണം ഭരതമുനിയുടെ നിയമത്തിൽ യുദ്ധം, വധം, സ്നാനം, ഭോജനം ഇവയൊന്നും രംഗത്ത് കാട്ടുവാൻ പാടില്ല. എന്നാൽ കഥകളിയിൽ ഇതെല്ലാമുണ്ടെന്നുള്ളത് വാസ്തവമാണല്ലോ.

കഥകളി ആട്ടമോരോ രംഗത്ത് ചെണ്ട, മദ്ദളം, ചേർങ്ങല മുതലായ വാദ്യങ്ങളുണ്ടായിരിക്കും. ഭാഗവതർ പിന്നിൽനിന്ന് പാടുന്നു. ആ പാട്ടിന്ന് അനുസരിച്ച് നടന്മാർ ആടുന്നു. ഒരു പദംതന്നെ പലപ്പോഴും രണ്ടുമൂന്നാവർത്തി പാടുന്നു. അപ്പോഴേയ്ക്കും മാത്രമെ വേഷക്കാരൻ അത് ആടിക്കഴിയുകയുള്ളൂ. പ്രധാന ഭാഗവതരെ 'പൊന്നാനി'യെന്നും ഏററുപാടുന്ന ആളെ 'ശിങ്കടി'യെന്നും വിളിക്കുന്നു. 'പൊന്നാനി'യാണ് രംഗത്തേയും നടനേയും നിയന്ത്രിക്കുന്നത്.

കഥ ആടുന്ന വിവരത്തെ ചുരുക്കിപ്പറയാം. അരങ്ങത്തു് കേളി, തോടയം, വന്ദനശ്ലോകം, തിരപ്പുറപ്പാട്, നിലപ്പദം, മേളപ്പദം എന്നിവയാണ് എല്ലാ കഥകൾക്കും പൊതുവെ വേണ്ട ചടങ്ങുകൾ. പുറപ്പാടു് മുതൽക്കേ ചെണ്ട പ്രയോഗമുള്ളൂ. മേളപ്പദത്തിലാണ് കൊട്ടുകാരുടെയും പാട്ടുകാരുടെയും നിപുണത പ്രകടമാക്കേണ്ടതു്.

ആട്ടത്തിലെ മുഖ്യ അംശങ്ങൾ കയ്യ്, മെയ്യ്, ചൊല്ലിയാട്ടം, രസവാസന എന്നിവയാണ്. കണ്ണിന്റേയും കാലിന്റേയും സഹായത്തോടുകൂടി കൈകൊണ്ടു് കഥ വിശദീകരിക്കുന്നതിനാണ് കയ്യ് എന്നു് പറയുന്നതു്. ചില പ്രത്യേക സമയങ്ങളിലെ നില്പിലും കലാശം ചവിട്ടുന്നതിലും മററുമുള്ളതിനെ മെയ്യ് എന്നും പറയുന്നു.

ചൊല്ലിയാട്ടത്തിന്നു് തൃപ്തികരമായൊരു വ്യാഖ്യാനം നൽകുന്നതു് ബുദ്ധിമുട്ടാണ്. പൊതുവെ പദം ചൊല്ലുമ്പോൾ ആടുന്ന രീതി എന്നു പറയാം. ചൊല്ലിയാട്ടം പതിഞ്ഞതു്, എടകെട്ട്, മുറുകിയതു് എന്നു് മൂന്നായി തരം തിരിച്ചിരിക്കുന്നു. ശൃംഗാരരംഗത്തും മററും ആടുന്നതു് പതിഞ്ഞാട്ടമാണ്. പതിഞ്ഞാട്ടമാണ് വളരെ ബുദ്ധിമുട്ടുള്ളതു്. മുറുകിയതു് ആടുന്നതു് കാട്ടാളൻ, ചുവന്നതാടി എന്നീ വേഷക്കാരാണ്. അവരാണല്ലോ രംഗം 'തകൃതു് ലഹള'യുണ്ടാക്കേണ്ടതു്.

ശൃംഗാരാദിരസങ്ങളെ മുഖത്തു് സ്ഫുരിപ്പിക്കുന്നതാകുന്നു രസവാസന. ആംഗ്യവും കണ്ണും ഇതിന്നു് സഹായികളാണ്. കാര്യത്തിന്നു് രസമെങ്ങനെയാണോ അങ്ങനെത്തന്നെയാണ് അഭിനയത്തിൽ രസവാസനയും. നവരസങ്ങളെ പലപ്പോഴും മുഖത്തു് മാറിമാറി പ്രദർശിപ്പിക്കേണ്ടിവരും. അവിടെയാണ് നടന്റെ കഴിവു് കിടക്കുന്നതു്. ഒരേ സമയത്തു് ഒരു കണ്ണിൽ വ്യസനവും മറു കണ്ണിൽ കോപവും മററും കാട്ടേണ്ട രംഗങ്ങളുണ്ടു്. അതിന്നു് പ്രത്യേക അഭ്യാസപരിശീലനവും, നാട്യവാസനയും വളരെ അധികം ആവശ്യമാണ്.

ചൊല്ലിയാട്ടത്തിന്നു് പുറമെ ഇളകിയാട്ടം എന്നൊരു വിഭാഗവുമുണ്ടു്. ഇളകിയാട്ടമെന്നതു് പദംകൂടാതെ മുദ്രകൊണ്ടുതന്നെ മനോരഥങ്ങളേയോ വർണ്ണനകളേയോ വിശദമാക്കുകയാണ്. ഒരുവിധം എല്ലാവേഷങ്ങൾക്കും ഇതു് വേണ്ടിവരും.

## വേഷവിശേഷങ്ങൾ :-

വേഷവിധാനങ്ങൾക്കനുസരിച്ചു് കഥകളിയിലെ വേഷങ്ങളെ പ്രധാനമായി നാലായി തരം തിരിക്കാം. അവ പച്ച, കത്തി, താടി, കരി എന്നിവയാണ്. ഇതിൽ പച്ചയാണ് പ്രധാനമായിട്ടുള്ളതു്. ആടി ഫലിപ്പിക്കുവാനും പ്രയാസമുള്ളതു് ഇതുതന്നെയാണ്. 'ധീരോദാത്തന്മാ'രായ നായകന്മാരും, ക്ഷത്രിയരാജാക്കന്മാരും പച്ചവേഷത്തിലാണ്. ശ്രീകൃഷ്ണൻ, അർജ്ജുനൻ മുതലായവർ ഇതിനുദാഹരണമാണ്. പച്ചയും കത്തിയും തമ്മിൽ വേഷത്തിൽ വലിയ വ്യത്യാസങ്ങളൊന്നുമില്ല. കത്തിക്കു് രംഗത്തു് അലറാൻ അധികാരമുണ്ടു്. കത്തി പലപ്പോഴും നീചസ്വഭാവമുള്ള കഥാപാത്രങ്ങളായിരിക്കും. ദുര്യോധനൻ, ശിശുപാലൻ, മുതലായ വേഷക്കാർ കത്തിയാണ്. 'താടി'യിൽ വെള്ളത്താടിയെന്നും, 'ചുവന്ന താടി'യെന്നും രണ്ടു് വിഭാഗമുണ്ടു്. ഹനുമാൻ മുതലായ വേഷങ്ങൾ വെള്ളത്താടിയും, ബാലി, സുഗ്രീവൻ, ദുശ്ശാസനൻ എന്നീ വേഷങ്ങൾ ചുവന്ന താടികളുമാണ്. ചുവന്ന താടിയുടെ രംഗം വളരെ സജീവമായിരിക്കും. അലച്ച്, വാദ്യഘോഷങ്ങളുടെ മുറുക്കം എന്നിവ ചുവന്നതാടി രംഗത്തുവന്നാൽ തുടങ്ങുകയായി. പലപ്പോഴും ചെറിയ കുട്ടികൾ ഭയപ്പെട്ടുപോകും ഈ രംഗം കണ്ടാൽ. കാട്ടാളകഥാപാത്രങ്ങൾ കരിവേഷത്തിലുള്ളവയായിരിക്കും. സ്ത്രീ വേഷങ്ങളെ മിനുക്കു് വേഷങ്ങളെന്നു പറയുന്നു.

വേഷക്കാരനു പ്രധാനമായി വേണ്ടതു് വേഷപ്പകർച്ചയാണ്. വേഷപ്പകർച്ചയും, മനോധർമ്മവും, രസാവിഷ്കരണ പാടവവും ഒത്തുചേർന്നാൽ നല്ലവേഷക്കാരനാകാം. അഭ്യാസബലത്താലും വാസനാബലത്താലും ചില പ്രത്യേകവേഷം വളരെ തന്മയത്വത്തോടുകൂടി അഭിനയിക്കുന്നവരുണ്ടു്. അവർ 'character' നടന്മാരേപ്പോലെയാണ്. 'ആശാരികോപ്പൻ', നളനുണ്ണി, പൂതനകൃഷ്ണൻ എന്നും മററും പറയുന്നതു് ഇതുകൊണ്ടാണ്.

## സകല ലളിതകലകളുടേയും സമ്മേളനം :-

അഭിനയം, ഗാനം, വാദ്യം എന്നീ കലകളുടെ പരിപൂർണ്ണത നമുക്കു് കഥകളിയിൽ മാത്രമെ കാണാൻ കഴിയുകയുള്ളൂ. ഇവയിൽ ഒന്നുമാത്രം മെച്ചപ്പെട്ടിട്ടു് കാര്യമില്ല. ഇവ മൂന്നും ഒരുപോലെ യോജിച്ചാൽ വളരെ കൌതുകമുണ്ടായിരിക്കും. വേഷക്കാരനും, പാട്ടുകാരനും, കൊട്ടുകാർക്കും കഥകളിയിൽ ഒരുപോലെ പേരെടുക്കാം. മൂത്തമനയുടെ ചെണ്ടയും, വെങ്കിച്ചന്റെ മദ്ദളവും, സ്വർണ്ണത്തു് മാണി എമ്പ്രാന്തിരിയുടെ പാട്ടും മററും കഥകളി പ്രിയന്മാർക്കു് വളരെ പ്രിയമായിരുന്നു. അതാണ് കഥകളി സകല കലകളുടെയും സന്മനോഹരസമ്മേളനരംഗം എന്നു പറയുവാൻ കാരണം,

## ചില പരിഷ്കാരങ്ങൾ വരുത്തേണ്ടതു് :-

കഥകളിയെ സംബന്ധിച്ചു് ചില മാററങ്ങൾ വരുത്തി സാധാരണക്കാർക്കുകൂടി മനസ്സിലാകത്തക്കവിധത്തിൽ ആക്കുക എന്നതു് തീരെ സാദ്ധ്യമല്ല. എന്നാൽ ചില ചില്ലറമാററങ്ങൾ വരുത്താനുണ്ടു് എന്നു് കഥകളി പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. ഒന്നാമതായി കഥകളിപ്പദങ്ങൾ കുറേക്കൂടി ലളിതങ്ങളാക്കുക എന്നുള്ളതാണ്. ഉണ്ണായി വാരിയരുടെ നളചരിതത്തെ 'നെല്ലും മോരും കൂട്ടിക്കുഴച്ച ഭാഷ' എന്നു് പലരും അഭിപ്രായപ്പെടാറുണ്ടു്. എന്നാൽ ഉണ്ണായിയുടെ പദങ്ങളുടെ ആസ്വാദ്യത ഒന്നു വേറെത്തന്നെയാണ്. നല്ല കഴിവുള്ള ഒരു ഭാഗവതർ അതു് ചൊല്ലുകയാണെങ്കിൽ ആരും ശ്രദ്ധിച്ചുപോകും. പക്ഷെ അവ കുറെക്കൂടി ലളിതങ്ങളാണെങ്കിൽ വളരെ നന്നായിരിക്കും. ഇരവിയിമ്മൻതമ്പിയുടെ കഥകളിഗാനങ്ങൾ വളരെ ലളിതവും ഭംഗിയുള്ളതുമാണ്. ''വീരവിരാടകുമാരവിഭോ'' എന്ന കുമ്മി എത്ര മനോഹരമാണ്! കഥകളിപ്പദങ്ങൾ ഇരവിയിമ്മൻ തമ്പിയുടേതുപോലെ ലളിതങ്ങളാണെങ്കിൽ കുറേക്കൂടി സാധാരണക്കാർക്കു് മനസ്സിലാക്കാൻ സാധിക്കും. ഇതാണ് ഒന്നാമതായി വരുത്താൻ ശ്രമിക്കേണ്ട ഒരു മാററം.

രണ്ടാമതായി സ്ത്രീ വേഷങ്ങൾക്കു് നാടകത്തിൽ ഉള്ളതുപോലെ വേഷവിധാനങ്ങൾ വരുത്തുകയാണെങ്കിൽ അതു് കുറച്ചുകൂടി മനോഹരമായിരിക്കും. ഇന്നു് സ്ത്രീകൾകൂടി കഥകളിവേഷങ്ങൾ കെട്ടുന്നതിനാൽ 'കൂടിയാട്ടത്തി'ലേതുപോലെ സ്ത്രീകൾ തന്നെ സ്ത്രീഭാഗങ്ങൾ എടുക്കുകയാണെങ്കിൽ അതു് വളരെ എളുപ്പമായിരിക്കുമെന്നു തോന്നുന്നു.

മുഖത്തു് ചുട്ടിയും മററും വെയ്ക്കേണ്ടുന്നതിനുള്ള ആധുനികസാമഗ്രികൾ കണ്ടുപിടിച്ചിട്ടുണ്ടു്. അവ ഉപയോഗിക്കുകയാണെങ്കിൽ വേഷം കെട്ടാൻ വളരെ എളുപ്പമായിരിക്കും. ഗോപിനാഥ് റഷ്യയിൽ പോയപ്പോൾ അദ്ദേഹത്തിനു് പല നൂതനസാമഗ്രികളും കിട്ടിയിട്ടുണ്ടു്. വേഷം കെട്ടാൻ ഇവ ഉപയോഗിക്കുക വളരെ എളുപ്പമാണെന്നു് അദ്ദേഹം പ്രസ്താവിക്കുകയുണ്ടായി.

കഥകളി അഭിനയിക്കേണ്ട സമയത്തെപ്പററി പല അഭിപ്രായങ്ങളുമുണ്ടു്. വൈകുന്നേരം ആറുമണിമുതൽ പ്രഭാതമാകുന്നതുവരെ കഥ അഭിനയിക്കുകയാണെങ്കിൽ അതു വളരെ പ്രയാസമുള്ളതാണ്. ഇതു മുഴുവൻ ഉറക്കം ഒഴിച്ചിരുന്നു് കാണുകയെന്നതു് കുറച്ചു ബുദ്ധിമുട്ടുള്ള കാര്യം തന്നെയാണ്. അതിനാൽ ഒരു ദിവസം ഒന്നോ രണ്ടോ കഥ ആടുന്നതായിരിക്കും ഉചിതം. ഇവയൊക്കെയാണ് സാധാരണയായി കഥകളിയിൽ വരുത്താവുന്ന ചില മാററങ്ങൾ:

കഥകളി ഊമക്കളിയാണെന്ന് ആക്ഷേപിക്കുന്നവരുണ്ട്. പക്ഷെ ഡോക്ടർ കെ. ഭാസ്കരൻ നായർ പറഞ്ഞതുപോലെ രംഗത്ത് ഒരു നിമിഷംകൊണ്ട് മനോഹരമായ സ്വർഗ്ഗംതന്നെ സൃഷ്ടിക്കുവാൻ കഥകളിക്കല്ലാതെ സാധിക്കുകയില്ല. കഥകളി നടൻ ആംഗ്യം കാട്ടുമ്പോൾ അതിൽ ലയിച്ച് അതിനെ അങ്ങേ അററത്തോളം ആസ്വദിക്കുന്ന കഥകളിപണ്ഡിതന്മാരുണ്ട്. പക്ഷെ അതിന് പാണ്ഡിത്യം വേണം എന്നുമാത്രം. അതു കഥകളിയുടെ കഴിവുകുറവല്ല അതിന്റെ മഹത്തായ കഴിവാണ് കാണിക്കുന്നത്.

കഥകളിയെപ്പററി പ്രസ്താവിക്കുമ്പോൾ അതിന് പുനർജീവൻ നൽകിയ കലാമണ്ഡലത്തെ സ്മരിക്കാതിരിക്കുക സാദ്ധ്യമല്ല. കലാമണ്ഡലത്തിന്റെ രജതജൂബിലി അടുത്താണല്ലോ കഴിഞ്ഞത്. ഇനിയും അത് കഥകളിക്ക് വേണ്ടവിധം വളരാനും വികസിക്കാനും ഉള്ള കഴിവിനെ പ്രദാനം ചെയ്യും എന്ന് വിശ്വസിക്കുക. കഥകളി കേരളത്തിന്റെ മാത്രമല്ല ലോകത്തിന്റെ തന്നെ കലാസമ്പത്താണ് എന്ന് പറയുന്നതിൽ ഒട്ടുംതന്നെ അതിശയോക്തിയില്ല.

# കവിതയിലെ സൗന്ദര്യാസ്വാദനം

കെ. പി. ബാലകൃഷ്ണൻനമ്പ്യാർ, II U. C.

പലവട്ടം, പലരുമായി എടുത്തു കൈകാര്യം ചെയ്തുകഴിഞ്ഞൊരു വിഷയം. എന്നിട്ടും അതിനു കവിത പോലെ പുതുമ തോന്നുന്നു. ഇടയിൽ, എന്താണീക്കവിത ? വിമർശകവരേണ്യനായ ഡോക്ടർ ജോൺസന്റെ ഭാഷയിൽ : "യുക്തിയുടേയും ഭാവനയുടേയും സങ്കലിതമായ ചൈതന്യത്തെ ഉപാധിയാക്കിക്കൊണ്ട് ആനന്ദത്തെ സത്യവുമായി സംഘടിപ്പിക്കുന്ന ഒരു കലയാണു കവിത." ഈ ഒരു സാമാന്യതത്വം വെച്ചു നോക്കുമ്പോൾ മലയാളത്തിൽ എത്രയുണ്ടാകും എണ്ണം പറഞ്ഞ കവിതകളായിട്ട് ? അതിലേക്കൊന്നു 'പാളിനോക്കുക'യേ ഈ ലേഖനംകൊണ്ടുദ്ദേശിക്കുന്നുള്ളു.

തുഞ്ചത്താചാര്യൻ തൊട്ട് ഇങ്ങോട്ടു ഗണിച്ചാൽ മതി. മലയാള ഭക്തകവിപ്രസ്ഥാനത്തിന്റെ അടിയുറവയാണ് അദ്ദേഹത്തിന്റെ കവിത. പൊട്ടിച്ചിരിച്ചൊഴുകുന്ന ഒരു കാട്ടാറിന്റെ വക്കത്തു സാനന്ദം നോക്കിനില്ക്കുന്ന ഒരു അനുഭവം കുഞ്ചൻ കൃതികൾ നമുക്കു തരുന്നു. എഴുത്തച്ഛന്റെ കിളിപ്പാട്ടുകളും കുഞ്ചന്റെ മണിപ്രവാള തുള്ളൽപ്രസ്ഥാനങ്ങളും വിട്ടാൽ പിന്നെ, നമുക്കുള്ള താവളം ആ കേളികേട്ട 'ത്രിമൂർത്തി'കൾക്കൊപ്പമാണ്. ആശാൻ, ഉള്ളൂർ, വള്ളത്തോൾ : മലയാളത്തിനു മറന്നുകൂടാത്ത, മറക്കാനാവാത്ത, രത്നഖനികൾ ! കേരളീയസഹൃദയലോകം പദ്യകൃതികൾക്കു മാത്രമല്ല, ഈ കവികേസരികളോടു കടപ്പെട്ടിട്ടുള്ളത്. ഗദ്യപദ്യതർജ്ജമകളും, നാടകങ്ങളും എന്നുവേണ്ട അവർ കടന്നുനോക്കാത്ത സ്ഥലങ്ങൾ സാഹിത്യക്ഷേത്രത്തിലുണ്ടോ ?

ആശാൻ മുതൽ തുടങ്ങുകയല്ലേ ?; ആ ഖണ്ഡകാവ്യങ്ങളെക്കുറിച്ച് ആദരപൂർവ്വം ഒന്നു വഴി മാറിനില്ക്കുക ! 'നളിനി'യും 'ലീല'യും 'സീത'യുമൊക്കെ എത്ര ആക്ഷേപശരങ്ങൾ സഹിച്ചാണ് ഇന്ന് അപ്രമേയഗുണപ്രാഭവങ്ങളോടെ പരിലസിക്കുന്നതെന്ന് മലയാളികൾക്കു നല്ലവണ്ണം അറിയാം. ആംഗ്ലേയസാഹിത്യത്തിലെ പ്രസിദ്ധകവിയായ ഷെല്ലിയുടെ ഭാഷയിൽ :

"ഭാവനയുടെ പ്രതിഫലനമാണ് കവിത". എങ്കിൽ മഹാകവി കുമാരനാശാന്റെ കറ തെളിഞ്ഞതും കമനീയതയോലുന്നതുമായ കവിഭാവനയ്ക്കേ നളിനിയേയൊ അവളുടെ കൂട്ടുകാരികളേയൊ തൊടാൻ അർഹതയുള്ളു. ഹൈമവതഭൂവിലെ 'ഉൽഫുല്ലബാലരവി' പോലെ കാന്തിമാനായ ദിവാകരയോഗിയും ആ തടത്തിൽത്തന്നെ 'ഉഷഃസന്ധ്യ' പോലെ പാവനാംഗിയായ നളിനിയും, ഒരിക്കൽ നമ്മുടെ ദൃഷ്ടിയിൽ പെട്ടാൽ പിന്നെ അത്ര എളുപ്പത്തിലൊന്നും മായ്ക്കാൻ സാദ്ധ്യമല്ല. നല്ല നാലു വരി നോക്കുക : നളിനിയുടെ ദേഹവിയോഗം പ്രകൃതം.

"ക്ഷീണയായ് മിഴിയടച്ചു നിശ്ചല-
പ്രാണയായുടനവന്റെ തോളതിൽ
വീണു, വായു വിരമിച്ച കേതുവിൽ
താണു പറ്റിയ പതാകപോലവൾ."

ഭാവനയുടെ കടിഞ്ഞാൺ അയക്കേണ്ടിടത്തു അയച്ചും മുറുക്കേണ്ടിടത്തു മുറുക്കിയും അങ്ങനെ അനുക്രമമായി മുന്നേറുന്ന ഒരൊന്നാംതരം സൗന്ദര്യാസ്വാദനം നളിനിയിലൂടെ വായനക്കാരനു് ലഭിക്കുന്നു.

മലയാളത്തിലെ ആദ്യത്തെ 'സിംബോളിക് കൃതി'യായ "വീണപൂവ്" ആ കാലഘട്ടത്തിലെ മാത്രമല്ല എന്നത്തേയുമായ ഒരു സവിശേഷതയുടെ മുന്നോടിയാണ്. എത്ര പ്രശസ്തമായ രീതിയിൽ അനന്യസാധാരണമായ ആ കവിതാശൈലി ഇതിൽ തെളിഞ്ഞുയരുന്നുവെന്നോ.

''ഉല്പന്നമായതു നശിക്കു,മണുക്കൾ നില്ക്കും
ഉല്പന്നമാമുടൽ വെടിഞ്ഞൊരു ദേഹിവീണ്ടും
ഉല്പത്തി കർമ്മഗതിപോലെ വരും ജഗത്തിൽ
കല്പിച്ചിടുന്നിവിടെയിങ്ങനെ യാഗമങ്ങൾ.

...ഹാ, ശാന്തി യൌപനിഷദോക്തികൾ തന്നെനല്കും
ക്ലേശിപ്പതാത്മപരിപീഡന മജ്ഞയോഗ്യം
ആശാദരം ശ്രുതിയിൽവെയ്ക്കുക നമ്മൾപിന്നെ
ഈശാജ്ഞപോലെവരും........'' എന്നും

''കണ്ണു മടങ്ങുക കരിഞ്ഞുമലിഞ്ഞുമാശു
മണ്ണാകുമീ മലര് വിസ്മൃതമാകുമിപ്പോൾ
എണ്ണീടുകാർക്കുമിതുതാൻ ഗതി, സാദ്ധ്യമെന്തു്
കണ്ണീരിനാൽ? അവനി വാഴ്വു കിനാവുകഷ്ടം!''

എന്നുമുള്ള ഉന്നതമായ വേദാന്തതത്ത്വചിന്തകളും ആലോചിക്കുന്തോറും അമൃതനിഷ്യന്ദികൾ തന്നെ. 'ലീല'യും 'മദന'നും 'വാസവദത്ത'യും 'ഉപഗുപ്ത'നും 'ചാത്ത'നും 'അന്തർജന'വുമൊക്കെ കവിഭാവന സൃഷ്ടിച്ചു ജീവിക്കുന്ന കഥാപാത്രങ്ങളാണു്. പ്രകൃതം അവരെക്കുറിച്ചു് കൂടുതലൊന്നും പറയുവാൻ അനുവദിക്കുന്നില്ല!

ഉള്ളൂർക്കവിതകളെക്കുറിച്ചു് പരക്കെ ഒരാക്ഷേപമുണ്ടു്: അവ സാധാരണ ആസ്വാദിക്കത്തക്കതല്ലെന്നു്. ഒരതിരിയോളം ഇതു ശരിവെക്കാമെങ്കിൽ കൂടി അദ്ദേഹത്തിന്റെ തൂലികത്തുമ്പിലൂടെ സ്വച്ഛന്ദമൂർന്നൊഴുകുന്ന ഒരു കവിതാ കല്ലോലിനി. സൌന്ദര്യാസ്വാദകനെ സമുചിതമായി ഊട്ടുവാനുള്ള വിഭവങ്ങൾ ആ 'തറവാട്ടമ്മ'യുടെ കൈമുതലായി സൂക്ഷിപ്പുണ്ടു്! ആ മഹാകവിയുടെ 'ഉമാകേരള'മഹാകാവ്യം പോലെ ഇത്രയും വൃത്തമൊത്ത ഒരു മഹൽഗ്രന്ഥം മലയാളം നാളിതുവരെയും കണ്ടിട്ടില്ല. ഉമയമ്മറാണിയുടെ വിലാപശ്ലോകങ്ങൾ ആറാംതരം മുതൽ നാമൊക്കെ പഠിച്ചുവന്നതാണല്ലോ. അതിൽ,

''മമ നേത്രരസായനങ്ങളെ
മമതാലാസ്യ മണിഗൃഹങ്ങളെ
കമനീയ കലാകരങ്ങളെ
യമലോകത്തിനു നിങ്ങൾ പോയിതോ?''

തുടങ്ങി അവസാനിക്കുവോളം വായനക്കാരന്റെ ആസ്വാദനതൃഷ്ണ പടിപടിയായി വളരുന്നതു് കാണാം. കേരളത്തെക്കുറിച്ചു് 'കണ്ണൻ' പറഞ്ഞതെന്തോ?

''കേരളഭൂതല മൌദാര്യസസ്യത്തിൽ
വാരുററകേദാരം പണ്ടുപണ്ടേ........''

അത്രയും സ്വന്തനാടിന്റെ മഹിമ വിളിച്ചുപറയുന്നുണ്ടു് ആ 'സൂതപുത്രൻ'. പണ്ഡിതനും വിദ്യാധുരീണനുമായ സാക്ഷാൽ കേരളവ്യാസനു മാത്രമേ ഇത്തരമൊരു മഹാകാവ്യരചന സസുഖം സാദ്ധ്യമാകൂ. വെറുതെയല്ല മുണ്ടശ്ശേരി ''മലയാളസാഹിത്യത്തിലെ ജംഗമനിഘണ്ടു''വാണദ്ദേഹമെന്നു് അഭിപ്രായപ്പെട്ടതു്. കണ്ണുഭൂഷണം മലയാളസാഹിത്യാംഗനയ്ക്കു് വിലപ്പിടിപ്പുള്ള ഒരു ഭൂഷണം തന്നെ. 'പിംഗള'—ആ വേശ്യപ്പെണ്ണു് വാസവദത്തയുടേയും മറിയത്തിന്റേയും അയൽപക്കക്കാരിയാണു്. 'അംബ'യുടെ കർത്താവാണു് കേരളീയജനതയുടെ ചിരകാലാഭിലാഷമായ 'കേരളസാഹിത്യചരിത്ര'ത്തിന്റെ പ്രണേതാവു്. ഇത്രകൊണ്ടു് ഇതും നിൽക്കട്ടെ.

വള്ളത്തോളാണ് മൂന്നാമൻ. ഈ മൂവരിലും വെച്ച് സൌന്ദര്യാരാധകനും, ആസ്വാദകനും ഏറ്റവുമധികം തെളിഞ്ഞുകാണുക ഇദ്ദേഹത്തിലാണെന്ന് വേണം പറയുക. ഡോക്ടർ എസ്. രാധാകൃഷ്ണന്റെ അഭിപ്രായത്തിൽ: "പ്രാപഞ്ചികസംഗീതം മനുഷ്യഹൃദയത്തിൽ മാറ്റൊലിക്കൊള്ളുന്നതാണ് കവിത." എങ്കിൽ ഇതിനുള്ള ഉദാഹരണങ്ങൾ തന്നെ വള്ളത്തോൾ കൃതികൾ, പ്രത്യേകിച്ച് സാഹിത്യമഞ്ജരികൾ!

"മാറാപ്പേന്തിയ ഭിക്ഷുവിന്റെ ചുമലിൽ ചായും നകക്കോണിലും" 'മാനംചേർന്ന ഭടന്റെ മിന്നൽ ചിതറും കൈവാളിളക്കത്തിലും' 'സാനന്ദം കളിയാടുന്ന ശിശുവിൻ തുവേർപ്പിലും' 'മുഗ്ദ്ധയുടെ മനോരമണനിൽ നടകടക്കണ്ണിലും' 'പുഞ്ചിരിക്കുന്ന പൂവിലും' കവിത കാണുന്ന കവിയത്രെ സൌന്ദര്യാരാധകൻ. അദ്ദേഹത്തിന്റെ ഉയർന്ന ഭാവനയ്ക്ക് മകുടം ചൂടുന്ന നാലുവരിയിതാ:

"പീലിപ്പുരികുഴൽ കെട്ടഴിഞ്ഞുണ്ണിതൻ
തോളിൽ പരന്നതിൻ തുമ്പുകളിൽ
വെള്ളത്തിൻ തുള്ളികൾ നിന്നുറ്റിളയാടി
വെള്ളിയലുക്കുകളെന്ന പോലെ."

ഇത്ര മനോഹരങ്ങളായ നാലുവരികൾ മലയാളകവിതയിൽ മറ്റൊരിടത്തും കാണുക സാധ്യമല്ലെന്നു ഡോ: കെ. ഭാസ്കരൻനായർ (ധന്യവാദം) അഭിപ്രായപ്പെട്ടിരിക്കുന്നു. ആ വരികൾ വ്യാഖ്യാനിച്ച് ഞാനവയ്ക്ക് ഭംഗം വരുത്തുന്നില്ല.

"ആര്യപു——ക്ഷമിച്ചാലുമെന്നവിവേകം ഹാഹാ
സൂര്യനെത്തൊടുവാൻ കൈ നീട്ടിപ്പോയ് നിശീഥിനി"

ഇടങ്ങുന്ന "രാധയുടെ കൃതാർത്ഥത"യിലെ കേകാവൃത്തത്തിലടങ്ങിയ സൌന്ദര്യാതിരേകം ഒരുപക്ഷെ ഖണ്ഡകാവ്യങ്ങളിൽ അത്ര സുലഭമായിക്കണ്ടെന്നുവരില്ല. നമുക്കൊക്കെ മിക്കവാറും ഹൃദിസ്ഥങ്ങൾ തന്നെയായ ആ 'മഗ്ദലനമറിയത്തിലെ' 'വാർതിങ്കൾതാലമെടുത്ത വസന്തരാവും' അതിനനുസൃതങ്ങളായ മറ്റുവരികളും മലയാളികളായ നമ്മെപ്പോലെ മറ്റാർക്കാണ് അറിഞ്ഞാരാധിക്കുവാൻ കഴിയുക!

"അല്ലൽപെരുങ്കടൽ കല്ലോലമാലയിൽ
തെല്ലുല്ലസിച്ചു കുഴങ്ങുന്നു ഞാൻ
എഴയാമെന്നെക്കരേറുവാൻ മറ്റാരു-
ണ്ടാഴിയ്ക്കുമീതെ നടന്നവനേ."

ശോകസാഗരത്തിൽ തിരമാലകൾ ഒന്നിനൊന്ന് ക്രമമായി പൊങ്ങിത്താഴുന്നതിന്റെ ഇത്ര മനോഹരമായ വർണ്ണന 'ശബ്ദകുബേരനായ' ആ വള്ളത്തോൾ ഗാനഗന്ധർവ്വൻ മാത്രമെ എഴുതുകയുള്ളു. രണ്ടുദാഹരണം കൂടെ ആ സ്വഭാവവർണ്ണനക്കായി കുറിക്കട്ടെ:

"പാടെ നരച്ചുള്ള ശിരസ്സുപൊക്കി
നോക്കുന്നു ഗൌരീ ഗുരുവാം ഗിരീന്ദ്രൻ
ദൌഹിത്രനേല്ലും ദുരവസ്ഥയിങ്കൽ
പകച്ചുനോക്കുന്നതുപോലെ കാണായ്"

(ശിഷ്യനും മകനും)

"തപിട്ടോലുമക്ഷികൾ നരച്ചുവളർന്ന മാറിൽ
തൊട്ടോരു താടി, ചുളിവീണ പരന്നനെറ്റി
മുട്ടോളമെത്തിയ ഭുജാമുസലങ്ങളെന്നീ-
മട്ടോടവൻവിലസി മേരുദീർഘകായൻ".

(ബന്ധനസ്ഥനായ അനിരുദ്ധൻ)

ഇത്രയുംകൊണ്ട് വള്ളത്തോൾകവിതയെക്കുറിച്ച് പറഞ്ഞുതീർന്നില്ല. പക്ഷെ അല്പമൊന്ന് തൊട്ടുനോക്കിയെന്നുമാത്രം.

സുപ്രധാന്യനായ മറ്റൊരു മഹാകവി കൂടിയുണ്ടല്ലോ മലയാളത്തിൽ. അതെ മഹാകവി ജി. ശങ്കരക്കുറുപ്പ്. ഒന്നാംതരം അറുപതു് കവിതകളടങ്ങിയ ഒന്നാണ് "ഓടക്കുഴൽ". 'എന്റെ വേളി' എന്ന സമുന്നത സിംബോളിക് കാവ്യം ഇന്നു് വെളിച്ചം കണ്ട മറ്റെല്ലാ കാവ്യങ്ങളെയും പിൻതള്ളിയിരിക്കുന്നെന്ന് പറയുന്നതിൽ വലിയ തെറ്റില്ല.

"കാലമെൻ ശിരസ്സിങ്കലണിയിക്കയായ് മുല്ലമാല
ഫാലത്തിൽ ചേർത്തുകഴിഞ്ഞു വരക്കുറി
വരണം വരൻമാത്രം ആസന്നമായിപ്പോയി
വരണം, സനാതന നിയമം ലംഘിക്കാമോ?"

വിവാഹത്തോടൊപ്പംതന്നെ ഇതിൽ ഒരു മരണംകൂടി ഉൾക്കൊണ്ടിരിക്കുന്നു. ചേതസ്സമാകർഷകമായ ഈ കവിതയെഴുതിയ കവിയെ ശ്രീ എസ്സ്. ഗുപ്തൻനായർ പറയുന്നതുപോലെ "ഏറ്റവും ശ്രദ്ധേയനായ കവി" എന്ന പേരിൽ നമുക്ക് വിശേഷിപ്പിക്കാം. ആ "ഓടക്കുഴലി"ലൂടെ സാക്ഷാൽ മുരളീധരന്റെ വേണുഗാനാലാപമാണ് നാം ശ്രവിക്കുക. "നിമിഷം" എന്ന പ്രശസ്തകവിതയിൽ ആദ്യവായനക്ക് മനസ്സിലാവാത്ത ഗഹനങ്ങളായ എത്രയോ തത്വചിന്തകൾ അടക്കിവെച്ചിരിക്കുന്നു. "ഇരുട്ടിനുമുമ്പ്", "സന്ധ്യ" എന്നീ ലഘുനാടകങ്ങളും കുട്ടികളുടെ ഹൃദയതലങ്ങളിൽ ഇരുന്നു് "കുത്തിക്കുറിച്ച "കുഞ്ഞിക്കവിതകൾ" അടങ്ങുന്ന "ഇളംചുണ്ടു"കളും, "സാഹിത്യകൌതുകം" 3 ഭാഗങ്ങളും മലയാളത്തിന്റെ മനോഹാരിതയ്ക്കു മാറ്റുകൂട്ടുന്നവ തന്നെ. പുരോഗമനപരങ്ങളായ നല്ല നാലു വരികൾക്കൂടെ അടുത്തുദ്ധരിച്ച് ഈ പ്രകൃതവും ഉപസംഹരിക്കാം.

" ഹാ! വരും വരും നൂനമാദ്ദിനമെൻനാടിന്റെ
നാവനങ്ങിയാൽ ലോകം ശ്രദ്ധിക്കും കാലംവരും
ഹാ! വരും വരും നൂനമാദ്ദിനമെൻനാടിന്റെ
പാവനപതാകകൾ കടലിൽ തത്തിപ്പാറും."

ഇടയിൽ പേരുപെറ്റ രണ്ടു പേരെ വിട്ടുപോയി. അല്ലെങ്കിൽ അവരിവിടെയാകട്ടെ— ഇടപ്പള്ളിയിലെ ആ ഇണക്കുയിലാണവർ— ഇടപ്പള്ളി രാഘവൻപിള്ളയും ചങ്ങമ്പുഴ കൃഷ്ണപിള്ളയും!

വാട്ട്സ് ഡൺടൺ (Wats Donton) ഒരിടത്തു പ്രസ്താവിക്കുകയുണ്ടായി: "വികാരാത്മകവും സംഗീതസമ്മിളിതവുമായ ഭാഷയിൽ മനുഷ്യഹൃദയത്തിന്റെ പദാർത്ഥനിബന്ധവും കലാസുഭഗവുമായ പ്രകടനമാണ് കവിത " എന്ന്.

ഇതിനുള്ള ഒന്നാംതരം ഉദാഹരണമാണ് ഈ യുവകവികളുടെ കേളികേട്ട സംഭാവനകൾ മുഴുവനും. അവർ ഒരു പുതിയ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാക്കളാണ്. ഡോ: എസ്സ്. കെ. നായർ പറഞ്ഞതുപോലെ "ഒരു മരത്തിന്മേൽ ഇരുശാഖകളിലായിരുന്നു ആ രാക്കുയിലുകൾ നിർല്ലോഭം ഗാനം വർഷിച്ചു. കാറ്റു മറിച്ചായിരുന്നു. അവരുടെ കൊച്ചോടങ്ങൾ ദയനീയമായവിധം തകർന്നു തരിപ്പണമായി. " ചങ്ങമ്പുഴയുടെ തന്നെ ഭാഷയിൽ :

" കഷ്ടം! കൊതിയുണ്ടു പാടുവാനെൻ
ചിത്തമുരളി തകർന്നുപോയി. "

എത്ര വാസ്തവം! "രമണ"നെക്കുറിച്ചു പറയുമ്പോൾ മുണ്ടശ്ശേരി മാസ്റ്റർ പറയുകയുണ്ടായി: " വരുന്നവരുന്ന പ്രതികൾ, വേനല്ക്കാലത്തു മധുരനാരങ്ങ വിറ്റഴിയുമ്പോലെ അങ്ങനെ വിറ്റുതീരുന്നുവെങ്കിൽ" അതിൽ എന്തോ ഒഴിച്ചുകൂടാത്തതുണ്ടാവും, തീർച്ച. രമണനെക്കുറിച്ചു പറയുമ്പോൾ ഒരുപാടു പറയാനുണ്ട്. പ്രകൃതം അതിനു സമ്മതിക്കുന്നില്ല. തീയിൽ മുളച്ചതാണ് രമണൻ. അതു വെയിലിൽ വാടുകയില്ല.

Edgar Allen Poe (എഡ്ഗർ ആല്ലൻ പോ) വിന്റെ അഭിപ്രായം നോക്കുക: " താളവും ലയവും സമ്യക്കാകുംവണ്ണം മേളിച്ചുകൊണ്ടുള്ള സൌന്ദര്യസൃഷ്ടിയാണ് കവിത. "

"മലരണിക്കാടുകൾ തിങ്ങിവിങ്ങി
മരതകകാന്തിയിൽ മുങ്ങി മുങ്ങി
കരളും മിഴിയും കവർന്നു മിന്നി
കറയറ്റൊരാലസൽ ഗ്രാമഭംഗി!"

അങ്ങിനെ കവിതന്നെ

മതി മതി വർണ്ണനം നിങ്ങളൊന്നീ
മലനാടു കണ്ടാൽ കൊതിച്ചുപോകും." വാസ്തവമല്ലേ?

രാഘവൻപിള്ളയുടെ 'ഞങ്ങൾ' മനു വായിച്ചുനോക്കൂ! ഹൃദയമുള്ള മനുഷ്യൻ ആ സ്നേഹലോലുപന്റെ ആത്മാർത്ഥതയിൽ തീർച്ചയായും പങ്കുചേരും. അദ്ദേഹത്തെ പൂർണ്ണമായും വിശ്വസിക്കും. ചങ്ങമ്പുഴയുടെ 'മനസ്വിനി'യെപ്പോലെ അത്രയും മധുരകോമളകാന്തപദാവലികളുടെ സരസസമ്മേളനം അന്യത്ര അത്ര സുലഭമോ?

"മഞ്ഞത്തെച്ചിപ്പൂങ്കുലപോലെ
മഞ്ജിമ വിടരും പുലർകാലേ
നിന്നു ലളിതേ! നീയെൻ മുമ്പിൽ
നിർവൃതി തൻ പൊൻകതിർ പോലെ."

അതു തികച്ചും പകർത്തിയാലേ ആ സൌന്ദര്യം പൂർണ്ണമായിക്കിട്ടൂ. അതു ക്ഷണസാദ്ധ്യമല്ല. എന്നാൽക്കൂടി

"നീലാരണ്യനിച്ഛോളനിവേഷ്ടിത
നീഹാരാർദ്ര മഹാദ്രികളിൽ
കാലുലസജ്ജലകന്യക കനക
അതിരുകൾകൊണ്ടൊരു കെണിവെയ്ക്കേ
കതിരു തിരുകിലുമദൃശ്യശരീരികൾ
കാമദകാനന ദേവതകൾ
കലയുടെ കമ്പികൾ മീട്ടും മട്ടിൽ
കളകളമിളകീ കാടുകളിൽ!"

"സ്വരരാഗസുധ"യിലെ ആദ്യത്തെ "തുകിലുണർത്തു" കേൾക്കൂ.

"കാമുകനും കാമുകിയുമാണു ഞങ്ങൾ കവിമാതേ
കവിമാതേ കാമുക ഞാൻ, കരളിനെഴും മിഴിയാണേ."

ആ യുവമിഥുനങ്ങൾ പാടിപ്പാടി രസിക്കുകയാണ്! രസം പിടിച്ചു പാടുകയാണ്! ആ ഇടപ്പള്ളി പ്രസ്ഥാനത്തിന്റെ ഏറ്റവും വലിയ നേട്ടം ശബ്ദസൌകുമാര്യത്തിന്റെ ഇത്തരം ഉദാഹരണങ്ങളിൽ തീരുന്നില്ല. ചുരുക്കത്തിൽ മലയാളസാഹിത്യത്തിലെ 'ഒരു നാഴികക്കല്ലാണു' ഇടപ്പള്ളിക്കവിതകൾ.

എല്ലാ കവികളേയും സ്പർശിക്കുവാൻ ഇപ്പോൾ സമയമില്ല. വൈലോപ്പിള്ളി, വെണ്ണിക്കുളം തുടങ്ങിയവരും, ഭക്തകവി കുഞ്ഞിരാമൻനായരും, വി. വി. കെ., അക്കിത്തം, ഒളപ്പമണ്ണ, അന്തജൻ, വയലാർ, പി. ഭാസ്കരൻ, ഒ. എൻ. വി., എ. പി. പി. തുടങ്ങിയവരും കവിതാലോകത്തിലെ നമ്മുടെ മികച്ച നേട്ടങ്ങളാണ്. ബാലാമണിഅമ്മയിൽ യഥാർത്ഥ മാതൃസ്നേഹത്തിന്റെ നിറകുടം തെളിഞ്ഞുയരുന്നതു കാണാം. "നീണ്ട കവിതകളും" "കുറെക്കൂടി നീണ്ട കവിതകളും" എഴുതുന്നതിൽ വിരുതനായ എൻ. വി. കൃഷ്ണവാരിയർ മലയാളത്തിൽ ഒരാളെ പുതുതായി എഴുന്നള്ളിച്ചിട്ടുണ്ട്; "കൊച്ചുതൊമ്മൻ."

വി. വി. കെ. കവിയെ നിർത്തിയതെവിടെ?

"കണ്ടതോതുവാൻ കവി വേണമോ ലോകത്തിന്റെ
അന്തരംഗത്തെ പാടാൻ മതിയോ സാധാരണൻ" (ആത്മരശ്മി)

മറെറാരിടത്തു്",

> "കവിതൻ ഹൃദയനാദം സ്ഫുരണസൌഭാഗ്യത്തിൻെറ...
> അവിരതപ്രക്ഷേപണമായ് ഭവിക്കട്ടെ
> ക്ലേശത്തിൻെറ ചളിപ്പാടത്താശതൻെറ വിത്തിറക്കി
> പേശലസമൃദ്ധി കൊയ്യു കാവ്യകാരാ നീ!"

അദ്ദേഹം സൃഷ്ടിച്ച 'ചാവാപ്പെട്ട പൈതൽ' ഉള്ളിൻെറ ഉള്ളറയും തുറന്നുകാണുന്നവയാണ്. 'ഹൃദയഗായകനും' 'സുവർണ്ണമേഖലയും' 'അമൃതരശ്മി'യും നല്ലതിൽ ചിലതാണ്.

ഉപസംഹരിക്കട്ടെ; മലയാളപദ്യസാഹിത്യത്തെ പുറമെക്കൂടി ഒന്നു തൊട്ടുനോക്കുവാനും, സൌന്ദര്യസന്ദായിനികളായ ഏതാനും വരികളെ 'വെളിച്ചം കാട്ടുവാനും' മാത്രമേ ഞാനിതുകൊണ്ടുദ്ദേശിക്കുന്നുള്ളു. വളർന്നുവരുന്ന മലയാളകവിതാ നിർമ്മാണപ്രസ്ഥാനത്തോടൊപ്പം ഇന്നു നിഷ്പക്ഷമായ നിരീക്ഷണപാടവമുൾക്കൊള്ളുന്ന നിരൂപണശാഖയും ആസ്വാദനശാഖയും വളരേണ്ടിയിരിക്കുന്നു.

★

# ★ Literature and Life

K. Hassan, IV B. A.

At the outset, I should like to attempt a definition of the two terms Literature and Life and then to find out its relation to one another. Literature is said to be the comment upon life. What is life? To comment upon life we should have a correct idea about life. Then only we can say what its comment is likely to be. The various philosophers who thought deeply over life till now have given us no unanimous opinion about life. To some it is a riddle, to some it is pain, still others think that it is a tale told by a fool. All these definitions give us only that aspect of life which to the upholders of each of these theories might have had a profound appeal. But apart from these one-sided opinions upon life, I should like to attempt a definition. I should like to define it by contrasting the difference between the dead and the living. The dead have no contact with the environment in which they had lived. The living constantly react at what they come face to face. Yet the contact with the environment is not a satisfactory explanation of life. The inanimate objects also in some way or other keep constant contact with the environment. And what is the difference between the contact of the environment by the living and inanimate objects? The only difference is that the living things contact with the environment consciously. So, the conscious contact with environment is life. Thus literature comments upon life which is the conscious contact with environment.

Literature has been held to function in various ways. To some it is a means to the enjoyment of life. To some it is way of escape from the grim relation of the world. Still others entertain the opinion that literature must be made to alleviate the sufferings of the poor. Each of these opinions, as I have already noted, is one-sided and each of them represents a particular stand-point from which they view things. None of them can claim the merit that they fully reveal the whole aspect of literature.

We have seen that life is the 'Conscious contact with the environment. Then what is the function of literature? Obviously it has

★ This essay won the first prize in the essay competition of 1955—'56.

to comment upon life. From the time of the appearance of human species on earth man has tried to find out the mysteries of life. He has had doubts in his mind as to how the entire universe is working in union and harmony. He tried to satiate his quest for knowledge. He tried to find out answers for these questions. Thus the more wise and intelligent among them fabricated stories about the origin of the Earth, Sky and Stars etc. etc. and the philosophers tried to put every thing in order. In other words they tried to establish connexions among the various phenomena which they happened to observe. To his surprise he found that new phenomena are being created by nature. Extraordinary things occurred. Comets are sometimes, seen in heaven and they tried to find out the secret of the appearance of a comet. Thus the primitive man was keeping contact with the environment in which he lived. All the questions which were posed to the primitive man could not be answered by him. He tried to bridge the gulf with stories and legends. Thus arose the various types of gods and goddesses who presided over the destinies of each individual human being. This gave rise to the idea of predestination and fate. Thus we find that the primitive literature or the literature of the ancients, are full of such legends and stories in which the gods and goddesses played a prominent part.

With the march of time, the idea of man about himself and the gods and goddesses underwent a through change. Man began to be hailed as the most important of all creatures and the ideal man resembled gods and the ideal woman resembled goddesses and thus the human perfection was held to be the emergence and elevation of man as one equal with the gods. The perfect, the ideal, the impossible, seemed to be the equalisation of man with the God. Thus a divine spark is held to be innate in man. The cultivation of the divine qualities in man became the object of the perfect man. Thus arose the literature in which we find human beings and gods playing and acting together in various fields of activities in war and peace and in prayer and ceremonies. Thus the elevation of man as the equal of gods gave rise to the literature which treats human beings as equal to gods. The classical period of literature is almost of this sort. There we find the absolute virtues and the absolute vices personified. The virtuous people were almost worshipped by the people as an incarnation of god, the evil character being detested and cursed

by the readers. Thus arose Ramayana and Mahabharatha in which the virtuous and the vicious are depicted in clear contrast to each other. The literature of this period produced characters who are typical personifications of virtue and vice, the good and bad; and the perfect examples are to be followed and the most abominable vicious characters are to be abhored.

Later, man began to express himself with some amount of obscurity and with an ornamental and flowery style. Thus the tendency to become a little obscure became—all the more expressed and this gave rise to the various modes and techniques of literature, like symbolism, mysticism etc. Here also we find the literature of the day imbibing the thoughts and aspirations of man.

The concept of man about God, his position in the Universe and his relation to God began to appeal to him more and more forcibly and one group of poets and writers who pondered over the subject brought out excellent works which elevated man's thoughts and feelings to a higher level. The use of mere words was not sufficient to bring forth the full implications of what they had to express, so they sought the help of symbols. Thus symbolism and mysticism were the twin sisters of a single birth.

Again the concept of man underwent changes and the old ideas were found worn out and incapable of satisfying his thirst for the real and the true. Man was held to be the mixture of good and bad, each of which was predominant at particular moments. In the course of the life of a man we find that he is committing so many mistakes. Even the greatest and the best of the master minds of the age are committing mistakes of a grave nature. Still they make amends for their wrongs and improve themselves so that they may be better persons in future, and thus acquire fame and name for them. So the idea of the incarnation of God in the form of human beings was discarded and more stress was laid upon the ingenuity of man and the fruits of his persistent labour. The literature of this period is remarkably characteristic of the modern age. The idea is that man acts in response to the urge of his impulses, neither good nor bad, in itself and he acts without any reference to the moral teachings. Of course, by conventions and the social and moral compulsions, he may try to conceal his acts. Yet a great part of the activities of man is not motivated by the dictates of reason, but by the dictates of passion. Thus man began

to pass through the process of "trial and error". This concept gave an impetus to the work of Hugo and his school. For example, "the Les miserable" is a perfect depiction of life of this sort. Thus as and when the concept of man changed, the literature also gave place to corresponding changes and those concepts remodelled and modified the literary works of the age.

We have seen that the environment is a factor in our discussion. The term environment brings in undoubtedly, the social set up of each age and time. The Feudal system of society which revolves round the person of the noble of the parish or the king of the country, gave an impetus to the court poets. They sang the glories of their masters and it was flattery and the artistic merit was made subject to the element of flattery. The kings and queens were the burden of their ballard and the ordinary human beings find little or no scope in the literature of those days. The environment again changed and the form of literature again was made subject to the change. The democratic form of Governments began to preside over the destinies of the world and the values of human rights and fundamental greatness of humanity occupied a predominant part of the literature and thus it brought in its wake the works of Rosseau and his colleagues. The old ideals about the social set up and authority of the kings based on the accident of birth began to lose its hold upon the people and it gave rise to the concept of liberty, equality and fraternity. Here we find literature actually accelerating the process of history. Valtaire and Rosseau were the sponsors of these ideals and they possessed complete sway upon the minds of subsequent generations. They are really living in history while others are merely honoured and remembered with gratitude, because what they have written continues to live at the present also.

The term environment again reminds us of the idea of economic changes. Ever since the organisation of society took place, the economic set up has exercised tremendous influence over the life of the people. The advent of machines and the consequent changes in the mode and ownership of means of production and distribution have helped to the emergence of the difference between the urban population and the rural population. It has widened the gulf between the 'haves' and the 'have-nots'. This has become a serious threat to peace and order and consequently the ideological differences are likely to

bring about the ultimate break down and complete ruin of human species on earth. So, the writers of the present are trying to instil and infuse the idea of peace, nay world peace, in the minds of the people. There again, it is a question of life. The writers are propagating the message of peace through the world; because they feel that, it is their duty to propagate that message in order to rescue humanity from imminent danger. The poets and writers are held to be the prophets of their age. They have helped to shape and reshape the lives of their people. Till now, we have discussed the relation between life and literature. In fact, we were dealing with the *social life* and literature.

Now let us enter into the realm of individual life and literature. Is there a function for literature to perform in the case of each individual? Undoubtedly the answer is positive. The great works of the great minds elevate the human soul to the realm of a higher moral plane and it adds to the weight of the personality of the individual. It really provides the charm of life. Without literature, life would be barren and dull to many people. A famous king of Ancient India, Bharthri Hari preferred good works of poetry to his kingdom. This itself clearly depicts the enormous influence which literature is capable of wielding in the day-to-day life of man.

The exquisite love poetry of Keats and the imaginative works of Shelley have a profound appeal to the minds of the individuals who possess an inclination to read romantic literature. They appeal to our senses. They take possession of the individual self of the reader and transforms his self. They elevate the soul to a higher level and make us believe that life is much more than what we have held it to be.

As and when we go through the real artistic work of a master spirit, our hearts also beat in accordance with the same line of the ideal character represented by the author. It makes us feel happy, undergo sufferings, feel detested, angry at some times and agreeable at other moments. Thus it brings up emotions and feelings which are hidden in us. It makes us aware of the grim realities of life. It makes us all the more conscious of the life around us. It brings in its wake our moral indignation towards the injustice of the world. It instils a sense of proportion and a fellow feeling towards the miserable and the wretched.

Thus, to conclude, the aim of literature is to widen the horizon of our experience about life, which is the conscious contact with environment.



★

# മഹാനായൊരു കലാകാരൻ

സി. കുട്ടികൃഷ്ണൻ, III. B. COM.

പാരീസിലെ തിക്കും തിരക്കും നിറഞ്ഞ ജീവിതത്തിന്നിടയിൽ തെല്ലൊന്നൊഴിഞ്ഞുമാറി, ഒരു മനുഷ്യൻ ജീവിക്കുന്നുണ്ട്—ശ്രദ്ധേയനായ ഒരു മനുഷ്യൻ. കഷണ്ടിത്തലയനായ ആ തടിച്ച മനുഷ്യൻ തലച്ചോറിനുള്ളിലൊരു ഭൂകമ്പം കുമിഞ്ഞുപോകുന്നതുപോലെ അക്ഷമനായി അങ്ങോട്ടുമിങ്ങോട്ടും നടക്കുമ്പോൾ ഉതിർന്നുവീഴുന്ന ഭാവപൂർണ്ണങ്ങളായ വാക്കുകൾ നിങ്ങൾക്ക് കേൾക്കാം. വളരെയേറെ പ്രശംസകൾക്കും ഒരുപാട് വിമർശനങ്ങൾക്കും ഏറെക്കാലമായി പാത്രീഭൂതനായ അദ്ദേഹം ഇന്നു ലോകചിത്രകലയെ മുഴുവൻ നിയന്ത്രിക്കുന്ന ശക്തികേന്ദ്രമാണ്. നിങ്ങളൂഹിച്ചതു് പാബ്ലോ പിക്കാസ്സോവിനെയാണ്.

പുത്തൻ പുത്തൻ കലാസങ്കേതങ്ങൾ കണ്ടുപിടിക്കുന്നതിൽ പിക്കാസ്സോ എന്നും അദ്വിതീയനാണ്. ഒരിക്കലും വററാത്ത പ്രതിഭയുടെ ആ ഉറവുകൾക്കുമുമ്പിൽ, ആ കലാപ്രസരത്തിന്റെ കാന്തിപ്രചുരിമയുടെ മുമ്പിൽ, മററുള്ളവർ നിസ്തബ്ധരായി നിസ്സഹായരായി നിന്നുപോകുന്നു. ഒടുങ്ങാത്ത ഈ ധിഷണാശക്തിയാണ് പരശ്ശതം കലാകാരന്മാർക്ക് എന്നും പ്രചോദനം നല്കിക്കൊണ്ടിരിക്കുന്നതു്. അതുകൊണ്ടുതന്നെയാവാം ഇന്നു കലാലോകത്തിലെ ഏററവും വലിയ വിവാദവിഷയം ഇദ്ദേഹമായതു്. കലയിലെ വ്യക്തിത്വത്തിന്റെ ഉറവിടമെന്ന് ചിലരദ്ദേഹത്തെ പുകഴ്ത്തുമ്പോൾ മററു ചിലർ അദ്ദേഹത്തെ, കലാകാരന്മാരെ ഒന്നടക്കം വഴിതെററിക്കുന്ന വിപ്ലവിയെന്നു് ആക്ഷേപിക്കുന്നു.

പക്ഷെ അദ്ദേഹം ഈ പ്രശംസകളെയും ആക്ഷേപവിമർശനങ്ങളെയുമൊക്കെ നിസ്തോഭനായി മാത്രമേ കാണാറുള്ളൂ. എങ്കിലും ഇന്നദ്ദേഹം സാർവ്വലൌകികമായംഗീകരിക്കപ്പെട്ടിരിക്കുന്നു. ഇന്നൊരു പിക്കാസ്സോ ചിത്രത്തിന്റെ വില ഒരു ലക്ഷം മുതൽ ഒന്നരലക്ഷം ഡോളർ വരെ വരും!

* * * * * *

സുന്ദരമായ സ്പെയിനിലെ 'മലാഗാ'പ്പട്ടണത്തിലദ്ദേഹം 1881 ൽ ജനിച്ചു. ഒരു ഡ്രോയിംഗ് മാസ്റ്ററായിരുന്ന അച്ഛൻ ചെറുപ്പത്തേതന്നെ തന്റെ മകനിൽ മൊട്ടിട്ടുകണ്ട കലാവാസനയെ പ്രോത്സാഹിപ്പിച്ചു. ആ കൊച്ചു കലാകാരന്റെ കുരുന്നുഭാവന എട്ടാം വയസ്സിൽ തന്നെ രൂപംകൊണ്ടുതുടങ്ങി. ഒരു മാസം അനുവദിച്ച പരീക്ഷ ഒരു ദിവസംകൊണ്ടു് തീർത്തുകൊണ്ടു് 1896ൽ പിക്കാസ്സോ 'അക്കാഡമി ഓഫ് ഫൈൻ ആർട്ട്സ്'ന്റെ പരീക്ഷ പാസ്സായി. 'സാൻ ഫെർനാൻഡോ' (San Fernando) വിലെ 'റോയൽ അക്കാഡമി' ബിരുദവും അദ്ദേഹം എളുപ്പത്തിൽ നേടി. പുത്തൻ പ്രവണതകളൊരിക്കലും ഉടലെടുക്കാത്ത 'റോയൽ അക്കാഡമി'യുടെ വീർപ്പുമുട്ടിക്കുന്ന അന്തരീക്ഷത്തിൽ നിന്നും രക്ഷപ്പെട്ടു്, ഭിന്നസംസ്കാരങ്ങളുടെ സമ്മേളനരംഗമായ 'ബർസെലോന'യിൽ പിക്കാസ്സോ എത്തി. അവിടെ വൈൻ ഗ്ലാസുകളുടെ 'കിലുകില' ശബ്ദങ്ങൾക്കിടയിൽ കാസോസ്, സൂടില്ലോ, എൽഗ്രെക്കോ എന്നീ കലാകാരന്മാരുമായി അദ്ദേഹം നാച്യൂറലിസം, സിംബോളിസം, ഇംപ്രഷനിസം മുതലായ വിഷയങ്ങളെപ്പററി ഒരു പാട് സംസാരിച്ചു.

അനാഗതശ്മശ്രുവായ ആ യുവാവ് 18_മത്തെ വയസ്സിൽ കലാകാരന്മാരുടെ സുന്ദരസ്വർഗ്ഗമായ ഫ്രാൻസിലെത്തി. ഗോഗിൻ, വാൻഗോഗ് തുടങ്ങിയ കലാനായകന്മാരുടെ കലാശില്പങ്ങളെ, അവിടെവെച്ചദ്ദേഹം ശ്രദ്ധവെച്ചു പഠിച്ചു. ജീവിതത്തിന്റെ വസന്തത്തിലേക്കു് എത്തിനോക്കാൻ തുടങ്ങിയിട്ടു് മാത്രമുള്ള ആ ചെറുപ്പക്കാരൻ പാരീസിലെ സുഖലോലസമായ അന്തരീക്ഷത്തിലേക്കു് കടന്നുവന്നതു് കയ്യിൽ ഒരു 'സൂ' പോലുമില്ലാതെയാണ്. എങ്കിലും ആ തലച്ചോറിൽ ഒരായിരം വർണ്ണഭാവനകൾ ഉടലെടുക്കുകയായിരുന്നു. അവയ്ക്കു് മുഴുവൻ രൂപം കൊടുക്കുവാൻ ആ കലാഹൃദയം വെമ്പി. അങ്ങനെ വൃത്തികേടുകളുടെ നടുവിൽ ദാരിദ്ര്യത്തോടു് സല്ലപിച്ചുകൊണ്ടു് ആ കലാകാരൻ തന്റെ സ്നേഹിതനായ 'മനോലോ' എന്ന കവിയുടെ കൂടെ അവിടെ ജീവിച്ചു.

1901 ൽ ആദ്യമായി അദ്ദേഹത്തിന്റെ കലാപ്രദർശനം നടന്നു. പക്ഷെ കാലത്തിന്റെ ഒഴുക്കിന് അനുകൂലമല്ലാത്തൊരന്തരീക്ഷമായിരുന്നു അത്. 'വാൻഗോഗി'ന്റെയും 'സ്റ്റീൻലെനി'ന്റെയും വൃത്തികെട്ട അനുകരണങ്ങളാണ് അദ്ദേഹത്തിന്റെ കലാശില്പങ്ങൾ എന്ന ആക്ഷേപം മെല്ലെ മെല്ലെ പൊന്തിവന്നു തുടങ്ങി. പക്ഷെ നിരാശനാകാതെ അദ്ദേഹം അക്ഷീണം പരിശ്രമിച്ചുകൊണ്ടിരുന്നു. പാരീസിലെ സംഭവബഹുലമായ കാലഘട്ടത്തിന്നിടയ്ക്ക് അദ്ദേഹം നിരവധി കവികളും കലാവിമർശകന്മാരുമായി വിവിധ കലാസങ്കേതങ്ങളെക്കുറിച്ച് ചർച്ചചെയ്യുണ്ടായി. അങ്ങനെ അദ്ദേഹം തന്റെ കലാവാസനയെ കൂടുതൽ കൂടുതൽ ശാസ്ത്രീയമായി രൂപപ്പെടുത്തിക്കൊണ്ടുവന്നു.

1901 നു ശേഷം അദ്ദേഹത്തിന്റെ കലാജീവിതത്തിലെ 'നീലനിറത്തിന്റെ കാലഘട്ടം' ആരംഭിക്കുന്നു. പിച്ചക്കാരെയും, തെരുവുതെണ്ടികളെയും, യാതനകളനുഭവിക്കുന്ന അമ്മമാരെയും അദ്ദേഹം നീലനിറത്തിൽ ചിത്രീകരിച്ചു. 1905നു ശേഷം അദ്ദേഹം കടുംമഞ്ഞനിറമാണ് തന്റെ കലാസൃഷ്ടികൾക്കായുപയോഗിച്ചത്. 'കുതിരയെ നയിക്കുന്ന കുട്ടി' തുടങ്ങിയ മനോഹര ചിത്രങ്ങൾ ഈ കാലഘട്ടത്തിന്റെ സംഭാവനയാണ്.

കലാകാരന്മാരെ ആശയക്കുഴപ്പത്തിലാക്കുന്ന പല നൂതനാശയങ്ങളും അവിടുന്നങ്ങോട്ട് ഉടലെടുക്കാൻ തുടങ്ങി. ''സൌന്ദര്യാനുഭൂതികളുടെ സത്താണ് കലയുടെ എല്ലാം'' എന്നുള്ള അഭിപ്രായങ്ങൾ പലരേയും കുഴപ്പത്തിലാക്കി. 1906ൽ ഒരു പ്രധാനസംഭവം കലാലോകത്തിലുണ്ടായി. അതു 'ക്യൂബിസ'ത്തിന്റെ ആവിർഭാവമായിരുന്നു. 'സിസന്നെ' (cizanne) യാണ് ആദ്യമായി അതു അവതരിപ്പിച്ചത്. ആധുനികജീവിതത്തിലെ എല്ലാ പുരോഗതികളുടേയും, കലയിലുള്ള പ്രതിഫലനങ്ങൾ ആവിഷ്കരിക്കാൻ പററിയ ഒന്നാന്തരം ഒരുപാധിയാണ് 'ക്യൂബിസം'. സീസന്നെ, ഹെൻറി റൂസ്സോ തുടങ്ങിയ കലാകാരന്മാരുടെ പ്രതിഭയിൽനിന്നുടലെടുത്ത ഈ കലാസങ്കേതം കെമിസ്ട്രി, ട്രിഗണോമെട്രി, മെററാ ഫിസിക്സ് തുടങ്ങിയ വിവിധ ശാസ്ത്രശാഖകളുടെ സമ്മോഹനസമ്മേളനമാണ്.

'ക്യൂബിസ'ത്തിന്റെ ആവിർഭാവം പിക്കാസ്സോവിന്റെ കലാജീവിതത്തിലെ ഒരു വഴിത്തിരിവിനെ കുറിക്കുന്നു. കലയുടെ അനർഘതയേയും ശാശ്വതമൂല്യത്തേയും ചോദ്യം ചെയ്യുന്ന 'നാച്ചുറലിസം', വളർന്നുവരുന്ന കലയ്ക്കനുയോജ്യമല്ലെന്ന് മററു കലാകാരന്മാരോടൊപ്പം പിക്കാസ്സോവും മനസ്സിലാക്കി. ഈജിപ്തിലേയും ഇന്ത്യയിലേയും ഗ്രീക്കിലേയും പുരാതനചിത്രങ്ങളെപ്പോലെ ഒരുന്നതനിലവാരം പാലിക്കേണ്ടതാണെന്നദ്ദേഹത്തിനു ബോദ്ധ്യമായി. ആധുനികയുഗത്തിലെ കെട്ടുപിണഞ്ഞുകിടക്കുന്ന സാങ്കേതികജീവിതത്തെ ചിത്രീകരിക്കാൻ കൂടുതൽ ശാസ്ത്രീയവും ഭാവപൂർണ്ണവുമായ ഒരു കലാസങ്കേതം അനിവാര്യമായിത്തീർന്ന ഒരു കാലഘട്ടത്തിലാണ് ക്യൂബിസം ഉടലെടുത്തത്. പിക്കാസ്സോ പരിപൂർണ്ണമനസ്സോടെ തന്നെ അതിനെ സ്വീകരിച്ചു. അദ്ദേഹത്തിന്റെ ബ്രഷിന്റെ തുമ്പിലൂടെ ആ പ്രസ്ഥാനം വളർന്നു ശക്തിപ്പെട്ടുവരികയും ചെയ്തു.

രണ്ടാം ലോകമഹായുദ്ധം അതിന്റെ സർവ്വ ഭീകരതയോടും പൈശാചികതയോടും കൂടി ലോകജനതയുടെ സമാധാനജീവിതത്തിൽ കരിനിഴൽ വീശിത്തുടങ്ങി. മെഷീൻ ഗണ്ണുകളുടേയും ബോംബുകളുടേയും അലച്ചകൾക്കിടയിൽ മനുഷ്യത്വത്തിന്റെ സ്പന്ദനമേ നിലച്ചുപോയി! സ്പെയിനിലെ 'ഗ്വർനിക്കാ' എന്ന പട്ടണത്തിൽ നാസികളുടെ ബോംബുകൾ രക്തപ്പുഴകൾ സൃഷ്ടിച്ചുകൊണ്ട് സംഹാരതാണ്ഡവമാടുകയായിരുന്നു. പിക്കാസ്സോവിന്റെ കലാജീവിതത്തിലെ നിർണ്ണായകമായൊരു കാലഘട്ടമായിരുന്നു അത്. 'ഗ്വർനിക്കാ' (Guernica) എന്ന തന്റെ ചിത്രത്തിൽ അദ്ദേഹം ആ കൊച്ചുപട്ടണത്തിന്റെ ദുരന്താനുഭവങ്ങളെ ജുഗുപ്സാജനകങ്ങളായ സിംബലുകൾ ഉപയോഗിച്ച് അതിസമർത്ഥമായി ചിത്രീകരിച്ചു. നമ്മുടെ ചിരാർജ്ജിതസംസ്കാരം ശ്മശാനത്തിലേക്ക നീങ്ങിക്കൊണ്ടിരുന്ന ഒരു കാലഘട്ടത്തിന്റെ, മഹാനായൊരു കലാകാരന്റെ ധാർമ്മികരോഷം വഴിഞ്ഞൊഴുകുന്ന ചിത്രീകരണമായിരുന്നു അത്.

തന്റെ കലാപ്രവർത്തനങ്ങളെക്കുറിച്ച് വ്യക്തമായ അഭിപ്രായങ്ങളുണ്ട് അദ്ദേഹത്തിന്. സ്വന്തം വികാരത്തിന്റെ ഭാഷയിലാണ് താൻ കലാസൃഷ്ടി നടത്തുന്നതെന്നദ്ദേഹം തുറന്നുപറഞ്ഞിട്ടുണ്ട്. പരമ്പരാഗതങ്ങളായ കലാസങ്കേതങ്ങളുടെ പുനരാവർത്തനത്തോടദ്ദേഹത്തിനു പുച്ഛമേയുള്ളു. താൻ ഇഷ്ടപ്പെടുന്നതെന്തും കലയിലൂടെ ആവിഷ്കരിക്കുക അദ്ദേഹത്തിന്റെ പ്രത്യേകതയാണ്. സൌന്ദര്യദർശനത്തിൽ പ്രത്യേകപരിശീലനം നല്കുക എന്ന കാര്യം അദ്ദേഹത്തിനിഷ്ടമല്ല. കലയുടെ വളർച്ചയ്ക്കെതിരായി ഇന്നേവരെ പ്രവർത്തിച്ചുപോന്നിട്ടുള്ള എല്ലാ പ്രതിലോമശക്തികൾക്കുമെതിരായി ഒരു തുറന്ന വിപ്ലവം നടത്തുവാനദ്ദേഹം ആഹ്വാനം ചെയ്തിട്ടുകൂടിയുണ്ട്.

അടുത്തായി തന്റെ 'യുദ്ധം' 'സമാധാനം' എന്നീ ചിത്രങ്ങൾ അദ്ദേഹം പ്രദർശിപ്പിക്കുകയുണ്ടായി. 'സമാധാനം' എന്ന ചിത്രത്തിൽ ഒരു കുടുംബത്തിന്റെ ചിത്രീകരണമാണ്. മേൽക്കീഴ് മറിഞ്ഞ പലതും അതിൽക്കാണാം. അടുക്കും ചിട്ടയുമില്ലാത്ത നൂതനയുഗത്തിലെ ജീവിതത്തിന്റെ ഒരു സമഗ്രചിത്രീകരണമാണ് അത്. അദ്ദേഹത്തിന്റെ ഭാവനയുടെ പുത്തൻപ്രവണതകൾക്ക് ഒരു മകുടോദാഹരണമാണാച്ചിത്രം.

കല അദ്ദേഹത്തിനൊരായുധമാണ്. അദ്ദേഹം തന്നെ കലയെപ്പററി പറയുന്നതു കേൾക്കുക. "അത് (കല) ശത്രുക്കളിൽനിന്നും സ്വയം രക്ഷിക്കാനും ആക്രമിക്കാനുമുള്ളൊരായുധമാണ്. നമ്മുടെ യുഗത്തിലെ ശത്രുക്കളാകട്ടെ ഭയം, മൃഗീയത, സ്വാതന്ത്ര്യതല്പരത എന്നിവയുമാണ്." അദ്ദേഹത്തിന്റെ കലാവീക്ഷണത്തെ പൂർണ്ണമായും ഈ വാക്കുകൾ പ്രതിഫലിപ്പിക്കുന്നു. അദ്ദേഹം നടത്തിയ കുരിശ്‌യുദ്ധങ്ങൾ പലതാണ്. കലയെ നശിപ്പിക്കാനും അതിന്റെ വഴി തെററിക്കാനും ശ്രമിക്കുന്ന അനേകം ശക്തികൾക്കെതിരായി അദ്ദേഹം അററമില്ലാത്ത യുദ്ധമാണ് തുടങ്ങിവെച്ചത്.

യാഥാർത്ഥ്യത്തിലേക്ക് വെളിച്ചം വീശുന്ന, സൌന്ദര്യാവബോധത്താൽ ഉൽഭൂതമാകുന്ന ആ വികാരവിശേഷം—അതാണ് കലയിലെ യാഥാർത്ഥ്യമായി അദ്ദേഹം കണക്കാക്കുന്നത്. അതാണദ്ദേഹം ഇന്നേവരെ ആവിഷ്കരിക്കാൻ ശ്രമിച്ചിട്ടുള്ളത്. ഏറിയ പങ്കും അദ്ദേഹം വിജയിച്ചിട്ടുണ്ടെന്നുതന്നെ പറയാം. ജീവിതത്തിന്റെ ആളിക്കത്തുന്ന അഗ്നിശിഖയിലെ കാണപ്പെടാത്ത സ്ഫുലിംഗങ്ങളെ നമുക്ക് വ്യക്തമായി കാണിച്ചുതരികയാണ് ആ പ്രതിഭാശാലി ചെയ്യുന്നത്.

മററു മഹോന്നതന്മാരായ കലാകാരന്മാരെപ്പോലെ തന്നെ പിക്കാസ്സോവിന്റെ ജീവിതവും പ്രേമത്താലും വിവാഹത്താലും ബഹുലമാണ്. 'ഫെർനാൻഡോ ഒലിവർ' അദ്ദേഹത്തിന്റെ ചിത്രങ്ങൾക്കു മാതൃകയായിരുന്നു. അവളുടെ കൂടെ കുറെക്കാലം അദ്ദേഹം ജീവിച്ചു. അവളുടെ അലൌകികസൌന്ദര്യത്തിൽ അസൂയാലുവായ അദ്ദേഹം പുറമേയ്ക്കു പോകുമ്പോൾക്കൂടെ അവളെ മുറിയിലിട്ടടച്ചിരുന്നു. 'ഒൾഗാ കൊക്ലോവാ' എന്ന യുവതിയെയാണ് പിന്നീടദ്ദേഹം വിവാഹം ചെയ്തത്. ഏറെക്കാലത്തിനു മുമ്പ് അവളെയും അദ്ദേഹം ഉപേക്ഷിച്ചു. 'ഡോറാമാർ' എന്ന പെണ്ണും കുറെക്കാലം അദ്ദേഹത്തിന്റെ കൂടെയായിരുന്നു. ഇന്നദ്ദേഹം തന്റെ 42 വയസ്സിന്നിളയ 'ഫ്രാങ്ക്ളോയിസ് ഗില്ലട്ട്'മൊന്നിച്ചു സുഖമായി ജീവിക്കുന്നു. രണ്ടു കുട്ടികളുമുണ്ടദ്ദേഹത്തിനു.

അമ്പതു കൊല്ലക്കാലത്തോളമായി അധ്വാനിച്ചു പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണദ്ദേഹം. ഈ കാലഘട്ടത്തിനിടയ്ക്ക് ഒരുപാട് ആക്ഷേപങ്ങളെ അദ്ദേഹം നേരിടേണ്ടിവന്നിട്ടുണ്ട്. നിരവധി 'യുദ്ധപ്രഖ്യാപന'ങ്ങൾ ചെയ്യേണ്ടിവന്നിട്ടുണ്ട്. പക്ഷെ പ്രതിയോഗികളുടെ പിടിയെത്താത്തേടത്തോളം അദ്ദേഹം ഉയർന്നുകഴിഞ്ഞു. ആധുനിക കലയിലെ ശക്തികേന്ദ്രമാണിദ്ദേഹം. ആയിരമായിരം കലാകാരന്മാർ പ്രചോദനം നേടുന്ന അനാസാദിക്കാത്ത ഒരു ശക്തികേന്ദ്രം.

---

ഒലിംപ്ലീഷ് ലോകനാത്തോട്ട് കടപ്പാട്.

# നവീന ഇന്ത്യ—രാഷ്ട്രാന്തരീയ രംഗത്തിൽ.

ടി. വി. ബാലഗോപാലൻനായർ, III B. A.

സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം ഇന്ത്യയുടെ അന്തസ്സ് ലോകരാഷ്ട്രങ്ങൾക്കിടയിൽ വളരെയേറെ ഉയൎന്നിട്ടുണ്ടെന്നുള്ളതു് സുസമ്മതമായ ഒരു വസ്തുതയാണു്. പണ്ഡിറ്റ്ജിയുടെ ഭാഷയിൽ, സ്വാതന്ത്ര്യലബ്ധിക്കു മുമ്പു് ലോകനാടകത്തിലെ ഒരു കാണിമാത്രമായിരുന്ന ഇന്ത്യ, സ്വാതന്ത്ര്യോദയത്തിന്നു ശേഷം ലോകനാടകത്തിലെ ഒരു നടിയായിത്തീൎന്നു. ആഭ്യന്തരനയവും വിദേശനയവും ഒരു നാണയത്തിന്റെ ഇരുവശങ്ങൾ മാത്രമാണെങ്കിലും, വിദേശരംഗത്തു് നമുക്കു കൂടുതൽ പ്രസിദ്ധി നേടാൻ സാധിച്ചുവെന്നതു് അവിതൎക്കിതമാണു്. ആസ്ത്രേല്യൻ വിദേശകാൎയ്യമന്ത്രി, മി. "കേസി" പ്രസ്താവിച്ചതു നോക്കുക. "ഇന്ത്യ അന്താരാഷ്ട്രീയരംഗത്തു പുതുതായി പ്രവേശിച്ച ഒരു രാജ്യമാണെങ്കിലും ലോകത്തിലെ ഒരു പ്രമുഖരാഷ്ട്രത്തിന്റെ പദവി അതിന്നിപ്പോൾ കൈവന്നിട്ടുണ്ടു്. ഇത്ര കുറച്ചു സമയത്തിന്നുള്ളിൽ, ഇത്രയധികം പ്രവൎത്തിച്ച നിങ്ങളുടെ മഹാനായ നേതാവിനെ ലോകത്തിലെ സമാധാനകാംക്ഷികളായ എല്ലാ സ്ത്രീപുരുഷന്മാരോടൊപ്പം ഞാനും അഭിനന്ദിക്കുന്നു."

## സ്വാതന്ത്ര്യപ്രാപ്തിക്കു മുമ്പു്.

ഇന്ത്യ ബ്രിട്ടീഷ് ഭരണത്തിൻ കീഴിലായിരുന്ന കാലത്തു്, ബ്രിട്ടന്റെ സാമ്രാജ്യത്വതാല്പൎയ്യത്തിന്നനുഗുണമായ ഒരു വിദേശനയമായിരുന്നു സ്വീകരിച്ചിരുന്നതു്. എന്നാൽ ഇന്ത്യൻ നേഷനൽ കോൺഗ്രസ്സിന്നു് അമ്പതു വൎഷം മുമ്പുതന്നെ അനുസ്യൂതമായ ഒരു വിദേശനയമുണ്ടായിരുന്നു. യഥാൎത്ഥത്തിൽ സ്വാതന്ത്ര്യലബ്ധിക്കു ശേഷം ഇന്ത്യ അനുവൎത്തിച്ച വിദേശനയം, അതിന്റെ ഒരു തുടൎച്ച മാത്രമായിരുന്നു.

മൎദ്ദിതജനതക്കു സ്വയംനിൎണ്ണയാവകാശം അനുവദിച്ചു കൊടുക്കുവാൻ അധികാരത്തിൽ വരുന്നതിന്നു മുമ്പുതന്നെ കോൺഗ്രസ്സ് വാദിച്ചിരുന്നു. ഡച്ചു മേധാവിത്വത്തിന്നെതിരായ ഇന്തോനേഷ്യൻ സമരവും ഫ്രാൻസിന്നെതിരെ വിയറ്റനാം ജനതയുടെ വിമോചനസമരവും ഇന്ത്യൻ നേഷനൽ കോൺഗ്രസ്സിന്റെ സഹാനുഭൂതിക്കു പാത്രമായി. ഫാസിസം, സാമ്രാജ്യത്വം എന്നിവയെ കോൺഗ്രസ്സ് ചെറുത്തുവന്നു.

## സ്വാതന്ത്ര്യലബ്ധിക്കു ശേഷം.

സൈനികമായൊ സാമ്പത്തികമായൊ വളരെയൊന്നും മുന്നണിയിലല്ലാത്ത ഇന്ത്യക്കു് ലോകരംഗത്തു് നിൎണ്ണായകമായ പങ്കു ലഭിച്ചതെന്തുകൊണ്ടു്? സ്വതന്ത്രവും, സുവ്യക്തവും, സുദൃഢവുമായ ഒരു വിദേശനയം നാം സ്വീകരിച്ചുവെന്നതും ലോകപ്രശ്നങ്ങൾ അതിന്നനുസരിച്ചു കൈകാൎയ്യം ചെയ്തുവെന്നതുംകൊണ്ടാണു് ആധുനികലോകത്തു് നാമൊരു നവീനശക്തിയായുയൎന്നിട്ടുള്ളതു്. തെക്കെ ആഫ്രിക്കയൊഴിച്ചാൽ സാമാന്യം എല്ലാ രാഷ്ട്രങ്ങളും ഇന്ത്യയുടെ നിൎദ്ദേശങ്ങൾക്കും അഭിപ്രായങ്ങൾക്കും പരിഗണന നല്കുന്നുണ്ടു്.

## കാശ്മീരും ഗോവയും.

ലോകരംഗത്തു പ്രവേശിച്ച ആദ്യഘട്ടങ്ങളിൽ ഇന്ത്യയുടെ നയം ഒരു പരീക്ഷണഘട്ടത്തിലായിരുന്നു. തന്ത്രപരമായ പരാജയങ്ങളുണ്ടായിരുന്നു. കാശ്മീർ പ്രശ്നവും ഗോവയുടെ കാൎയ്യവും ഇന്നും സന്നിഗ്ദ്ധാവസ്ഥയിലാണല്ലൊ. അമേരിക്ക, ബ്രിട്ടൻ മുതലായ ശക്തികൾ ഈ രണ്ടു തൎക്കങ്ങളിലും ഇന്ത്യയോടു് വിയോജിക്കുന്നു. സമാധാനപരമായ നിലയിൽ മാത്രമേ ഈ രണ്ടു പ്രശ്നങ്ങളും പരിഹരിക്കുകയുള്ളുവെന്നും അല്ലാത്തപക്ഷം അതു് ഇന്ത്യയുടെ മൌലികമായ ആദൎശങ്ങൾക്കും, പ്രഖ്യാപിതലക്ഷ്യങ്ങൾക്കും വിരുദ്ധമായിരിക്കും എന്നതാണു് ഇന്ത്യയുടെ നിലപാടു്. അല്ലാതെ ഗോവ പ്രശ്നം പരിഹരിക്കാൻ വലിയ വിഷമമൊന്നുമുണ്ടായിട്ടല്ല നാമതിന്നു മുതിരാത്തതു്.

ഏതായാലും ഈ രണ്ടു പ്രശ്നങ്ങളും പ്രായോഗികമായി പരിഹരിക്കേണ്ടതു് എത്രയും ആവശ്യമാണു്.

## ക്രിയാത്മകമായ നിഷ്പക്ഷത.

ലോകരംഗത്തു് പുതുതായി വരുന്ന ഓരോ രാജ്യവും ഏതെങ്കിലുമൊരു ചേരി പിടിക്കുകയായിരുന്നു പതിവു്. എന്നാൽ ഇന്ത്യയാകട്ടെ ഇരു ചേരികളിലും ചേരാതെ സ്വതന്ത്രമായ നിലപാടു സ്വീകരിച്ചു. അന്നത്തെ ചുററുപാടിൽ അതൊരു പുതിയ സമീപനമായിരുന്നു. "നാമൊരു പ്രത്യേകചേരിയോടും കൂട്ടുചേരുന്നതല്ല." നെഹറുജി പ്രഖ്യാപിച്ചു. എന്നാൽ ശാക്തികച്ചേരികളുടെ വക്താക്കൾക്കു നമ്മുടെ 'നിഷ്പക്ഷതാനയം' അത്ര രസിച്ചില്ല. "ഇന്ത്യ എല്ലാവരോടും സ്നേഹത്തിലാണു്; ആരെയും ഭയപ്പെടുന്നില്ല; ആരാലും ഭയപ്പെടുന്നുമില്ല" എന്നു് നെഹറു ആവർത്തിച്ചു പ്രഖ്യാപിച്ചു. എന്നാൽ ഇന്ത്യയുടെ നിഷ്പക്ഷത ശരിക്കും ശരിക്കും തെററിനും ഇടയിലുള്ള നിഷ്പക്ഷതയല്ലെന്നു് അദ്ദേഹം വിമർശകന്മാരെ ഓർമ്മിപ്പിച്ചിരുന്നു. ഇന്ത്യയുടെ നിഷ്പക്ഷത നിഷേധാത്മകമായിരുന്നില്ല, പ്രത്യുത ക്രിയാത്മകമായിരുന്നു. ഇന്നാകട്ടെ ശാക്തികച്ചേരികളോടുള്ള ഇന്ത്യയുടെ നയം പൂർവ്വാധികം രചനാത്മകമാണു്. 'സഹവർത്തിത്വ'സിദ്ധാന്തം എല്ലാ രാഷ്ട്രങ്ങളും സ്വീകരിക്കണമെന്നു ഇന്ത്യ താല്പര്യപ്പെടുന്നു.

## പൂർവ്വാധികം സജീവം.

ഇന്ത്യയുടെ വിദേശനയം അടുത്തകാലത്തു വളരെ സജീവമായിട്ടുണ്ടു്. കൊറിയൻ യുദ്ധവിരാമത്തിലും ഇന്തോചൈന ഒത്തുതീർപ്പിലും ഇന്ത്യ വഹിച്ച പങ്കു മഹത്തരവും സുപ്രധാനവുമാണു്. തടവുകാരുടെ കൈമാററം സംബന്ധിച്ചു നിഷ്പക്ഷരാഷ്ട്രങ്ങളുടെ കമ്മീഷനിൽ ഇന്ത്യക്കു് പ്രധാനസ്ഥാനം ലഭിച്ചു. സൂപ്പർവൈസറിക്കമ്മീഷനിലെ ചെയർമാൻ എന്ന നിലയിൽ ഇന്തോചീനയിലും ഇന്ത്യ അവരുടെ പങ്കു വഹിച്ചു. ഇതെല്ലാം ഇന്ത്യയുടെ പേരും പെരുമയും വർദ്ധിപ്പിക്കുകയും, ലോകരാഷ്ട്രങ്ങളുടെ മുക്തകണ്ഠമായ പ്രശംസക്കു് പാത്രമാക്കുകയും ചെയ്തു.

പടിഞ്ഞാറൻ ശക്തികളെയും കിഴക്കൻ ശക്തികളെയും കൂട്ടിയിണക്കുന്ന ഒരു കണ്ണിയാണു് ഇന്ത്യ. പരസ്പരം മത്സരിക്കുന്ന ബ്ലോക്കുകൾക്കിടയിൽ, മദ്ധ്യസ്ഥമായ നിലയിൽ ഇന്ത്യ പ്രവർത്തിച്ചു. സഹവർത്തിത്വസിദ്ധാന്തം ആവിഷ്കരിച്ചതിനു പുറമെ, പടിഞ്ഞാറും കിഴക്കുമായി പരസ്പരം അടുക്കുവാനുള്ള ഇന്ത്യയുടെ ആത്മാർത്ഥമായ പ്രവർത്തനങ്ങൾ, "ജനീവ ഉച്ചകോടിസമ്മേളനത്തിനു" കളമൊരുക്കി.

## ചൈനയും റഷ്യയുമായി കൂടുതൽ അടുക്കുന്നു.

പാശ്ചാത്യശക്തികളുമായി സ്നേഹത്തിലും സൌഹാർദ്ദത്തിലും വർത്തിക്കുന്നതോടൊപ്പം തന്നെ റഷ്യ, ചൈന എന്നീ കമ്മ്യൂണിസ്റ്റു് രാഷ്ട്രങ്ങളുമായും അടുത്ത ബന്ധങ്ങൾ പുലർത്തുവാൻ കഴിഞ്ഞ രണ്ടിൽപരം വർഷങ്ങളായി നമുക്കു സാധിച്ചു. ചൈന, ലോകരംഗത്തു ഉയർന്നുവരുന്ന ഒരു പുതിയ ശക്തിയാണെന്നും, അതിനെ അവഗണിച്ചുകൊണ്ടു് സമാധാനം സ്ഥാപിക്കാമെന്ന പാശ്ചാത്യശക്തികളുടെ ധാരണ തെററാണെന്നും ഇന്ത്യ ആദ്യമേ കണ്ടറിഞ്ഞിരുന്നു. അതിനാലാണു് ജനകീയചീനക്കു് യു. എൻ. ഒ. വിൽ അംഗത്വം അനുവദിക്കുവാൻ ഇന്ത്യ ആദ്യന്തം വാദിച്ചുപോന്നതു്.

ചൌവ്വെൻലായിയുടെ 1954-ലെ ഇന്ത്യാ സന്ദർശനവും തുടർന്നുള്ള നെഹറുവിൻെറ ചീനാസന്ദർശനവും മറയാനൊ മറക്കാനൊ ആവാത്ത സംഭവങ്ങളാകുന്നു. ഇരുരാജ്യങ്ങളും പൂർവ്വാധികം അടുത്തുവെന്നു മാത്രമല്ല, ഏഷ്യയിലെ വളർന്നുവരുന്ന രണ്ടു ശക്തികളാണു് തങ്ങളെന്നും ലോകസമക്ഷം വ്യക്തമാക്കാൻ ഇന്ത്യാ-ചീനാ പ്രധാനമന്ത്രിമാരുടെ സന്ദർശനങ്ങൾ ഉപകരിച്ചു. ഇന്ത്യയുടെ സ്വാധീനശക്തി ഏഷ്യൻ രാഷ്ട്രങ്ങൾക്കിടയിൽ വർദ്ധിപ്പിക്കുവാനും നെഹറുവിൻെറ ചീനാസന്ദർശനം കാരണമായിരുന്നു.

ഇന്ത്യൻ വിദേശനയത്തിലേക്ക് അഖിലലോകത്തിൻെറയും ശ്രദ്ധയെ ആകർഷിച്ച സംഭവമായിരുന്നു "ഇന്ത്യാ-ചൈനാ കരാറ്." 'പഞ്ചശീലങ്ങൾ' എന്ന 5 തത്വങ്ങളുൾക്കൊള്ളുന്ന, തിബത്തിനെ സംബന്ധിച്ച കരാറ് ചരിത്രപ്രസിദ്ധമായ രേഖയാണ്.

കഴിഞ്ഞ രണ്ടു വർഷങ്ങളായി സോവിയററ് റഷ്യയുമായും കൂടുതൽ സമ്പർക്കം പുലർത്തുവാൻ ഇന്ത്യക്ക് കഴിഞ്ഞിട്ടുണ്ട്. ഇരുരാജ്യങ്ങൾ തമ്മിൽ സാമ്പത്തികസഹകരണവും വ്യാപാരബന്ധങ്ങളും കൂടുതൽ പുരോഗമിക്കുവാൻ തുടങ്ങിയിരിക്കയാണ്. നെഹ്റുവിൻെറ റഷ്യൻ സന്ദർശനവും സോവിയററ് നേതാക്കളുടെ ഇന്ത്യാ സന്ദർശനവും "സൌഹാർദ്ദവൃത്ത" ത്തിൻെറ വ്യാപ്തം വർദ്ധിപ്പിക്കുവാൻ സഹായകമായിട്ടുണ്ട്. എന്നാൽ ഇരുരാജ്യങ്ങളും തമ്മിലുള്ള സഹകരണം മറെറാരു രാജ്യത്തിന്നും എതിരായുദ്ദേശിക്കപ്പെട്ടതല്ല. രണ്ടു രാജ്യങ്ങളുമായി അടുത്തതുമൂലം നാം മറേറതെങ്കിലും രാജ്യവുമായി അകന്നുവെന്നു വിശ്വസിക്കുന്നതും ആപത്താണ്.

<u>യൂറോപ്പും ആസ്യയും.</u>

യൂറോപ്പിൽ ഇയ്യിടെയായി ഇന്ത്യയുടെ സ്വാധീനശക്തി കാര്യമായി വർദ്ധിച്ചിട്ടുണ്ട്. ചെക്കൊസ്ലാവാക്യ, പോളണ്ട്, യൂഗോസ്ലാവ്യ എന്നീ യൂറോപ്യൻ രാഷ്ട്രങ്ങളുമായി ഇന്ത്യ ഏററവും മൈത്രിയിലാണ്. ടിറേറായിൻെറ ഇന്ത്യാ പര്യടനവും, നെഹ്റുവിൻെറ യൂഗോസ്ലാവ്യ സന്ദർശനവും ഇരുരാജ്യങ്ങളുമായുള്ള സൌഹാർദ്ദബന്ധങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ട്.

സ്വതന്ത്രഭാരതത്തിൻെറ ഏററവും മികച്ച സംഭാവന, ആസ്യയുടേയും ആഫ്രിക്കൻ രാഷ്ട്രങ്ങളുടേയും നവോത്ഥാനത്തിനായിച്ചെയ്ത സേവനങ്ങളാണ് എന്നതു നിർവ്വിവാദമാണ്. ആസ്യൻ-ആഫ്രിക്കൻ ജനതയുടെ വിമോചനത്തിന്നായി ഇന്ത്യ എന്നും ശബ്ദമുയർത്തിയിട്ടുണ്ട്—ഐക്യരാഷ്ട്രസഭയ്ക്കകത്തും പുറത്തും വെച്ചു്. ഇന്തോനേഷ്യയുടെ സ്വാതന്ത്ര്യത്തിന്നു് ഇന്ത്യ ചെയ്ത പ്രവൃത്തികൾ സുപ്രസിദ്ധമാണല്ലൊ. മൊറൊക്കൊ, ടുണീഷ്യ, അൾജീരിയ എന്നീ പ്രദേശങ്ങളിലെ വിമോചനത്തിന്നു വേണ്ടിയും നവീനേന്ത്യ സുധീരം പോരാടി. തെക്കെ ആഫ്രിക്കയിലെ ഇന്ത്യക്കാരുടെ കാര്യത്തിലും ഇന്ത്യ ശ്രദ്ധേയമായ പലതും ചെയ്തിട്ടുണ്ട്. ഇതിൻെറയെല്ലാം ഫലമായി ആസ്യയിലും ആഫ്രിക്കയിലും ഒരു നവോന്മേഷത്തിൻെറ അലകൾ ശക്തിയായി അടിച്ചു. 1955 ഏപ്രിലിൽ ചേർന്ന "ബന്ദൂങ്ങ സമ്മേളനം" ആസ്യൻ ആഫ്രിക്കൻ രാജ്യങ്ങളെ ഒരു അണിയിൽ കൊണ്ടുവന്നു.

'ലോകസമാധാനമാണ്' ഇന്ത്യൻ വിദേശനയത്തിൻെറ തറക്കല്ല്. ആററം, ഹൈഡ്രജൻ എന്നീ മാരകായുധങ്ങളുടെ നിയന്ത്രണം, നിരായുധീകരണം, ആററംശക്തിയുടെ സമാധാനപരമായ വിനിയോഗം എന്നീ സമാധാനത്തെ സാരമായി ബാധിക്കുന്ന സംഗതികളിൽ ഇന്ത്യ സജീവമായ താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. 'സഹവർത്തിത്വ'ത്തിലൂടെ സമാധാനസ്ഥാപനം സാദ്ധ്യമാണെന്നു് ഇന്ത്യ വിശ്വസിക്കുന്നു.

ഇന്ത്യയുടെ തന്ത്രപരമായ കഴിവുകൾ ഇയ്യിടെ കൂടുതൽ പ്രകടമായിട്ടുണ്ട്. റഷ്യയെ സ്വാധീനിച്ചുകൊണ്ട്, ഐക്യരാഷ്ട്രസഭയിൽ പുതിയ അംഗങ്ങളെ പ്രവേശിപ്പിക്കുവാൻ സാധിച്ചതു് നമ്മുടെ വലിയ വിജയമാണ്.

നമ്മുടെ വിദേശനയത്തിൻെറ ആജന്മശത്രുക്കൾകൂടി, ഇയ്യിടെയായി അതിൻെറ മഹത്വം അംഗീകരിച്ചിട്ടുണ്ടെന്നതു പ്രത്യേകം പ്രസ്താവ്യമാണ്. ഭാവിയിലും അന്താരാഷ്ട്രീയരംഗത്തു നവീനഭാരതം മഹത്തായ പങ്കു വഹിക്കുമെന്നു് നമുക്കു പ്രത്യാശിക്കാം.

# Religion and Science

*M. P. Nair, M. A., B. T.*

We are led to think by the discoveries of science that the Universe has been ripped open, and its secrets laid bare before us. The intoxication of a little knowledge makes us forget for a time that there is no power greater than man's, and that he can arrogate to himself the position of the Lord of the Universe. But surely he should know better. In spite of his vanity he must realise from his accumulated knowledge that the world is still mysterious; all his knowledge about it is only perhaps sufficient to provide him with creature-comforts, provided he makes use of his knowledge in the proper way.

The laws of Physics are to be regarded as mere hypotheses which hold sway for sometime and then give way to fresh ones. They originate from the physicists' mind which perceives one aspect of the energy in nature, for the time. That aspect soon changes, and lo! the laws lose their validity. Thus we know that the Ptolemaic theory gave way to the Copernican, and this again to the Newtonian which has lost its hold because of the theory of relativity. Even the recent theories on atom have undergone various changes, and are still in a state of flux. It would seem that any theory with sufficient imagination behind it will fit in to describe the structure of the atom which is but another term for the microcosm

In Biology we find that Darwin satisfied thinkers for some time; and men thought that they had reached the pinnacle of wisdsom. There seemed to be a finality about man's knowledge of the origin of life. But soon fresh questions were posed; and no one conversant with the crop of problems raised by the Darwinian theory will feel that he solved the problem of man's origin, for ever. And now in our present day we have the newborn science of Psychology, with new-fangled theories of instincts, behaviourism and psycho-analysis. It now fascinates us as an infant in the cradle with its play of arms and legs, and lisp. Every child is hailed as a prodigy by its parents, and it is no wonder that we are now charmed by this infant-science.

Prominent scientists have now disowned the materialistic theory of life. Sir James Jeans and Prof. Eddington have given it as their considered view that the so-called material phenomena are the effects of the way in which the spiritual reality appears to us. Einstein has

subscribed to the view that mind is fundamental and matter is derivative. In this connection it is interesting to note how our knowledge of astronomy and nuclear physics has led us back to the theory of Biblical creation. It is said that in the centre of the stars the heat is so intense that the protons and electrons are annihilated and this annihilation is the source of the recently discovered phenomena of cosmic rays or cool radiation. Everywhere in the universe these phenomena are present and so it is conceivable that the fate of the universe is to dissolve into radiation. This process can be pictorially presented like the diffussion of a drop of ink in water. To an observer it would seem that somebody is shaking the ink in water. If this can happen, Sir James Jean infers that a reverse process also can happen to which we can give the name of creation used by our forefathers. Anyhow the conclusion is insistent that the Universe cannot have originated by chance out of its present ingredients. What appears to us is material, but the reality is other than appearance. "Scientific knowledge is not knowledge of reality but of appearance."

Thus it follows that the scientific method is not the method of knowing reality. Professor Eddington illustrates this truth by the nature of the activity involved in the seeing of a joke. We can analyse a joke, like a chemical compound. After seeing the component parts we may say that the 'joke' is a joke. But in the process of analysis the ephemeral quality of joke, its laughableness, the humour of it, evaporates and is lost. Therefore the way to know a joke is to have a sense of humour. And so also the approach to reality is not through science, but through art, through the appreciation of nature, and above all through religion. And religion is intensity of personal experience in the contemplation of one greater than man. In the attempt to have this experience we deliberately follow religion.

The very same conclusion can be reached by tracing the development in physics. The notion of influence acting upon bodies and creating reaction, as enunciated by Newton has ceased to have *universal* validity, because according to Einsten, every particle moves along the line of least resistance. It moves along the easiest path open to it. It is true that it moves as it it was attracted by a distant body. But this is so, because there is a gravitational field around it, working in the same manner as a magnetic field around a magnet. It is only because we see the particle move that we suspect of the

presence of such a field. Only the movement of a piece of iron or the deflection of the needle of a galvanometer in a magnetic field demonstrates to us visibly that there is such a magnetic or electric force. We can therefore legitimately infer that every point of space may be supposed to be the theatre of an immense number of invisible happenings. We can thus believe that material bodies can be acted upon in an invisible manner by non-material or spiritual forces. Therefore the visionary voyage of the ancient mariner as conceived by Coleridge and pictured to us in his inimitable way only reveals to us that Coleridge was not a mere visionary, but a poet of intense religious experience. There need not be a willing suspension of belief to enjoy the poem, but there can be a fitting response of the soul in making its enjoyment intensive and personal.

All that has been already said should now lead us to appraise the function of a scientist. The external world is not by a sort of revelation revealed to the mind of the inquiring scientist. It is merely pictured by him. Thus science becomes essentially a form of art.

If the 'Ancient Mariner' is an exquisite piece of art, any of the imaginative pictures constructed by the human mind of the workings of the universe, and called scientific theory, is, also a creation of art. It also leads us to the perception of reality.

The Lord in Heaven sees us happy with these science-toys. As the father of the Universe he has provided us with these and let us play. The toys break, and then again he supplies us with fresh ones. We see Him and think of Him when they break, or when we are tired with the play and the toys. And then the loving Father sends us his digambers (Prophets) to take us back to Him. At such a time a religious wave spreads in the world. We know of the significance of such periods in recorded history. Let us have the faith to hope that very soon there will be an awakening in religion, an awakening this time due to the wedding of science and religion, the possibility of which we have surveyed herein. And then there will be great joy on earth.

★

**I slept and dreamt that life was Beauty**
**I woke and found that life was Duty.** — *John Keats* —

**There are two tragedies in life; one is not to get your heart's desire; the other is to get it.** — *Bernard Shaw* —

---

**(The "precious gems" printed at some of the bottom pages were collected by A. V. M. K. III B. A)**

# * സാഹിത്യകാരനും സമുദായസേവനവും

യം. ടി. രാഘവൻ, III ബി. എ.

എന്താണ് സാഹിത്യം എന്ന ചോദ്യത്തിന്ന് ഒരു പ്രമുഖനിരൂപകൻ മറുപടി പറഞ്ഞത് എന്തല്ല സാഹിത്യം എന്ന മറുചോദ്യം മുഖേനയാണ്. സാഹിത്യം എല്ലാമാണ്; എന്നുവെച്ചാൽ ഈ ലോകത്തിലെ എല്ലാ സംഭവങ്ങളും ജീവിതത്തെ ചുററിപ്പററിയാണല്ലൊ നില്ക്കുന്നത്. സാഹിത്യം ജീവിതത്തിന്റെ കണ്ണാടിയുമാണ്. വേറൊരു സാഹിത്യനിരൂപകൻ പറഞ്ഞത് സാഹിത്യമെന്നാൽ മനുഷ്യൻ നാളിതുവരെ നേടിയിട്ടുള്ള സാംസ്കാരികമൂല്യത്തിന്റെ ബഹിർപ്രകടനമാണെന്നാണ്. ഒരു കാര്യം തീർച്ചയാണ്; സാഹിത്യവും ജീവിതവും തമ്മിലുള്ള ബന്ധത്തെ ചോദ്യം ചെയ്തുകൊണ്ട് ആരും സംസാരിക്കുന്നില്ല. കല (സാഹിത്യകലയും) കലയ്ക്കു വേണ്ടിയല്ല ജീവിതത്തിന്നു വേണ്ടിയാണെന്നുള്ള നിഗമനത്തിലാണല്ലൊ ഇന്നെല്ലാവരും ഏറെക്കുറെ എത്തിച്ചേർന്നിട്ടുള്ളത്. അപ്പോൾ സാഹിത്യമെന്നാൽ മനുഷ്യജീവിതവുമായി അഭേദ്യബന്ധം പുലർത്തിപ്പോരുന്ന മഹത്തായൊരു സംസ്കാരവിശേഷമാണെന്നു സിദ്ധിക്കുന്നു.

മററു കലകൾ മനുഷ്യന്റെ ഉത്ഭവത്തോടൊപ്പംതന്നെ ആവിർഭവിച്ചിട്ടുണ്ടെങ്കിലും സാഹിത്യകല മനുഷ്യന്ന് ബുദ്ധിവികാസം വന്നതിന്നുശേഷം മാത്രമാണ് രംഗപ്രവേശം ചെയ്തിട്ടുള്ളത്. വേട്ടയാടി നടക്കുന്നവന്ന് ആടുവാനും, പാടുവാനും, പാറകളിൽ ചിത്രം കുത്തുവാനും വലിയ പ്രയാസമുണ്ടായിരുന്നില്ല. ജന്മസിദ്ധമായ വാസന മതിയല്ലൊ അവയ്ക്കൊക്കെ. പക്ഷെ സാഹിത്യം ബുദ്ധിയോടും, വിജ്ഞാനത്തോടും, പരിശീലനത്തോടും ഒക്കെ ബന്ധപ്പെട്ടുകിടക്കുന്നു.

കാട്ടിൽ താമസിച്ചുവന്നിരുന്ന പ്രാചീനകാലത്തെ വേട്ടക്കാരൻ, വേട്ടയ്ക്കുശേഷം കുടിലിലെത്തി തന്റെ പ്രാണപ്രേയസിയോട് അത്ഭുതകരങ്ങളായ കഥകൾ പറയുക പതിവായിരുന്നു. ആ കഥകൾ കേട്ട് അവൾ അത്ഭുതപ്പെടും. കൂടുതൽ കേൾക്കുവാൻ തിടുക്കം കാട്ടും. അപ്പോൾ കൂടുതൽ കഥകൾ കൂടുതൽ ചമല്ക്കാരപൂർണ്ണമായി വിശദീകരിക്കുവാൻ അയാൾ വെമ്പൽകൊള്ളും. അതിലായാൾ നിർവൃതി നേടും. ആ "കഥാകാര"ന്റെ പ്രമുഖമായ ഉദ്ദേശം വിജ്ഞാനവും വിനോദവും പരത്തുകയെന്നുള്ളതാണ്. തന്റെ പ്രേയസിയെന്ന സങ്കുചിതപരിധിക്കപ്പുറം അയാളുടെ ആസ്വാദകലോകം വികസിച്ചിരുന്നില്ല. അപ്പോൾ ഒരു കാര്യം വ്യക്തമാണ്, പ്രാചീനകാലത്തുതന്നെ സാഹിത്യം ഉദ്ദേശപൂർവ്വകമായിരുന്നു. ഒരതിർത്തിവരെ അതു പ്രചാരണോപകരണവുമായിരുന്നു.

കഥ പറയുന്ന കാട്ടാളന്റെ ആസ്വാദകന്റെ അനുവാചകലോകത്തിന്നു വ്യാപ്തി കൂടി. അയാൾക്കു ചുററും നൂറുകണക്കിനു കേൾവിക്കാർ പററിക്കൂടി. കഥ പറയുന്ന ആൾക്ക് അനുവാചകലോകത്തിന്റെ ഭാവപ്രകടനം വഴി തന്റെ തെററുകളും കുറവുകളും മനസ്സിലായി. അങ്ങിനെ സാമൂഹ്യമായ ചുററുപാടിലാണ് യഥാർത്ഥമായും കല അഭിവൃദ്ധിപ്പെട്ടത്.

വിശ്രമാവസരങ്ങളിൽ തങ്ങളുടെ ശബ്ദത്തിന്നു താളലയങ്ങൾ നല്കി നമ്മുടെ പൂർവ്വികന്മാർ സംഗീതത്തിന്നു രൂപം കൊടുത്തു. പ്രധാനമായും വിനോദത്തിനുള്ള ആഗ്രഹമായിരുന്നു ഇതിനവരെ പ്രേരിപ്പിച്ചത്.

വിനോദത്തിന്നും വിജ്ഞാനത്തിന്നും വേണ്ടിയായിരുന്നു സാഹിത്യം ഉത്ഭവിച്ചതെങ്കിലും പിൽക്കാലത്ത് വേറൊരംശവുംകൂടി അതിൽ കലർന്നുചേർന്നു. കൂടുതൽ നല്ലൊരു ജീവിതത്തിന്നു വേണ്ടി സാഹിത്യത്തെ ഉപയോഗിക്കാമെന്ന് അവർ മനസ്സിലാക്കി. ഇന്നത്തെ ഭാഷയിൽ പറയുകയാണെങ്കിൽ 'നല്ലൊരു നാളെ'യുടെ സൃഷ്ടിക്ക് സാഹിത്യം ഉപകരിക്കുമെന്ന നേരിയ ധാരണ അവരിൽ രൂപംകൊണ്ടു.

ധർമ്മപ്രചാരണത്തിന്നുവേണ്ടി സാഹിത്യം ഉപകരണമാക്കപ്പെട്ടു. ഹരിശ്ചന്ദ്രന്റെയും, സാവിത്രിയുടേയും, സീതയുടേയും കഥകൾ ധർമ്മപ്രചരണപരങ്ങളായിരുന്നു. ഒരു സമൂഹമെന്ന നിലയിൽ മനുഷ്യന്റെ ഭക്തിപരവും, ധർമ്മപരവുമായ മുന്നേററമായിരുന്നു അവയുടെ ലക്ഷ്യം. ഇന്ത്യയിലും ഗ്രീസിലും, റോമിലും മററും എത്രയെത്രയോ യക്ഷികഥകളും പുരാണകഥകളും രൂപംകൊണ്ടു. ഇതിൽനിന്നു വ്യക്തമാണ് പ്രാചീനകാലത്തുതന്നെ സാഹിത്യകാരൻ സാമൂഹ്യപുരോ

* കോളേജ് വാർഷികത്തോടനുബന്ധിച്ച് നടന്ന മലയാളം ഉപന്യാസമത്സരത്തിൽ ഒന്നാം സമ്മാനാർഹമായത്.

ഗതിക്ക് വേണ്ടി ഒരുവിധത്തിലല്ലെങ്കിൽ വേറൊരുവിധത്തിൽ പോരാടിയിരുന്നവരാണ്. അതിന്റെ ശാസ്ത്രീയതയെ പററി ഭിന്നാഭിപ്രായക്കാരുണ്ടായേക്കാം. എങ്കിലും ആ കാലഘട്ടത്തെ സംബന്ധിച്ചേടത്തോളം അവർ സമുദായപരിഷ്കർത്താക്കളായിരുന്നു.

കാലത്തിന്റെ ഗതി ക്രമത്തിൽ സാഹിത്യത്തിന്റെയും രൂപഭാവങ്ങൾക്ക് മാററം വരുത്തി. ധർമ്മസംഹിതാപ്രചരണങ്ങൾക്ക് പകരം മനുഷ്യന്റെ രാഷ്ട്രീയവും സാമ്പത്തികവുമായ പുരോഗതിക്ക് വേണ്ടിയുള്ള ദാഹം സാഹിത്യകാരനിൽ തീവ്രമായി. സ്വാതന്ത്ര്യപ്രേമികളായ ഇന്ത്യക്കാർക്ക് ടാഗോർ ചെയ്ത സംഭാവനയുടെ മൂല്യം കല്പിച്ചവരുണ്ടോ? മലയാളികൾക്ക് വള്ളത്തോളും തമിഴന്ന് സുബ്രഹ്മണ്യഭാരതിയും നല്കിയ സംഭാവന അമൂല്യമല്ലേ? വാൾട്ടയറും, റൂസ്സോവും ഫ്രഞ്ച് വിപ്ലവത്തിന്ന് കളമൊരുക്കി. മനുഷ്യസമുദായ പുരോഗതിക്കായി അവർ നല്കിയ സംഭാവനകളുടെ അമൂല്യത ഇന്നു ലോകം മുഴുവൻ അംഗീകരിച്ചിരിക്കുന്നു.

ഇവരിൽനിന്നൊക്കെ പാഠങ്ങൾ പഠിച്ചുകൊണ്ടുവേണം അധുനാധുനസാഹിത്യകാരൻ മുന്നേറുവാൻ. അയാൾ ചുററുപാടിനേയും കാലഘട്ടത്തേയും വിസ്മരിക്കരുത്. ജനതയായിരിക്കണം സാഹിത്യകാരന്റെ കരു. മതത്തിന്നും മററു ധർമ്മസംഹിതകൾക്കും പ്രചാരം നല്കിക്കൊണ്ടുള്ള സാഹിത്യരചന ഈ കാലഘട്ടത്തിന്നു തികച്ചും യോജിച്ചതാണോ എന്നു സാഹിത്യകാരൻ ചിന്തിക്കണം. അതിന്റെ ഉന്മൂലനാശത്തിന്നു വേണ്ടിയല്ല ഈ ലേഖകൻ വാദിക്കുന്നത്. അതിന്ന് അതിന്റേതായ മൂല്യത തീർച്ചയായുമുണ്ട്. ധർമ്മസംഹിത എന്നതുകൊണ്ട് ഇവിടെ ഉദ്ദേശിച്ചിട്ടുള്ളത് സത്യം, ഭക്തി, പാതിവ്രത്യം തുടങ്ങിയവയെയാണ്. ഇവയുടെ അനിവാര്യതക്കെതിരായി ആരും വാദിക്കയില്ലല്ലോ. പക്ഷെ മാറിയ പരിതഃസ്ഥിതിയിൽ സാഹിത്യകാരൻ കൂടുതൽ അവഗാഢമായ ചിന്ത നടത്തണം.

ഈ ലോകം സംഘടനാത്മകമാണ്. രണ്ടു വ്യത്യസ്തവർഗ്ഗങ്ങൾ ഇവിടെ നിലനില്ക്കുന്നു. ഭൂരിപക്ഷം ന്യൂനപക്ഷത്തിന്റെ സുഖസൌകര്യങ്ങൾക്ക് ബലിയർപ്പിക്കപ്പെടുന്നു. മാനുഷികമൂല്യത്തിന്ന് വിലയിടിഞ്ഞിരിക്കയാണ്. തീർച്ചയായും ഈ കഷ്ടപ്പെടുന്ന വർഗ്ഗം എന്നുമെന്നും ഇത് സഹിച്ചുകൊണ്ടിരിക്കയില്ല. അവർക്ക് ജീവിക്കാനുള്ള അർഹതയെ നമുക്ക് ചോദ്യം ചെയ്യാമോ? പാടില്ലതന്നെ. മാത്രമല്ല അവരുടെ അർഹതയെ നാം വെളിക്കാട്ടുകയാണ് വേണ്ടത്. മനുഷ്യസ്നേഹികൾ എന്നും മർദ്ദിക്കപ്പെടുന്ന സമൂഹത്തിന്റെ ഒപ്പമായിരിക്കണം. ഈ മനുഷ്യസ്നേഹികളുടെ കൂട്ടത്തിൽ സാഹിത്യകാരനും പെടില്ലേ? അതാണിവിടെ ചോദ്യം.

സാഹിത്യകാരൻ ഈ വക നിസ്സാരകാര്യങ്ങളിൽ തലയിടരുതെന്ന വാദമുണ്ട്. അവൻ ഒരു അഭൌമമണ്ഡലത്തിൽ വിരാജിക്കേണ്ടവനാണത്രെ. കുമാരനാശാൻ ഒരു ചെറുമനെ തന്റെ കഥാപാത്രമായി സ്വീകരിച്ചതിൽ എന്തെന്തു പരാതിയുണ്ടായില്ല! ഐത്തത്തിന്നെതിരായി ആ മഹാകവി നടത്തിയ പോരാട്ടം ഐതിഹാസികമാണ്. അന്നദ്ദേഹം അപലപിക്കപ്പെട്ടുവെങ്കിലും ഇന്ന് അദ്ദേഹം വിജയക്കൊടി പറപ്പിക്കയാണ്.

സാമുദായത്തിൽ അടിഞ്ഞുകൂടിയിരിക്കുന്ന നിരവധി മാലിന്യങ്ങളെ തുടച്ചുനീക്കാൻ സാഹിത്യകാരൻ മുന്നോട്ടുവരണം. അധൈര്യവും, പഴയ ചില വിശ്വാസങ്ങളും അദ്ദേഹത്തെ വിലക്കുന്നുണ്ടായിരിക്കും. എങ്കിലും ബഹുഭൂരിപക്ഷം വരുന്ന ജനത അദ്ദേഹത്തിന്റെ പിന്നിലുണ്ടായിരിക്കും. രാഷ്ട്രീയമായും സാമ്പത്തികമായും ഇന്നു ഉച്ചനീചത്വങ്ങളില്ലേ? കോളനിമരണവും, സാമ്പത്തികമർദ്ദനവും എങ്ങും നടമാടുകയാണ്. നമ്മുടെ മതങ്ങളിൽ തന്നെ എന്തെല്ലാം അന്ധവിശ്വാസങ്ങൾ കടന്നുകൂടിയിരിക്കുന്നു! നമ്പൂതിരിസമുദായത്തിലെ അന്ധതനീക്കുവാൻ വി. ടി ഭട്ടതിരിപ്പാട്, എം. ആർ. ബി. തുടങ്ങിയ സാഹിത്യകാരന്മാർ തൂലികയേന്തുകയുണ്ടായി. ഇന്നു മുസ്ലീം സമുദായത്തിലെ ചില അന്ധവിശ്വാസങ്ങളെ നീക്കുവാൻ പുതിയ ചില നാടക കൃത്തുക്കൾ രംഗപ്രവേശം ചെയ്തിരിക്കയാണ്. അവരുടെ ഉദ്ദേശം മതത്തിന്റെ ഉന്മൂലനാശമല്ല, അതിലെ അന്ധതയുടെ ഉന്മൂലനാശമാണ്. അതുപോലെ സാമ്പത്തികരംഗത്തിലുള്ള അസമത്വങ്ങൾക്കെതിരായും സാഹിത്യകാരൻ മുന്നോട്ടുവരണം. ഇന്നതിന്റെ സൂചനകൾ കാണാൻ തുടങ്ങിയിരിക്കുന്നു.

സമുദായ പരിഷ്കർത്താക്കളായ സാഹിത്യകാരന്മാർ ഇന്നു പ്രധാനമായും പ്രവൃത്തിക്കുന്നതു നാടകരംഗത്തിലാണ്. തീർച്ചയായും സാഹിത്യകാരന്ന് പററിയ കളരി അതുതന്നെയാണ്.

കാരണം നാടകത്തിന്ന് വായനക്കാരനേയും, പ്രേക്ഷകനേയും കാര്യം ഗ്രഹിപ്പിക്കാൻ കഴിയും. കൂടാതെ അതു ആസ്വാദകലോകത്തിന്ന് കൂടുതൽ വേഗത്തിൽ മനസ്സിലാകുകയും, അധികകാലം ഓർമ്മവെക്കുവാൻ കഴിയുകയും ചെയ്യുന്നു. അതിന്റെ രൂപവും കൂടുതൽ മനോഹരമായിരിക്കണം. സംഗീതവും, നൃത്തനൃത്യങ്ങളും അതിന്റെ കൂടപ്പിറപ്പാണല്ലൊ.

ഈ സമുദായ പരിഷ്കരണത്തിന്ന് സാഹിത്യകാരൻ ഒരു പ്രത്യേക രാഷ്ട്രീയവിഭാഗത്തോട് ഒട്ടിനിൽക്കണമെന്നില്ല. അദ്ദേഹത്തിന്ന് രാഷ്ട്രീയത്തിൽ പങ്കെടുക്കുകയോ പങ്കെടുക്കാതിരിക്കുകയൊ ചെയ്യാം. അദ്ദേഹത്തിന്റെ വിജയം കിടക്കുന്നതു് തന്റെ കലാസൃഷ്ടിയുടെ സ്വഭാവത്തിലാണ്. ജനതയുടെ സ്വഭാവത്തിലും, പുരോഗതിയിലും ശാസ്ത്രീയമായ പരിജ്ഞാനമുണ്ടായിരിക്കണം. തളരുന്ന ശക്തിയേയും വളരുന്ന ശക്തിയേയും തിരിച്ചറിയാനുള്ള വിവേചനാപാടവവും സത്യത്തെ തുറന്നുകാട്ടാനുള്ള ധൈര്യവും സാഹിത്യകാരനുണ്ടായിരിക്കണം. സാഹിത്യകാരന്ന് അദ്ദേഹത്തിന്റെ പ്രതിഭാവിലാസംമൂലം മഹത്വം അവകാശപ്പെടാമെങ്കിലും, അദ്ദേഹവും ഈ വിസ്തൃതമായ മനുഷ്യസമുദായത്തിലെ ഒരംഗം മാത്രമാണ്. ബഹുഭൂരിപക്ഷം വരുന്ന തന്റെ സഹോദരങ്ങളുടെ ഉന്നമനമാനമായിരിക്കണം അദ്ദേഹത്തിന്റെ ലക്ഷ്യം. അവരുടെ മുന്നേററം തന്റേയും കൂടി മുന്നേററമായി അദ്ദേഹം കണക്കാക്കണം. കാലത്തിന്റെ ഗതി ക്രമത്തിൽ നിന്ന് പാഠങ്ങൾ ഉൾക്കൊള്ളുകയും അതിനെപററി ശാസ്ത്രീയമായ ബോധംവെച്ചു പുലർത്തുകയും വേണം.

# സാഹിത്യത്തിന്റെ ഭരണഘടന

എൻ. പി. കുഞ്ഞിരാമൻ, III B. A.

ജീവിതം പരിവർത്തനപ്രധാനമാണ്. ജീവിതാവലംബിയായ, ജീവിതത്തിന്റെ ഈററില്ലമായ സാഹിത്യവും പരിവർത്തനപ്രധാനമാണ്. തന്മൂലം സാഹിത്യത്തിലെ ചിരന്തനമായ സാഹിത്യദർശനങ്ങൾ ഇന്നത്തെ പുതുവെളിച്ചത്തിൽ പൊളിച്ചെഴുതപ്പെടേണ്ടവയാണെന്ന് വിപ്ലവമായി വാദിക്കുന്നവർ വർദ്ധിച്ചുവരുന്ന കാലഘട്ടമാണിത്. ചിന്തയും ഭാവനയും അനുഗ്രഹിക്കാത്ത ആശയപ്രകാശനങ്ങളായി തരം താണുപോകുന്നു. സാഹിത്യവ്യവസായത്തിന് കിട്ടുന്ന കമ്പോളമൂല്യം ഈക്കാലത്തെ നേട്ടമായെണ്ണാം. ജീവിതത്തിന്റെ പരിവർത്തനാത്മകത വാസ്തവത്തിന്റെ ഒരു ലഘുഭാഗം മാത്രമാണെന്നും അപരിവർത്തനീയത അടിസ്ഥാനമായില്ലെങ്കിൽ, പരിവർത്തനങ്ങൾക്ക് പ്രസക്തിയില്ലെന്നും നമ്മുടെ പൊളിച്ചെഴുത്തുബഹളക്കാർ ഓർക്കുന്നില്ല.

## സാഹിത്യം എന്ത്, എന്തിന്?

ആധുനികസാഹിത്യനിരൂപകന്മാർ സാധാരണ എടുത്തു ചോദിക്കുന്ന ചോദ്യമാണിത്. സാഹിത്യകാരന്മാരെക്കൊണ്ട് സ്വയം ലക്ഷ്യം വിസ്മരിപ്പിക്കുന്ന രീതിയിൽ മററതെല്ലാമോ സിദ്ധാന്തങ്ങളും വാദഗതികളും ആക്രമിച്ച് സാഹിത്യകാരനെ കീഴൊതുക്കിക്കഴിഞ്ഞു. ഇത്തരുണത്തിൽ ഉറക്കെ ചിലത് ചിന്തിക്കുന്നത് അനിവാര്യമായിരിക്കും. "നൂതന പ്രവണത"കളുടെ പുതിയ ലേബലൊട്ടിച്ച "സാഹിത്യവിസ്കികൾ" ഇന്ന് സുലഭമാണ്. സാഹിത്യത്തിൽ പ്രവണതകൾ പലതില്ല, പുതുതായിട്ടുമില്ല. അതു ഒന്നേ ഉള്ളൂ, ചിരന്തനവും ശാശ്വതവുമായിട്ട്. പ്രപഞ്ചഘടനയുടെ ചേതനാംശമാണ് മനുഷ്യജീവിതം; തന്നിമിത്തം പ്രപഞ്ചനിയമങ്ങൾക്ക് വിധേയമാണ് ജീവിതം. കർമ്മസാന്ദ്രമായ മനുഷ്യജീവിതത്തിന്റെ ഭാവനാകർമ്മമായ അംശമാണ് സാഹിത്യം. അനാരതചലനയായ പ്രകൃതിയാണ് ജീവിതത്തിന്നാലംബം. ചലനം അസംതൃപ്തിയുടെ, അപൂർണ്ണതയുടെ ബാഹ്യപ്രകടനമാണ്. അഥവാ സംതൃപ്തിയിലേക്കുള്ള, പൂർണ്ണതയിലേക്കുള്ള അനുസ്യൂതപ്രയാണമാണത്. ജീവിതത്തിന്റെ പരിപൂർണ്ണത അനുഭവാനുഭൂതികളിൽ ദർശിക്കുന്നു. ആത്മാവും അഥവാ ഹൃദയവും ബാഹ്യലോകവും തമ്മിൽ നടക്കുന്ന ബോധപൂർവ്വകമായ സമ്പർക്കം അല്ലെങ്കിൽ സംഘർഷണമാണ് ജീവിതം. ആ സംഘർഷണമാണ് ഊഷ്മളവും ദീപ്തവുമായ അനുഭൂതിയുടെ ഉറവ്. സത്യത്തിന്റെയും ജ്ഞാനത്തിന്റെയും സംയോജന പരിശ്രമം, പരമലക്ഷ്യമായ ജീവിതത്തിന്റെ പരമാർത്ഥാവസ്ഥയിലേക്ക്, പരിപൂർണ്ണതയിലേക്ക് നയിക്കുന്നു. ആ നിരുപമപദവിയിലേക്ക്, നിർവൃതിമണ്ഡലത്തിലേക്ക് മനുജഭാവനയെ ഉയർത്തി വിശ്രമംകൊള്ളിക്കുകയാണ് സാഹിത്യത്തിന്റെ പരാൽപരമായ കർത്തവ്യം. ചുരുക്കത്തിൽ കല മനുഷ്യനെ പൂർണ്ണതയിലേക്ക് നയിക്കുന്നു. കലാചാര്യനായ ടോൾസ്റ്റോയി ഇതിനെ ഇങ്ങനെ സമർത്ഥിക്കുന്നു. "കല പൂർണ്ണതയിലേക്കുള്ള മനുഷ്യവർഗ്ഗത്തിന്റെ പുരോഗമനത്തിന്റെ ആവിഷ്കരണപദ്ധതികളിലൊന്നാണ്." സഹസ്രാബ്ദദീർഘമായ ലോകചരിത്രം പൂർണ്ണതയിലേക്കുള്ള പദംപദമായുള്ള, യാത്രയാണ്. ശാസ്ത്രവും മതവും എല്ലാം പൂർണ്ണതയിലേക്കുള്ള വഴികളാണെങ്കിലും ലളിതകലകൾ, വിശിഷ്യ സാഹിത്യം ലക്ഷ്യത്തിലേക്കുള്ള ഘണ്ടാപഥമാണ്. കലയുടെ ഉള്ളു തുറന്നുകണ്ട കലാചാര്യന്മാരുടെ അഭിപ്രായത്തിൽ മറെറല്ലാ ഉദ്ദേശങ്ങൾ ബാഹ്യങ്ങളും ഘടകങ്ങളും മാത്രമാണ്. അതിനാൽ സാഹിത്യത്തിന്റെ ഏകചിരന്തനപ്രവണത പരിപൂർണ്ണതയാണ്, പ്രപഞ്ചൈക്യബോധമാണ്.

## ജനകീയവാദം

ജീവിതത്തിന്റെ മണ്ഡലങ്ങളിലെല്ലാം ജനകീയത്വം സ്ഥാപിച്ചെടുക്കുവാൻ ആധുനികമനുഷ്യൻ വെമ്പുന്ന കാലമാണിന്ന്. വ്യക്തിയുടെ ഇംഗിതം മുതൽ രാഷ്ട്രങ്ങളുടെ ബന്ധംവരെ, രാഷ്ട്രീയവും സാമുദായികവും കൌടുംബികവുമായ പരിവർത്തനം കൂടി ജനകീയച്ചൂളയിൽക്കൂടി മാത്രമേ പാടുള്ളൂവെന്ന അവകാശവാദം മനസ്സുമടുക്കുവോളം കേട്ടുകഴിഞ്ഞു. സാധാരണക്കാരന്ന് മനസ്സിലാവാത്തതൊന്നും സാഹിത്യമല്ല. അതിനാൽ സാഹിത്യകാരൻ കാവ്യശിലോച്ചയത്തിൽ

നിന്നും സാധാരണക്കാരന്റെ അടുത്തേക്ക് ഇറങ്ങിവരേണമെന്ന് ഇക്കൂട്ടർ വാദിക്കുന്നു. സാഹിത്യകാരന്റെ അനർഘരത്നങ്ങൾ സാധാരണക്കാരന്റെ തമ്പാക്ക് നാണ്യങ്ങളായി മാററണമെന്നുള്ള താക്കീത് ക്രൂരമാണ്, അപലപനീയവും കൂടിയാണ്. സാധാരണക്കാരന് മനസ്സിലാക്കാൻ കഴിവില്ലെന്നു സൂചിപ്പിക്കുന്നതുപോലും അവന് അപമാനമാണ്. ഏതു നിലവാരത്തിലുള്ള സാഹിത്യവും സാധാരണക്കാരനാസ്വദിച്ചുകൊള്ളും. സാധാരണക്കാരന്റെ ഭാഗത്തുനിന്ന് നമുക്ക് വാദിക്കാം: കലാകാരന്മാരെന്നു പറയുന്നവരുടെ കഴിവുകേടിൽ നിന്ന് നമ്മുടെ സാഹിത്യം വിമുക്തമാകട്ടെയെന്ന്. കവികൾ ഹിമാലയനിരയിലെ ശിഖരങ്ങളാണെങ്കിൽ, വായനക്കാർ അതിലെ ചെങ്കുത്തായി നില്ക്കുന്ന പാറകളോടുകൂടിയ ഉന്നതപീഠഭൂമികളാണ്.

## സാമുദായിക പശ്ചാത്തലം

സാമൂഹ്യവും സാമ്പത്തികവുമായ പശ്ചാത്തലം ഇന്നൊരു കൃതിമവിലയിരുത്തുന്നതിൽ സർവ്വപ്രധാനമായി പരിഗണിക്കപ്പെടുന്നു. സാമൂഹ്യവും സാമ്പത്തികവുമായ കാര്യങ്ങളെത്തന്നെയാണ് പണ്ടുകാലത്തും കവികൾ കൈകാര്യം ചെയ്തിരുന്നത്. പക്ഷെ അവരും നാമും തമ്മിൽ വ്യക്തമായ വ്യത്യാസമുണ്ട്. അവർ സാമൂഹ്യപദത്തെ നിഷ്കൃഷ്ടവും വിപുലവുമായ അർത്ഥത്തിൽ എടുത്തു കൈകാര്യം ചെയ്തു. നാമാകട്ടെ നമ്മുടെ പരിമിതികൾക്കും വിശ്വാസപ്രമാണങ്ങൾക്കുമനുസരിച്ച് സങ്കുചിതവും വിഭാഗീയവുമായ അർത്ഥത്തിൽ മാത്രം വീക്ഷിക്കുന്നു. കാവ്യം കാലത്തിനേലാണ് കരുന്നത്. ഇന്നലെയുടെ അടുക്കുകളിൽ നിന്ന് അതു പ്രചോദനമുൾക്കൊള്ളുന്നു. ഭാവന, ഇന്നത്തെ അർത്ഥവത്തായ വ്യതിയാനങ്ങളിൽ നിന്നും നാളത്തെ സംഭാവ്യമായ നൂതനകളിലും വ്യാപിച്ചു വിശ്രമംകൊള്ളുന്നു. മാത്രമല്ല, ആയിരമായിരം അനുഭവങ്ങളിൽ നിന്നു കിട്ടിയ വെളിച്ചത്തിൽക്കൂടി നാളെയുടെ അഭികാമ്യമായ രൂപം പണിതുവെക്കുന്നതിനും അതു കടപ്പെട്ടിട്ടുണ്ട്. കേവലം കാലകൃതവും ദേശകൃതവുമായ പരിമിതികളേയും പ്രശ്നങ്ങളേയും നിരാകരിക്കേണ്ടതു് കലയുടെ പാവനസാക്ഷാത്കാരത്തിന് ആവശ്യമാണ്. എന്നാൽ കുന്നിപ്പൂകൂടിയുള്ള ഏതൊയും വിശാലവും സമുന്നതവുമായ ജീവിതദർശനത്തെ ഉൾക്കൊണ്ട്, അവയിൽ ചുഴന്നിറങ്ങി, ഭാവിയെ ഹൃദയംഗമമായി രൂപപ്പെടുത്തുന്ന നിസ്തുലസേവനം കലാകാരൻ വിസ്മരിക്കരുത്. അതേ അവസരത്തിൽ, "ഞാൻ സമുദായത്തെ നന്നാക്കാൻ കവിതയെഴുതുന്നു" എന്നുൽഘോഷിക്കുന്ന വ്യക്തിയുടെ അല്ല കവിയുടെ ധാർഷ്ട്യതയെ ശക്തിയായി ചോദ്യം ചെയ്യേണ്ടതാണ്. ഒരു കലാകാരന്റെ പേനത്തുമ്പിലൂടെ മാതൃസമുദായം ഒഴുകിപ്പോകുമെന്നു കരുതുന്നതു് വ്യാമോഹമാണ്.

സാമൂഹ്യജീവിതത്തിന്റെ പ്രതിഫലനമല്ലാത്ത കല കലയാവില്ലെന്ന് പറയുന്നതു് ശരിയാവില്ല. കഥകളിക്ക്—കേരളത്തിൽ പൊട്ടിവിരിഞ്ഞ് പശ്ചിമാബ്ധിയും പശ്ചിമഘട്ടവും കടന്നു മറഞ്ഞു ഭൂഖണ്ഡത്തിന്റെ നാലതിരും നടന്നുകണ്ട് ലോകപ്രശംസ കൈനിറയെ വാങ്ങി മടങ്ങിവന്ന കേരളത്തിന്റെ ആ അനർഘകലാസംഭാവന—ഇന്നത്തെ സാമൂഹ്യജീവിതവുമായിട്ടെന്താണൊരു പൊരുത്തം? ഭൂസ്ത്രാശനനും ദുര്യോധനനും കേരളത്തിലുണ്ടായിട്ടില്ല. അങ്ങനെ സാമൂഹ്യസ്പന്ദനമില്ലാത്ത കഥകളി ലോകോത്തരകലയായി അഭിഷേകം ചെയ്യപ്പെടാമെങ്കിൽ സാമൂഹ്യജീവിതപ്രതിഫലനം കലയുടെ പ്രാണവായുവല്ലെന്ന് വ്യക്തമാണ്. എന്നാൽ സാമൂഹ്യബോധത്തിന്റെ ചലനം അതിൽ സ്പഷ്ടമായി കാണാം. കലാവിദ്യയുടെ രൂപവും അതിൽ നിഴലിക്കുന്നു. ഒരു മരംകൊണ്ട് ഒരു ഉപയോഗം മാത്രമേയുള്ളവെന്നു വാദിക്കുന്നതുപോലെയാണ് സാമൂഹ്യജീവിതം പ്രതിഫലിപ്പിക്കുന്നതേ കലയാവുകയുള്ളവെന്ന് പറയുന്നതു്. പല ജീവിതമണ്ഡലങ്ങളിലും മനുഷ്യൻ വ്യാപരിക്കുന്നുണ്ട്.

ആനുഷംഗികമായി ഒരു കാര്യംകൂടി. അടുത്ത കാലത്തായി ഒരു 'പുത്രപ്രവണത' ഉടലെടുത്തിട്ടുണ്ട്—വളരുന്ന ശക്തിയെ വളർത്തുകയും തളരുന്ന ശക്തിയെ തകർക്കുകയും—മഹത്തായ കലയെ ഇത്തരം "മാർക്സിയൻ കുറവടി"കളെക്കൊണ്ട് അളന്നുനോക്കാൻ ശ്രമിക്കുന്നവർ, എതിപ്പി

നേക്കാൾ അനുകമ്പയാണർഹിക്കുന്നത്. വിവിധവർണ്ണോജ്ജ്വലവും വികസ്വരവുമായ 'ജി'യുടെ ഭാവനാസന്താനം—"മഴവില്ല്"—, അലോകാനന്ദപ്രദായിനിയും ആപാദമധുരവുമായ "ശ്രീ"യുടെ കവിതാസുധ—"മാമ്പഴം"—രവിവർമ്മയുടെ ഉത്തമകലാസൃഷ്ടികൾ ഇവയെല്ലാം കേട്ടിട്ടും കണ്ടിട്ടും ആസ്വദിച്ചിട്ടും അതിലെ വളരുന്ന ശക്തിയേതെന്നും തളരുന്ന ശക്തിയേതെന്നും മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. ഒരു കലോപാസകനും സാഹിത്യരസികനും ഏതു കലാശില്പത്തിന്റെയും മുമ്പിൽപോയിട്ടും ഇതിലെ വളരുന്ന ശക്തിയേത് തളരുന്ന ശക്തിയേത് എന്നു ചോദിക്കാനുള്ള ധാർഷ്ട്യം ഇന്നോളം കാണിച്ചതായി അറിവില്ല. ലോകത്തിന്റെ ലാവണ്യജ്യോതിസ്സെന്നു പ്രകീർത്തിക്കപ്പെട്ട താജ്മഹാളിന്റെ മുമ്പിൽചെന്ന്, അതിനു ചിലവായ ധനവും വിയർപ്പും കണക്കുകൂട്ടുന്ന മനുഷ്യൻ ആരായാലും സൌന്ദര്യാരാധകനല്ല. സാമ്പത്തികാധിഷ്ഠിതമായ ഭൌതികപ്രഭാവത്തിന്റെ മത്തുപിടിച്ച പടക്കുതിരകളുടെ പുറത്തുകയറി സഞ്ചരിക്കുന്ന ഒരു ശുഷ്കഹൃദയനാണ്.

## ലക്ഷ്യം, സൌന്ദര്യം

രാഷ്ട്രീയ-സാമ്പത്തിക-സാംസ്കാരിക സമത്വസ്ഥാപനസമരമാണ് സാഹിത്യംകൊണ്ട് നിർവ്വഹിക്കപ്പെടേണ്ടതെന്ന് ഉറച്ചു വിശ്വസിക്കുന്നവരുണ്ട്. ഒററവാക്കിൽ, സോഷ്യലിസ്റ്റ് വ്യവസ്ഥിതിയാണ് സാഹിത്യലക്ഷ്യമെന്ന്. സാഹിത്യം, ജീവിതത്തിന്റെ കണ്ടകാകീർണ്ണങ്ങളും ശിലാദുർഗ്ഗമങ്ങളും മാലിന്യനിബിഡങ്ങളുമായ എല്ലാ പര്യാകുലമായ പര്യന്താവസ്ഥകളിലൂടെയും കുതിച്ചൊഴുകണം. പക്ഷെ, അനതിവിദൂരമായ ലക്ഷ്യം വിസ്മരിക്കപ്പെടരുത്. മണലാരണ്യത്തിൽ ചെന്നെത്തി വററിവരണ്ടുണങ്ങുന്ന നദിയല്ല സാഹിത്യം. അത് മനുഷ്യചിത്തത്തെ പരമാത്മാവസ്ഥയുടെ നിസ്സീമസാഗരത്തിലെത്തിക്കണം. ജീവിതം സോഷ്യലിസത്തിൽ ചെന്നു തറച്ചുനില്ക്കുമെന്നു കരുതുന്നത്, ഇന്നേവരെ ചരിത്രത്തോട് തീണ്ടലാചരിച്ചവരുടെ മൂഢവിശ്വാസമാണ്. ഒരു തൊഴിലാളിഭരണത്തിലൊ ഡിമോക്രസിയിലൊ എത്തി വളച്ചു മുട്ടുന്ന ജീവിതം നമുക്ക് ഊഹിക്കുകപോലും വയ്യ. അപ്പോൾ സാഹിത്യത്തിന്റെ ലക്ഷ്യം സോഷ്യലിസ്റ്റ് സ്ഥാപനസമരമാണെന്ന അർദ്ധസത്യപ്രലപനത്തിന്റെ ഊന്നുവടി നാളെയുടെ പുലരി തട്ടിത്തെറിപ്പിക്കും.

ധർമ്മോപദേശങ്ങൾ കേൾക്കുന്നതിനോ, സത്യവിശദീകരണം തേടുന്നതിനോ, വിപ്ലവപരിപാടികൾ പഠിക്കുന്നതിനോ അല്ല നാം സാഹിത്യത്തെ ആശ്രയിക്കുന്നത്. സൌന്ദര്യബോധമാണ് കലയുടെ കാതൽ. ഭാവനയെ ഉദ്ദീപിപ്പിക്കുന്നതും വികസ്വരമാക്കുന്നതും സൌന്ദര്യബോധമാണ്. ബാഹ്യലോകത്തിലുള്ള വിക്ഷോഭകരവും സമുത്കർഷകവുമായ പ്രതിഭാസങ്ങൾക്ക് തുല്യമായ, ഒരുപക്ഷെ അതിലും വിമോഹനമായ ഊട്ടററ പ്രതിഭാസങ്ങളെ മനോമണ്ഡലത്തിൽ കലാകാരൻ നെയ്തെടുക്കുന്നു. ഈ എതിരില്ലാത്ത പ്രതിഭാസങ്ങൾ, അതിരില്ലാത്ത കാലത്തിലും ദേശത്തിലും മടിയും പേടിയും കൂടാതെ കടന്നുചെന്ന് അനുഭൂതി വിളയിക്കുന്നു. ഈ അനുഭൂതി ജീവിതപ്രശ്നങ്ങളുടെ നേരെ കണ്ണടക്കുന്നില്ല. ജീവിതോപായങ്ങൾ തേടി അലയുന്നവനെ വ്യാകുലതയിൽനിന്ന്—വ്യഗ്രതയിൽനിന്ന്—വിമോചിപ്പിച്ച്, നിപുണമായ ഭാവനാവ്യാപാരത്തിൽ നിന്നുദിക്കുന്ന സൌന്ദര്യദർശനത്തിൽ—ആത്യന്തമായ ഉപേയത്തിൽ—എത്തിക്കുന്നു. സൌന്ദര്യം ഫലത്തിലേക്കു നയിക്കുന്ന സോപാനമല്ല, സ്വയം ഫലരൂപമാണ്. സ്വതന്ത്രമായ അനുഭൂതികളുമായി ഇടപഴകി അവയെക്കൊണ്ടു സ്വജീവിതത്തിന് ഉജ്ജീവനം നല്കിക്കൊണ്ടാണ് അനുവാചകൻ സാഹിത്യത്തിലൂടെ പുരോഗതി കൈവരുത്തുന്നത്. കലാകാരന്റെ സദ്ഗുണപ്രവണമായ ജീവിതദർശനം, ബോധമണ്ഡലത്തിൽ പുത്തൻ പുത്തൻ ചക്രവാളങ്ങളെ ഉന്മീലനം ചെയ്യുന്നു. സംസ്കാരത്തിന്റെ ഉറവിടമായ കുലീനഭാവനയെ ഉത്തേജിപ്പിക്കുന്നതുകൊണ്ട് സാഹിത്യം ചരിതാർത്ഥമാകുന്നു. ജീവിതത്തെ ആകെക്കൂടി വിശാലവും അഗാധവും ഭാവപ്രവണവുമാക്കിത്തീർത്താണ് സാഹിത്യം സ്വധർമ്മം അനുഷ്ഠിക്കുന്നത്.

## ആശയമല്ല, അനുഭൂതി

കവിത ഹൃദയത്തിന്റേതാണ്, ബുദ്ധിയുടേതല്ല. ആശയത്തിൽനിന്നല്ല അനുഭൂതിയിൽനിന്നാണ് കവിത ഉറക്കുന്നതു്. പുരോഗമനത്തിന്റെ അസ്ഥിവാരപ്രമാണങ്ങളിലൊന്ന്, ചുററുപാടിൽനിന്നും ആവേശമുൾക്കൊണ്ട് കലാകാരന്മാർ കാവ്യനിർമ്മിതി ചെയ്യണമെന്നാണല്ലോ. എന്നാൽ ഈ ആവേശമോ അതു നല്കുന്ന ഉൽക്കടവികാരമോ കവിതയാകുന്നില്ല. വികാരവും വിചാരവും എല്ലാംതന്നെ കലാരൂപമായി സാത്മ്യം പ്രാപിച്ചെങ്കിലേ കവിതയാവുകയുള്ളൂ. ശ്രീ. നാരായണമേനോൻ തന്റെ പ്രാണപ്രേയസി മരണമടഞ്ഞ ഉടനെ, പേനയുമെടുത്തു കവിതാരചനയ്ക്കൊരുങ്ങിയിരുന്നെങ്കിൽ 'കണ്ണുനീർത്തുള്ളി'യായിരുന്നില്ല മലയാളഭാഷക്കു കിട്ടുക. ഉൽക്കടവികാരം ഹൃദയതന്ത്രിയെ മീട്ടുന്നതിനു പകരം അതിനെ മൂകമാക്കുകയാണുണ്ടാവുക. കുമാരനാശാൻ അസന്ദിഗ്ദ്ധമായ ഭാഷയിൽ ഇതു് വ്യക്തമാക്കുന്നുണ്ട്. 'പ്രരോദന'ത്തിന്റെ മുഖവുരയിൽ "ശ്രീ എ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാന്റെ ഹൃദയാരുന്തുദമായ ചരമവൃത്താന്തമറിഞ്ഞപ്പോൾ ഹൃദയം മരവിച്ചുപോയി. പല പ്രധാന വർത്തമാനക്കടലാസുകാരും മാസികക്കാരും മാമൂലനുസരിച്ചു ചരമപദ്യങ്ങൾ ആവശ്യപ്പെട്ടുതുടങ്ങി. അതു് അധികം മർമ്മഭേദകമായിട്ടാണ് തോന്നിയതു്. ഒരക്ഷരം എഴുതാൻ എനിക്കു കഴിഞ്ഞില്ല. ........................തിരുമേനിയെക്കുറിച്ചുള്ള സ്മരണകളും ചിന്തകളും ബഹുമുഖമായി വർദ്ധിച്ചു. അവ തിങ്ങിത്തിരുങ്ങി മനസ്സു കേവലം അസ്വാസ്ഥമായിത്തീർന്നു. ഒടുവിൽ ഒരു ചരമകാവ്യമെഴുതി ഈ ഹൃദയഭാരം ലഘൂകരിക്കാൻ തീർച്ചയാക്കി.' ഈ 'അസ്വാസ്ഥത'യാണ് കവിത; അതാണ് 'പ്രരോദനം'. ഹൃദയാരുന്തുദമായ വികാരങ്ങളുടെ വിജൃംഭണം കാവ്യജ്ഞാനത്തിനു വേണ്ട ചൂടും വെളിച്ചവും നല്കുന്നു. വികാരാധിക്യത്തിന്റെ തിരത്തള്ളൽ പ്രശാന്തതയിലൂറിനില്ക്കുമ്പോഴാണ് കവിത ജനിക്കുന്നതെന്നു വേഡ്സ്‌വർത്ത് പറയുന്നു. (Emotion recollected in tranquillty)

ആശയം ബുദ്ധിയുടേതാണ്, ശാസ്ത്രമാണ് അതിന്റെ വാഹിനി. സാഹിത്യം ആശയങ്ങളുടെ ലോകത്തിലൂടെ സഞ്ചരിപ്പാൻ പററിയതല്ല. അലങ്കാരംകൊണ്ടു മോടി പിടിപ്പിച്ചാലും, സംഗീതമാധുരികൊണ്ട് ഇമ്പം കൂട്ടിയാലും ഒരാശയവും സാഹിത്യമാകുന്നില്ല. നേതാക്കന്മാരുടെ മൈതാനപ്രഭാഷണങ്ങളും വിപ്ലവാഹ്വാനങ്ങളും പുരോഹിതപ്പരിഷകളുടെ ധർമ്മാചരണപ്രബോധനങ്ങളും സാഹിത്യത്തറവാട്ടിൽ പിറന്നവയായി ഇന്നേവരെ ഗണിക്കപ്പെട്ടിട്ടില്ല. സാഹിത്യമാകുന്ന കൈവഞ്ചിയെ ആശയങ്ങളുടെ മഹാസമുദ്രത്തിലേക്കു നയിക്കുന്നത് സാഹിത്യത്തിന്റെ ആത്മസത്തയെ കരുതിക്കൂട്ടി വഞ്ചിക്കലാണ്. സാഹിത്യം അനുഭൂതികളുടെ അമൃതവാഹിനികളിലേക്കുള്ള മുടങ്ങാത്ത, മടുക്കാത്ത ഒരു തീർത്ഥാടനമാണ്. ഹൃദയത്തിന് അനുഭവിച്ചറിയാവുന്ന മൂല്യങ്ങളായി, അതിവിശിഷ്ടങ്ങളായ അനുഭൂതികളായി പ്രപഞ്ചത്തെ വീക്ഷിക്കുവാനും, ജീവിതത്തെ രൂപാന്തരപ്പെടുത്തുവാനും കല പ്രയോജകീഭവിക്കണം. പുതിയ പരീക്ഷണനിരീക്ഷണങ്ങൾക്ക് കലാകാരൻ ഉത്തരവാദിയാണ്. ചില 'ഇസ'ങ്ങളുടെ ആക്രമണവും, അർത്ഥശാസ്ത്രസിദ്ധാന്തങ്ങളേയും മനശ്ശാസ്ത്രതത്വങ്ങളേയും ആസ്പദമാക്കി ദാരിദ്ര്യം ഭോഗലാലസത എന്നിത്യാദി വിഷയങ്ങളെക്കുറിച്ചുള്ള കവിതകളുടെ പ്രളയവും നമ്മുടെ സാഹിത്യത്തിന്റെ ആത്മാവിനെ ഞെക്കി ഞെരുക്കുന്നുണ്ട്. ആശയങ്ങളുടേയും സിദ്ധാന്തങ്ങളുടേയും സാമ്രാജ്യത്തിലല്ല അനുഭൂതിയുടെ മണ്ഡപത്തിലാണ് സാഹിത്യകാരൻ 'ആത്മപരീക്ഷണ'ങ്ങൾ നടത്തേണ്ടതു്. ആവേശം കൊടുമ്പിരിക്കൊണ്ടാലും ആശയനിർഝരി കുലം കുത്തിപ്പൊളിച്ചൊഴുകിയാലും അനുഭൂതിയുടെ അനുഗ്രഹമേററിട്ടില്ലെങ്കിൽ, അനുഭൂതി പകർന്നുകൊടുക്കുന്നില്ലെങ്കിൽ സഹൃദയന്റെ ഹൃദയത്തിൽ യാതൊരു ചലനവും സൃഷ്ടിക്കുകയില്ല. അതിനാൽ ശാസ്ത്രസിദ്ധാന്തങ്ങളുടെ വാലിൽ തൂങ്ങാതെ അന്തരാത്മാവിന്റെ ആഭിമുഖ്യം അംഗീകരിച്ചു, ആത്മാവിഷ്കരണമായും ആത്മാർപ്പണമായും ചെയ്യുന്ന കാവ്യസമിതിയേ ലോകോത്തരമാവുകയുള്ളൂ. അത്തരം കലാസൃഷ്ടിക്കാണ് കൈരളി കൈ നീട്ടുന്നതു്.

# Sir Syed Ahmed Khan

*K. Raghavan Nambiar, III B. A.*

There is none among Indians who has not heard of Sir Syed Ahmed Khan, the founder of Aligarh Muslim University and his brief biography is worth studying. He was born on the 17th October 1817 in an aristocratic Muslim family at Delhi. His ancestry can be traced back to the family of Prophet Mohamed. It was during the reign of Shah Jahan that the ancestors of Ahmed Khan crossed the frontiers of Persia and settled down at Delhi. Both his paternal and maternal relations were highly educated scholars, efficient administrators and able generals who had the fortune of serving under both the Mughal and British rulers. Ahmed Khan was thus born in a family which had established high traditions behind it.

At a very early age he took up his studies in earnest. After studying the Koran he laid his hand on mastering Urdu, his mother-toungue from a village school. After that he studied Persian language and subjects like Astronomy and Medicine. He was only 19 years old at this time. Even though he had anticipated a happy-go-lucky life, the tide of fortune turned against him by the premature death of his father and brother, under whose protection and care he had grown up to be a promising youth. When he was young he was fully aware of the low social, economical and educational status of his own brethren and he resolved himself to raise it to the best of his ability. But all his fond hopes were shattered to pieces with the death of his father and brother. This made him lead the life of a cynic and he grew a beard and dressed in simplicity.

In those days it was very difficult to get employed under the British rulers especially for those who were ignorant of the English language. Ahmed Khan was no exception to this. However he acquired some knowledge of English by his own efforts and procured a humble job in the government. But it did not take him much time to outshine himself with efficiency in discharging his duties. By dint of his abilities he rose to the position of a Munsiff and in this capacity he remained in office for a considerable time at Delhi. Even though he was busy with his official duties he could find sufficient time to devote to literary pursuits and it was during this time that he studied

Arabic. One of his books written at this time had drawn the attention of the Royal Asiatic Society of England and they fittingly honoured him by accepting him as an honorary member of the Society. In 1855 he was promoted to a still higher post in the government.

During those days the slumbering nationalistic enthusiasm among the Indians was raising its head, to break the shackles of bondage of our country from the British imperialistic domination. This smouldering flame of national discontent burst into flame and spread like a wild fire throughout the country with the outbreak of the great Indian Mutiny of 1857. Ahmed Khan was shocked to see the devastation caused by the mutinity and the massacre of the Englishmen by Indians and he had to risk his own life on many occasions to save the lives of many Englishmen. He was a man who had great regard for the Britishers and he expected that their regime would continue in India for a long time. So he felt that it was his responsibility to strive for the peaceful settlement of the great upheval which had put the country in the lurch. Many of the sponsors and organisers of the mutiny were his thick friends and he persuaded them to abstain from such anti-British activities which were detrimental to the general interests of the country. These meritorious services rendered by Ahmed Khan were appreciated by the British Government and he was knighted in the succeeding year. Further he was also offered a 'jagir' to the value of two laks of rupees as a reward for his services which he refused to accept on the strict principle that his services were not for money but only a humanitarian duty.

When the tense atmosphere cooled down, his attention was turned towards the renovation of his own degenerated Muslim community in India. He was put to shame when he saw the pitiable conditions of his brethren. He knew that without imparting proper education to the Muslims it was not possible for them to overcome their educational, social and political disabilities. So Ahmed Khan decided to fight tooth and nail these evils of the Muslims and to bring them up as worthy citizens of India. He realised that the main defects of his community were the superstitious beliefs and the lack of proper education. To ameliorate these shortcomings, he started two 'madrasas', one at Muradabad and another at Chazipur for teaching English to the Muslims. It was during this time that he made an interpretation of the Holy Bible and published a book on Homeopathy.

In 1869 he undertook a journey to England and other European countries. He made use of this opportunity to clear the misunderstandings the Englishmen had about Indian Muslims. In this connection he wrote several books and pamphlets on Prophet Muhamed and many of them were translated into English. He visited Queen Victoria and several top-ranking statesmen of England. But what impressed him most in England were the educational methods adopted in the great universities of Oxford and Cambridge. In 1870 he returned to India with high hopes of starting a similar institution in India. It was his sincere labour in this direction which ultimately bore fruit with the establishment of the Aligarh Muslim University in 1921.

